# സുന്നി അഫ്കാർ

2011 ജനുവരി 19 | 14 സ്വഫർ 1432| പുസ്തകം 01 ലക്കം 19




ജാമിഅഃയിൽ നിന്നും പഠനം പൂർത്തിയാക്കി ഇന്ത്യയിലെയും വിദേശങ്ങളിലെയും സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്താൻ സാധിക്കും. അതിനുവേണ്ടിയുള്ള പരിശ്രമത്തിലാണിപ്പോൾ ജാമിഅ. നിഷ്കപടമായ പരിശ്രമങ്ങൾ വിജയിക്കുമെന്നത് തീർച്ചയാണ്

## ജാമിഅ സംഭാഷണം

08 പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ/ ഹസൻ ടി കരുവാരകുണ്ട്

ബൗദ്ധികവും സർഗാത്മകവുമായ മുന്നേറ്റത്തിനു സമന്വയ സ്ഥാപനങ്ങൾ അനിവാര്യമായതു പോലെ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ അഭിമാനകരമായ നിലനിൽപ്പിനു മതവിജ്ഞാനങ്ങളിൽ കൂടുതൽ അവഗാഹം നേടിയ പണ്ഡിതൻമാരും ആവശ്യമാണ്

## ജാമിഅ, കാലം

13 അൻവർ സാദിഖ് ഫൈസി താനൂർ

“അറബിക് കോളേജിൽ ഉപരിപഠനം നടത്തുകയെന്നത് ഉൽക്കടമായ ആഗ്രഹമായിരുന്നു. പുറംലോകത്തെ ബിരുദം മാത്രം സ്വപ്നം കണ്ടിരുന്ന വിദ്യാർത്ഥികളുടെ മനസാന്തരങ്ങളിൽ സന്തോഷത്തിന്റെ തെന്നലായിരുന്നു പട്ടിക്കാട്ടെ ജാമിഅഃയുടെ രൂപീകരണം”

## ഓർമ സംഭാഷണം

18 ശൈഖുനാ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ/ സലാം എം കൂട്ടാലുങ്ങൽ, മുജീബ് റഹ്മാൻ മോങ്ങം

താൽക്കാലികമായ പ്രസ്ഹാർവെസ്റ്റിനു വേണ്ടി എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടുന്നതിനപ്പുറം ദീർഘവീക്ഷണത്തോടെയുള്ള ധൈഷണിക സംഘാടനമാണ് ലക്ഷ്യമാക്കുന്നത്. ബഹളങ്ങൾ അവിടെ നിൽക്കട്ടെ. ജനത അനുഭവിക്കുന്ന എല്ലാ പൊതുപ്രശ്നങ്ങളിലും ഇനിയും ഊർജ്ജസ്വലതയോടെ എസ്കെഎസ്എസ്എഫ് വളരെ വ്യത്യസ്തവും സക്രിയവുമായ നിലയിൽ ഇടപെടും

## നിയോഗം, നിലപാട്

24 ഓണമ്പിള്ളി മുഹമ്മദ് ഫൈസി/ ശുഐബ് നഫീസ് വാരാമ്പറ്റ

വായനക്കാരുടെ എഴുത്തുകൾ ● എഡിറ്റോറിയൽ ● വാർത്തകൾ ● വിചാരപഥം



മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി



വില 5 രൂപ



സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# ചാലിലകത്ത് വിശേഷപതിപ്പ് ആദർശ ചരിത്രത്തിന്റെ ശുദ്ധി

**മുഹ്‌യുദ്ദീൻ മൂന്നിയൂർ**
തിരൂരങ്ങാടി, മലപ്പുറം

**സു**ന്നി അഫ്കാർ വിശേഷപതിപ്പ് ഗംഭീരമായിരുന്നു. കേരള ഉലമാക്കളുടെ മുഴുവൻ ഗുരുവര്യരായ മൗലാനാ ചാലിലകത്തിന്റെ ജീവിതവും മതവൈജ്ഞാനിക രംഗത്തെ നിസ്തുലസംഭാവനകളും വെളിപ്പെടുത്തുന്ന ലേഖനസമാഹാരം ചിന്തോദ്ദീപകം തന്നെ. വിദ്യാഭ്യാസ രംഗത്തെ അനിവാര്യപരിഷ്കരണത്തിന്റെ പേരിൽ മൗലാനയെ വാനോളം പുകഴ്ത്തുന്ന കേരള വഹാബികൾ, ആദർശപരമായി തങ്ങളും മൗലാനയും വിരുദ്ധ ധ്രുവങ്ങളിലാണെന്ന സാമാന്യവിവരം അറിയാതെപോയി. ചാലിലകത്തിനെ വായിച്ചിട്ടില്ലാത്ത പൊതുജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്തു മുതലെടുക്കാൻ അറിയേണ്ട പലതും അവർ മൂടിവെക്കുകയായിരുന്നു.

അല്ലെങ്കിലും ചാലിലകത്തിനെക്കുറിച്ച് സംസാരിക്കുവാൻ വഹാബികൾക്കെന്തവകാശം? ബഹുജനങ്ങൾക്ക് മതവിദ്യ നുകർന്നു നൽകുന്ന ഓത്തുപള്ളികളെയും ദർസുകളെയും തനതു രീതിയിൽ നിലനിർത്താൻ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുകയായിരുന്നു ചാലിലകത്ത് ഇവിടെ ചെയ്തിരുന്നത്. എന്നാൽ പള്ളി ദർസുകളെയും മദ്റസകളെയും നശിപ്പിക്കുന്ന തരത്തിൽ കേവല ഭൗതികതയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ പരിഷ്കരണമാണ് വഹാബികൾ നടത്തുന്നത്. അവർ നടത്തുന്ന മദ്റസകൾ പലതും

സൺഡേ ക്ലാസുകളായി മാറിയതും ജംഇയ്യത്തുൽ ഉലമ പോലും അറബി മുൻഷികളുടെ സംഘമായതും മറ്റും വെച്ചുനോക്കുമ്പോൾ രണ്ടു പരിഷ്കരണവും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് ബോധ്യമാകും. മാല മൗലിദുകളോട് വിരോധമുള്ളതു കാരണം അറബി മലയാള ഭാഷയെ തന്നെ പാഠപുസ്തകങ്ങളിൽനിന്ന് അകറ്റിനിർത്തിയ വഹാബികൾക്ക് അറബി മലയാള ലിപിയെ നിലനിർത്താൻ ത്യാഗം ചെയ്ത ചാലിലകത്തിന്റെ പിൻമുറക്കാരാകാൻ അവകാശമില്ല. മൗലാനയുടെ ചിന്തയിൽ വിരിഞ്ഞ ദർസിലോ മദ്റസയിലോ താൻ നടപ്പിൽവരുത്തിയ രീതിയിൽ ഓതിപ്പഠിച്ച ആരെങ്കിലും ഇന്ന് പുത്തൻവഹാബികളിലുണ്ടോ? പിന്നെന്തിന്, തങ്ങളുടെ വീക്ഷണപ്രകാരം തനി 'ശിർക്കൻ' ആചാരങ്ങളുടെ പ്രചാരകൻകൂടിയായിരുന്ന മൗലാനക്കു വേണ്ടി ഇവർ വാദിച്ചുകൊണ്ടിരിക്കുന്നു? ചാലിലകത്ത് ഒരു സുന്നി വിശ്വാസിയായിരുന്നുവെന്ന മൂടിവെക്കപ്പെട്ട സത്യം ബോധ്യപ്പെടാൻ സുന്നി അഫ്കാർ ഉയർത്തിക്കാട്ടിയ ചരിത്രവഴികളെ സമീപിച്ചാൽ മതിയാകും. അതിനുള്ള സന്നദ്ധതയാണ് മുജാഹിദുകൾ കാണിക്കേണ്ടത്. മക്കൾ നമ്മുടെ ആളാണെന്നു വെച്ച് ബാപ്പയും അങ്ങനെയാവുമെന്നത് എവിടുത്തെ ന്യായമാണ്?!

# പാതിവഴിയിൽ വച്ച് അന്വേഷണങ്ങൾ നിന്നുപോകുന്നു

**റഫീഖ് അലി കെപി ആക്കോട്**
വാഴക്കാട്, മലപ്പുറം

**ലോ**ക ഭൂപടത്തിൽ നിർണായക പങ്കാണ് ഇന്ന് ഭാരതത്തിനുള്ളത്. ലോകത്ത് ഏറ്റവും വലിയ ജനാധിപത്യ ശക്തിയായി ഇന്ത്യ അംഗീകരിക്കപ്പെടുന്നുവെങ്കിലും ധാർമിക മൂല്യങ്ങൾക്ക് വൻ ഇടിവ് സംഭവിക്കുന്നത് നാം കാണാതിരുന്നുകൂടാ. രാഷ്ട്രത്തിന്റെ ജനാധിപത്യമൂല്യങ്ങൾ നിലനിർത്തുന്നത് അതത് രാഷ്ട്രങ്ങളിലെ രാഷ്ട്രീയ കക്ഷികൾ, ജുഡീഷ്യറി, സൈന്യം, സർക്കാർ ഉദ്യോഗസ്ഥർ, പിന്നെ ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങൾ എന്നിവയെ ആശ്രയിച്ചാണ്. ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികളുടെ ധാർമികത എന്ന മാരക രോഗം ഇന്ത്യൻ ജനാധിപത്യത്തെ കാർന്നുതിന്നാൻ തുടങ്ങിയപ്പോൾ ആദ്യമായി രോഗം ബാധിച്ചത് രാഷ്ട്രീയത്തെയാണ്. പിന്നീട് അത് വ്യാപിച്ച് സർക്കാർ ഉദ്യോഗസ്ഥർ, സൈന്യം എന്നിവിടങ്ങളിലെത്തി. ഇപ്പോൾ ജുഡീഷ്യറിയും മാധ്യമങ്ങളും അഴിമതിയുടെ മൂടുപടമണിയുന്നു.

സ്വതന്ത്രഭാരതത്തിന് ശേഷം നാം പ്രധാനമായും നേരിട്ടിരുന്ന വെല്ലുവിളികളിൽ ഒന്നായിരുന്നു രാജ്യക്ഷേമം. ഒരൊറ്റ പൗരനെയും അവഗണിക്കാതെ സർവ്വർക്കും ക്ഷേമമാകുന്ന ഒരു മാർഗരേഖയായിരുന്നു ഇന്ത്യയിൽ നിർമിക്കപ്പെട്ടത്. മാർഗനിർദേശക തത്വങ്ങളിൽ ഭരണകൂടങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ ഭരണഘടന അനുശാസിക്കുന്നുണ്ട്. ദാരിദ്ര്യ നിർമാർജനവും സാമ്പത്തിക പുരോഗതിയും യാഥാർത്ഥ്യമാക്കുന്നതിന് ഭരണഘടനയുടെ നിർദേശമുണ്ട്. രാഷ്ട്ര പുരോഗതിയിൽ നിർണായക പങ്ക് വഹിക്കേണ്ടവരാണ് രാഷ്ട്രീയ പാർട്ടികൾ. പൗരന്മാർക്കിടയിൽ സാമൂഹ്യ സാമ്പത്തിക നീതി നടപ്പിലാക്കുന്നതിലും രാഷ്ട്രപുരോഗതിയിലും ഭരണ പ്രതിപക്ഷത്തിന് അതിരില്ലാത്ത ഉത്തരവാദിത്തങ്ങളാണുള്ളത്.

ഇത്തരത്തിലുള്ള രാഷ്ട്രീയ കക്ഷികളുടെ മൂല്യച്യുതിയെയാണ് സമകാലിക സംഭവങ്ങൾ സൂചിപ്പിക്കുന്നത്. കുറച്ചു മുമ്പ് ദേശീയ തലത്തിൽ ഏറെ ശ്രദ്ധയാകർശിച്ച കർണാടകയിലെ കുപ്രസിദ്ധ ഭൂമി ഇടപാടുകളിലൂടെ മുഖ്യമന്ത്രിയും സംഘവും ചേർന്നു കോടികളാണ് കൈപ്പറ്റിയത്. 399 ഏക്കർ സർക്കാർ ഭൂമി അനധികൃത കൈമാറ്റത്തിലൂടെ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നിൽകിയതിന് കർണാടക മുഖ്യമന്ത്രി സർക്കാറിന് നോട്ടീസ് അയച്ചുകഴിഞ്ഞു. തമിഴ്നാട്ടിലും മാനദണ്ഡങ്ങൾ മറികടന്ന് സർക്കാർ ഭൂമി വിതരണം ചെയ്തെന്ന ആരോപണം ഉയർന്നിരിക്കുന്നു. നിരവധി രാഷ്ട്രീയ നേതാക്കൾ, ഹൈക്കോടതി ജഡ്ജിമാർ, സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്ഥലം സമ്പാദിച്ചതിനെതിരെ സന്നദ്ധസംഘടനയായ ഫാക്ട ഇന്ത്യയാണ് രംഗത്തെത്തിയത്. ഭരണപക്ഷത്തിന്റെ അഴിമതിയിലൂന്നിയ സമീപനങ്ങൾക്കെതിരെ ശബ്ദമുയർത്തേണ്ട പ്രതിപക്ഷാംഗങ്ങളും അഴിമതിക്കുരുക്കിൽ കുടുങ്ങുമ്പോൾ ചക്രശ്വാസം വലിക്കുന്നത് ഇന്ത്യൻ ജനാധിപത്യമാണ്.

കോർപ്പറേറ്റ് ഭീമൻമാരും രാഷ്ട്രീയ മേലാളൻമാരും സർക്കാർ ഉദ്യോഗസ്ഥരും തുടങ്ങി വൻമത്സ്യങ്ങളാണ് ഇന്ത്യയെ കാർന്നുതിന്നുന്നത്. ഇത്തരം വൻമത്സ്യങ്ങൾ വലയിലാവുന്നതു വളരെ അപൂർവവും കൂടുതൽ അഴിമതിക്കേസുകളും അന്വേഷണത്തിന്റെ പാതിദൂരം പിന്നിടുമ്പോഴേക്കും സ്തംഭിച്ചുപോകുന്നു.

നൂതനമായ ഭരണവ്യവസ്ഥകളിലൂടെ ജനകീയ ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടവരാണ് സർക്കാർ ഉദ്യോഗസ്ഥർ. കൃത്യവും വ്യക്തവും വികസന മാർഗരേഖകളിലൂടെ രാഷ്ട്രപു

രോഗതിയിൽ നിർണായക പങ്ക് വഹിക്കേണ്ട ഇക്കൂട്ടരും പൊതുഖജനാവ് കൊള്ളയടിക്കുന്നതിൽ ഒട്ടും പിറകിലല്ല. കുപ്രസിദ്ധമായ നോയിഡ കുംഭകോണ കേസിൽ മുൻ ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയെ പ്രത്യേക കോടതി നാല് വർഷം കഠിന തടവിന് ശിക്ഷിക്കുകയുണ്ടായി. വികസന അതോറിറ്റിയായിരിക്കെ കോർപ്പറേറ്റ് ഭീമൻമാർക്ക് വൻവിലയുള്ള സർക്കാർ ഭൂമി പതിച്ച് നൽകി 4700 കോടി രൂപയുടെ അഴിമതിയാണ് ചീഫ് സെക്രട്ടറിയിൽ നിന്നുണ്ടായത്. കേസുമായി ബന്ധപ്പെട്ട് 16 സീനിയർ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യപ്പെടുന്നു. ഉത്തർ പ്രദേശിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കായി ഉച്ചക്കഞ്ഞി പദ്ധതികൾക്കായുള്ള ഭക്ഷ്യവസ്തുക്കൾ മറിച്ചു വിറ്റ് 35,000 കോടിയുടെ കുംബകോണമന്വേഷിക്കാൻ അലഹാബാദ് ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ അനധികൃതമായി ജോലി തരപ്പെടുത്തുകയും ലക്ഷങ്ങൾ കോഴവാങ്ങുകയും ചെയ്ത ഉന്നത ഉദ്യോഗസ്ഥരുടെ സ്ഥിതി വിവരങ്ങൾ നാം അറിയാനിരിക്കുന്നേയുള്ളൂ. ജോലി ഏർപ്പാട് ചെയ്യുന്നതിലൂടെ ലക്ഷങ്ങൾ സമ്പാദിക്കുന്ന വൻ മാഫിയകൾ കേരളത്തിൽ പ്രവർത്തിക്കുന്നുവെന്നാണ് അന്വേഷണങ്ങൾ വ്യക്തമാക്കുന്നത്.



രാഷ്ട്രത്തിന്റെ കാവലാളായ സൈനിക ഉദ്യോഗസ്ഥരും ജനാധിപത്യത്തിന്റെ കാവൽഭടൻമാരായ മാധ്യമങ്ങളും അഴിമതിയിൽ മുങ്ങിയ ഇന്ത്യയുടെ ഭീകരചിത്രമാണ് നമുക്ക് മുന്നിലുള്ളത്. കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികരുടെ വിധവകൾക്കായി മഹാരാഷ്ട്രയിൽ നിർമിച്ച ഫ്ളാറ്റുകളിൽ രാഷ്ട്രീയ നേതാക്കളുടെയും സൈനിക ഉന്നതരുടെയും ആഢംബര ജീവിതം ഈയടുത്ത് വിവാദമായതാണ്. രാജ്യത്ത് ഏറെ കോളിളക്കം സൃഷ്ടിച്ച 2 ജി സ്പെക്ട്രം ഇടപാടിൽ ഉന്നതർക്ക് കൂട്ടുനിന്നത് വൻ കോർപ്പറേറ്റുകളും മുഖ്യധാരാ മാധ്യമങ്ങളുമാണ്. കുപ്രസിദ്ധ ഇടപാടിൽ പൊതുഖജനാവിൽ 1.67 ലക്ഷം കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ(സിഎജി) കണ്ടെത്തിയതോടെയാണ് ഇക്കാലമത്രയും ഇന്ത്യയിൽ നടന്നിട്ടുള്ള വൻ അഴിമതി പൊതുജനമറിഞ്ഞത്. തുടർന്നുള്ള അന്വേഷണങ്ങളിൽ മാധ്യമ തറവാട്ടിലെ ഉന്നതരും രാഷ്ട്രീയ മേലാളൻമാരും കോർപ്പറേറ്റ് ഭീമൻമാരും തമ്മിലുള്ള അവിഹിത ബന്ധങ്ങൾ പുറത്തുവന്നു.

പൊതുഖജനാവിൽ നിന്നും നഷ്ടപ്പെട്ട തുക ഈ ഹിംസ്ര ജന്തുക്കൾ വീതിച്ചെടുത്തതാണെന്നാണ് സമകാലിക സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

കുപ്രസിദ്ധ ഇടപാടിൽ ഭരണപ്രതിപക്ഷങ്ങൾ പാർലമെന്റ് സ്തംഭിപ്പിച്ചും മറ്റും പരസ്പരം പഴിചാരുമ്പോൾ ഇരുപക്ഷത്തിനും രക്ഷക്കെത്തുന്നതും കോർപ്പറേറ്റുകളാണ്. 1.77 ലക്ഷം കോടി രൂപയിൽ 50,000 കോടി രൂപ കോർപ്പറേറ്റ് ഭീമൻ വെളിപ്പെടുത്തിയതോടെ പ്രതിപക്ഷവും നാണം മറക്കാൻ പെടാപാടുപെട്ടു. കുപ്രസിദ്ധ ഇടപാടിൽ മുഖ്യപങ്ക് വഹിച്ച ഒരു ഉന്നത രാഷ്ട്രീയ നേതാവ് തമിഴ്നാട്ടിൽ മാർക്ക് തട്ടിപ്പ് കേസിൽ ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്നും ആരോപണം ഉയർന്നിരിക്കുന്നു.

രാജ്യത്ത് സാമൂഹ്യനീതി നടപ്പിലാക്കുന്നതിൽ നിർണായക പങ്കുവഹിക്കേണ്ട നീതിപീഠത്തിലെ ഉന്നതരും അഴിമതിയുടെ അണിയറയിൽ പ്രവർത്തിക്കുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയും അടിച്ചുകഴിഞ്ഞു. പൊതുസ്വത്ത് കൊള്ളയടിക്കുന്നവരുടെയും അനധികൃതമായി ഭൂമി സമ്പാദിച്ചവരുടെയും പ്രതിപ്പട്ടികയിൽ ഉന്നത ജഡ്ജിമാരുടെയും പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. അലഹാബാദ് ഹൈക്കോടതിയിൽ എന്തൊക്കെയോ നാറുന്നുവെന്നും ഹൈക്കോടതിയെ അങ്കിൾസിൻഡ്രം (ജഡ്ജിമാർ ബന്ധുക്കളായ അഭിഭാഷകർക്ക് അനുകൂലമായി വിധിപറയൽ) രോഗം പിടിപ്പെട്ടിരിക്കുന്നുവെന്നും ഹൈക്കോടതിയിലെ ഒരു ഉന്നത ജഡ്ജിയുടെ പരാമർശം ഇതിനോട് ചേർത്തിവായിക്കേണ്ടിയിരിക്കുന്നു. സുപ്രധാന പരാമർശത്തിനെതിരെ ഹൈക്കോടതി നേരിട്ടു സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തുവെങ്കിലും സുപ്രീം കോടതി തള്ളുകയാണുണ്ടായത്.

രാജ്യാന്തര അഴിമതിവിരുദ്ധദിനം പ്രമാണിച്ച് ബർലിൻ കേന്ദ്രമായ ട്രാൻപെരൻസി ഇന്റർനാഷണൽ പ്രസിദ്ധപ്പെടുത്തിയ 2010-ലെ ആഗോള മാപിനി എന്ന റിപ്പോർട്ടിൽ ഇന്ത്യയിൽ 54 ശതമാനം പേരും കോഴകൊടുത്താണ് കാര്യങ്ങൾ സാധിക്കുന്നതെന്ന് വെളിപ്പെടുത്തുകയുണ്ടായി. ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളി തീവ്രവാദമാണെന്നും ഭാരതത്തിൽ മുസ്ലിം തീവ്രവാദികൾ അഴിഞ്ഞാടുകയാണെന്നുമുള്ള സജീവ ചർച്ചകൾക്ക് മറവിൽ അഴിമതിയുടെ ഭീകര കരങ്ങൾ ഇന്ത്യയുടെ മാറിടത്തിൽ എത്രത്തോളം ആഴ്ന്നിറങ്ങിയിരിക്കുന്നുവെന്ന് ഇത്തരം റിപ്പോർട്ടുകളിലൂടെ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.




# നവോത്ഥാനത്തിന്റെ ചരിത്രം ആലോചനകളുടെ ഭാവി

**1963** മാർച്ച് 18 തിങ്കളാഴ്ച- ശംസുൽ ഉലമ ഖുത്ബി മുഹമ്മദ് മുസ്‌ലിയാർ തുഹ്ഫ ഓതിക്കൊടുത്ത് ജാമിഅയിലെ പ്രഥമ സബ്ഖിന്റെ ഉദ്ഘാടനം നിർവഹിച്ചത് അന്നായിരുന്നു. ഇസ്‌ലാമിക അറിവുകളിൽ ബിരുദം കൊടുക്കുന്ന ഒരു സ്ഥാപനവുമില്ലാതിരുന്ന, ഏകദേശം അമ്പതാണ്ട് മുമ്പുകാലത്തെ കേരളീയ സാഹചര്യത്തിൽ ജാമിഅ ഒരു വഴിത്തിരിവ് തന്നെയായിരുന്നു.

തുടക്കം മുതൽ തന്നെ, അതുവരെ ഉണ്ടായിരുന്ന ദർസ് രീതികളെ കൂടെ നിർത്തി, പേരിലും സംവിധാനത്തിലും ഒരു ഇസ്‌ലാമിക സർവ്വകലാശാലയുടെ ഭാവങ്ങൾ പ്രകടിപ്പിച്ചു ജാമിഅ നൂരിയ്യ അറബിയ്യ. അന്ന് മതജ്ഞാനങ്ങളോടൊപ്പം ഭാഷാപഠനവും പ്രത്യേകം ആളെ വെച്ച് ജാമിഅ സംവിധാനിച്ചു.

ജാമിഅ നൽകിയ ജ്ഞാന ഊർജ്ജങ്ങളെ കൂട്ടുപിടിച്ചാണ് പിന്നീട് മലയാളത്തിൽ പല സ്ഥാപനപരീക്ഷണങ്ങളും അരങ്ങേറിയത്. നിലവിൽ കേരളത്തിലെ വിവിധ രീതികളിലുള്ള മതസംവിധാനങ്ങൾക്ക് നേതൃപരമായ സാരഥ്യംവഹിക്കുന്നതും ജാമിഅയുടെ സന്തതികളാണ്.

> തുടക്കം മുതൽ തന്നെ, അതുവരെയുണ്ടായിരുന്ന ദർസ് രീതികളെ കൂടെ നിർത്തി, പേരിലും സംവിധാനത്തിലും ഒരു ഇസ്‌ലാമിക സർവ്വകലാശാലയുടെ ഭാവങ്ങൾ പ്രകടിപ്പിച്ചു ജാമിഅ നൂരിയ്യ അറബിയ്യ

കേരളത്തിലെ ഏറ്റവും പ്രബല പണ്ഡിത സഭയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ഔദ്യോഗിക മേൽനോട്ടത്തിലുള്ള സ്ഥാപനം എന്നതാണ് ജാമിഅയുടെ സവിശേഷത. അതിനാൽതന്നെ, മറ്റേതു സ്ഥാപനങ്ങളേക്കാളും വലിയ ജനകീയ പിന്തുണയും മാനസികമായ കടപ്പാടും ആളുകൾക്ക് ജാമിഅയോടുണ്ട്.

ഇങ്ങനെ ശക്തമായ അടിത്തറയും പിന്തുണയുമുള്ള ജാമിഅയുടെ കാര്യത്തിൽ പുതിയ ഉദയങ്ങളെ കുറിച്ചുള്ള ആലോചനകൾ ഉത്തരവാദിത്തപ്പെട്ട സാരഥികളിൽനിന്നുണ്ടാകുന്നു എന്നത് ആശാവഹമാണ്. ഇന്ത്യയുടെ പ്രമുഖ സർവ്വകലാശാലകളിൽ പോയി ഉപരിപഠനം നടത്താനുള്ള വൈജ്ഞാനിക പരിസരം സൃഷ്ടിക്കുന്നത് നേതൃത്വം പ്രധാനമായി കാണുന്നു. ദഅ്‌വത്തിന്റെ പുതിയ ആഹ്വാനങ്ങളെ ഏറ്റെടുക്കാൻ സമുദായത്തെ സജ്ജമാക്കുകയാണ് അങ്ങനെ ജാമിഅ ഓരോ സമ്മേളനക്കാലത്തും.

**-എഡിറ്റർ**



**ജാമിഅ നൂരിയ്യ അറബിയ്യ പ്രിൻസിപ്പാൾ പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ പുതിയ ഉദയങ്ങളെ മുന്നിൽ കാണുന്നു**

●ജാമിഅ സംഭാഷണം

**പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ/ഹസൻ ടി കരുവാരകുണ്ട്**

# പ്രചോദനങ്ങളും പ്രതീക്ഷകളും

**വി**ശ്വാസത്തിന്റെയും വിജ്ഞാനത്തിന്റെയും യമനീപൈതൃക സുകൃതം നേരിൽ അനുഭവിച്ചവരാണ് കേരള മുസ്‌ലിംകൾ. അഹ്‌ലുസ്സുഫ്ഫയുടെ പഠനമാതൃകകൾ ജ്ഞാനാന്വേഷണവഴിയിൽ വെളിച്ചം പകരുന്ന വിളക്കുമാടമാണെന്ന് തിരിച്ചറിഞ്ഞവരാണ് നമ്മുടെ പൂർവ്വകാല പണ്ഡിത ജ്യോതിസ്സുകൾ. പള്ളികൾ കേവലം നിസ്കാരാദി കർമ്മങ്ങൾക്കു വേണ്ടി മാത്രം പണിതുയർത്തപ്പെട്ടവയല്ല; സമുദായത്തിന്റെ ഗതിനിർണയത്തിലും സാംസ്കാരിക നയരൂപീകരണത്തിലും രചനാ നിർവഹണത്തിലും അവകൾക്ക് അവിഛേദ്യമായ ഇടമുണ്ട്. പ്രവാചകന്റെയും ഖുലഫാഉറാശിദയുടെയും കാലത്തെ മസ്ജിദുന്നബവിയുടെ ചരിത്രം ചിരസ്മരണീയമാണല്ലോ. പുണ്യ നബിയുടെ അനുഗൃഹീത ജ്ഞാനസദസ്സിലിരുന്ന് അന്വേഷണ ത്വരയോടെ, ഗവേഷണ പാടവത്തോടെ കാര്യങ്ങൾ അപഗ്രഥിച്ച് ദീൻ പഠിച്ച സ്വഹാബത്തിന്റെ പഠന രീതിയോട് ഏറെ ചേർന്നുനിൽക്കുന്നതാണ് നമ്മുടെ പാരമ്പര്യ ദർസ് സമ്പ്രദായം. അതുകൊണ്ട് തന്നെയാണ് നമ്മുടെ വിദ്യാഭ്യാസ ഭൂപടത്തിൽ പല പരിഷ്കരണങ്ങളും പൂർവ്വകാലങ്ങളിൽ നിലവിൽവന്നപ്പോഴും ദർസിനെ മുസ്‌ലിം ഉമ്മത്ത്

നെഞ്ചോട് ചേർത്തു പിടിച്ചത്.

വിദ്യാഭ്യാസത്തെ ദർസുകൾ ആത്മീയതയുടെ നാലുകെട്ടുകൾക്കിടയിൽ തളച്ചിട്ടു എന്ന ആരോപണം മുസ്‌ലിം വിദ്യാഭ്യാസ ചർച്ചകളിൽ ഉയർന്നുകേൾക്കാറുണ്ട്. ദർസ് പാഠ്യപദ്ധതിയെ സംബന്ധിച്ച അജ്ഞതയിൽനിന്നാണ് ഇത്തരം ആരോപണങ്ങൾ പലപ്പോഴും ഉത്ഭവിക്കാറുള്ളത്. വിജ്ഞാനത്തെ മതം/ഭൗതികം എന്ന വേർതിരിവിനെ തന്നെ ദർസ് സമ്പ്രദായം പാടെ നിരാകരിക്കുന്നുണ്ട്. തഫ്സീറും ഫിഖ്ഹും തസ്വവ്വുഫുമൊക്കെ ചൊല്ലിപ്പഠിക്കുന്ന അതേ ഉത്സാഹത്തോടെയാണ് ദർസുകളിൽ മാത്സും സയൻസുമൊക്കെ വിദ്യാർത്ഥികൾ അപഗ്രഥിച്ചു പഠിക്കുന്നത്. അതെല്ലാം സ്വായത്തമാക്കുന്നതാവട്ടെ വറഇന്റെ പ്രതീകങ്ങളായ ഗുരുക്കളിൽ നിന്നും.

കേരളത്തിലെ ദർസുകളുടെ പ്രശസ്തിയും കീർത്തിയും പുറംനാടുകളിലും വിരചിതമായിരുന്നു. ഇന്തോനേഷ്യ, മലേഷ്യ, ജാവ, സുമാത്ര തുടങ്ങിയ പല ദേശങ്ങളിൽ നിന്നും വിദ്യാർത്ഥികൾ മതപഠനം നടത്താൻ കേരളത്തിലെ ദർസുകളെ അക്കാലങ്ങളിൽ തെരഞ്ഞെടുത്തിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പൊന്നാനിയിലെ മഖ്ദൂമുമാരുടെ ദർസ്, താനൂർ, ചാലിയം, വാഴക്കാട് തുടങ്ങിയ ദർസുകൾ എടുത്തു പറയേണ്ട പൂർവ്വകാല മതപാഠശാലകളാണ്. ചെറിയ ചെറിയ ദർസുകളിൽ നിന്ന് പഠനം പൂർത്തിയാക്കി ഉപരിപഠനത്തിന് പൊന്നാനിയെയും വാഴക്കാടിനെയുമൊക്കെ സമീപിക്കുന്ന സമ്പ്രദായവും അന്ന് നിലവിലുണ്ടായിരുന്നു.

കാലക്രമത്തിൽ പൊന്നാനിയുടെയും വാഴക്കാടിന്റെയുമൊക്കെ പ്രതാപത്തിന് മങ്ങലേറ്റു.

കേരളത്തിലെ മതവിദ്യാർത്ഥികൾ ഉപരിപഠനത്തിന് വെല്ലൂർ ബാഖിയാത്ത്, ദയൂബന്ദ് ദാറുൽ ഉലൂം തുടങ്ങിയ അന്യസംസ്ഥാനങ്ങളിലെ പാഠശാലകളെ ആശ്രയിക്കാൻ തുടങ്ങി. അതുകൊണ്ട് തന്നെ പലർക്കും ഉപരിപഠന മോഹം



*പ്രൊഫ.കെ ആലിക്കുട്ടി മുസ്‌ലിയാർ*

അസാധ്യമായിരുന്നു. അതിന് പ്രധാനമായും രണ്ടു കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും. ആ രണ്ടു കാരണങ്ങൾ തന്നെയാണ് കേരളത്തിൽ ഒരു ഉപരിപഠന സ്ഥാപനം എന്ന ആശയത്തിനു പിന്നിലുള്ളതും. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ആണ് ആ ആശയത്തിന്റെ ശിൽപി. അന്യസംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം അവിടങ്ങളിൽ താമസിച്ച് പഠിക്കുക ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്രയാസമായിരുന്നു. യാത്രാക്ലേശവും സാമ്പത്തിക പരാധീനതയും പലർക്കും അവിടങ്ങളിൽ എത്തിപ്പെടാൻ വിഘ്നങ്ങൾ സൃഷ്ടിച്ചു.

എല്ലാ പ്രയാസങ്ങളും അതിജീവിച്ച് അവിടെ എത്തിപ്പെട്ട കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേ

**ജാമിഅഃയിൽ നിന്നും പഠനം പൂർത്തിയാക്കി ഇന്ത്യയിലെയും വിദേശങ്ങളിലെയും പ്രഖ്യാതമായ പല സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്താൻ സാധിക്കുകയും ചെയ്യും. അതിന്നുവേണ്ടിയുള്ള പരിശ്രമത്തിലാണിപ്പോൾ ജാമിഅ. അതുസംബന്ധമായി പല യാത്രകളും ഉന്നതരോടുള്ള ആശയവിനിമയങ്ങളും നടത്തിവരുകയാണ്. നിഷ്കപടമായ പരിശ്രമങ്ങൾ വിജയിക്കുമെന്നത് തീർച്ചയാണ്**



**കണ്ണിയത്ത് ഉസ്താദിന്റെ പ്രാർത്ഥനക്ക് ആമീൻ പറയാൻ മാത്രം വിദൂരദിക്കുകളിൽ നിന്നും നിരവധിയാളുകൾ ജാമിഅഃ സമ്മേളനത്തിന് എത്താറുണ്ടായിരുന്നു. ശംസുൽ ഉലമയുടെ ഓരോ വർഷത്തെയും സനദ്ദാന പ്രസംഗങ്ങൾ ഇന്നും മറക്കാനാവില്ല. യുക്തിവാദികളെയും മിഷനറി പ്രവർത്തകരെയും ആശയവൈരികളെയും സമസ്തയുടെ എതിരാളികളെയുമൊക്കെ നിഷ്പ്രഭമാക്കുന്ന ശൈഖുനായുടെ പ്രസംഗങ്ങൾ ശ്വാസമടക്കിപ്പിടിച്ചാണ് സമ്മേളനത്തിൽ സംബന്ധിച്ച പരസഹസ്രങ്ങൾ ശ്രവിച്ചിരുന്നത്**




ശനം നിഷേധിക്കപ്പെടുന്ന പല സന്ദർഭങ്ങളുമുണ്ടായി. ശൈഖുനാ കോട്ടുമല ഉസ്താദിന്റെയും ആദരണീയരായ സദഖത്തുല്ല മുസ്‌ലിയാരുടെയും പ്രശസ്തമായ ദർസുകളിൽ നിന്ന് പഠനം പൂർത്തിയാക്കിയ പ്രഗത്ഭമതികളായ വിദ്യാർത്ഥികൾ വരെ അങ്ങനെ പ്രവേശനം നിഷേധിക്കപ്പെട്ടവരിലുണ്ടായിരുന്നു. വിദ്യാർത്ഥികളുടെ ആധിക്യവും സ്ഥാപനങ്ങളിലെ അസൗകര്യവുമൊക്കെ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിൽ നിന്നും സ്ഥാപനമേധാവികളെയും ഗുരുനാഥൻമാരെയും പിന്തിരിപ്പിച്ചു എന്നു പറയുന്നതാവും ശരി.

അന്യസംസ്ഥാനങ്ങളിൽ പോയി പഠനം നടത്തുകവഴി പലർക്കും ഭാഷാപഠനത്തിനും വിവിധ സംസ്കാരങ്ങളോടും ദേശക്കാരോടും സൗഹൃദം സ്ഥാപിക്കുന്നതിനും ആക്കം കൂട്ടിയെന്നത് ശരിതന്നെ. ദയൂബന്ദിൽ പഠനം നടത്തിയവർക്ക് ഉർദുഭാഷ മനോഹരമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിലും ബാഖിയാത്തിൽ അത്തരം സാധ്യതകൾ വളരെ കുറവായിരുന്നു. തമിഴ്ഭാഷയാണ് ഉർദുവിനെക്കാൾ ബാഖിയാത്തിലെ ഉസ്താദുമാർ ആശയവിനിമയങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് തന്നെ ഭാഷാപഠന സൗകര്യം ബാഖിയാത്ത് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അത്ര പ്രായോഗികമായിരുന്നില്ല.

ഭാഷാ പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ടായിരുന്നു ശംസുൽ ഉലമയും കോട്ടുമല ഉസ്താദുമൊക്കെ ജാമിഅ വിദ്യാർത്ഥികൾക്ക് കിതാബുകൾക്ക് പുറമെ ഇംഗ്ലീഷ് ഭാഷയും ഉർദു ഭാഷയും പഠിപ്പിക്കാൻ ഒരു അധ്യാപകനെ ചുമതലപ്പെടുത്തിയത്. ഉസ്മാൻ സാഹിബായിരുന്നു അന്നത്തെ ഭാഷാധ്യാപകൻ.

ഉസ്മാൻ സാഹിബിന്റെ ഇംഗ്ലീഷ്, ഉർദു ക്ലാസുകളോടുള്ള വിദ്യാർത്ഥികളുടെ ശ്രദ്ധയും താൽപര്യവും കോട്ടുമല ഉസ്താദ് പലപ്പോഴും അന്വേഷിക്കാറുണ്ടായിരുന്നു. സമന്വയ വിദ്യാഭ്യാസം എന്ന ഒരാശയം ഉണ്ടാവുന്നതിന്റെ എത്രയോ വർഷങ്ങൾക്കു മുമ്പാണ് ഇതെന്നോർക്കുമ്പോഴാണ് നമ്മുടെ ഗുരുനാഥൻമാർ എത്രവലിയ ക്രാന്തദർശികളായിരുന്നുവെന്ന് നാം തിരിച്ചറിയുന്നത്. ഉസ്മാൻ സാഹിബിന്റെ ഭാഷാക്ലാസുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയവർക്ക് ദഅ്‌വാ രംഗത്ത് പല സാധ്യതകളെയും ഗൗരവപൂർവ്വം സമീപിക്കാനായി.

ദർസ് രംഗം പല വെല്ലുവിളികളെയും നേരിടുന്ന ഇക്കാലത്ത് അതിനൊരു പരിഹാരം കണ്ടേ മതിയാവൂ. ആ വെല്ലുവിളികളെ ക്രിയാത്മകമായി നേരിടുക എന്നതാണ് ജാമിഅഃ ഏറ്റെടുത്ത പുതിയ ദൗത്യം. ജാമിഅഃ ജൂനിയർ കോളേജുകളും മാതൃകാ ദർസുകളും സ്ഥാപിച്ച് വളരെ സ്തുത്യർഹമായ സേവനങ്ങളാണ് ജാമിഅ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. മത വിഷയങ്ങളോടൊപ്പം ഭൗതിക വിഷയങ്ങൾക്കും ഭാഷാ പഠനത്തിനും അവിടങ്ങളിൽ സൗകര്യം നൽകപ്പെടുന്നുണ്ട്.

ജൂനിയർ കോളേജുകളിലൂടെയും മാതൃകാ ദർസിലൂടെയും നാം ലക്ഷ്യമാക്കുന്ന പദ്ധതികൾ സാക്ഷാത്കരിക്കപ്പെടുകയാണെങ്കിൽ അവർക്ക് ഉപരിപഠനത്തിന് ഒരുപാട് സാധ്യതകൾ തുറക്കപ്പെടും. ജാമിഅഃയിൽ നിന്നും പഠനം പൂർത്തിയാക്കി ഇന്ത്യയിലെയും വിദേശങ്ങളിലെയും പ്രഖ്യാതമായ പല സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്താൻ സാധിക്കുകയും ചെയ്യും. അതിന്നുവേണ്ടിയുള്ള പരിശ്രമത്തിലാണിപ്പോൾ ജാമിഅ. അതുസംബന്ധമായി പല യാത്രകളും ഉന്നതരോടുള്ള ആശയവിനിമയങ്ങളും നടത്തിവരുകയാണ്. നിഷ്കപടമായ പരിശ്രമങ്ങൾ വിജയിക്കുമെന്നത് തീർച്ചയാണ്.

1986-ൽ ഹൈദരാബാദിൽ നടന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാൻഗ്വേജസ് സംഘടിപ്പിച്ച വിദ്യാഭ്യാസ സെമിനാറിൽ ജാമിഅയുടെ പ്രതിനിധിയായി ഞാൻ പങ്കെടുത്തിരു

ന്നു. മതപഠന രംഗത്തെ പല പരിഷ്കരണങ്ങളെ സംബന്ധിച്ചും അന്ന് ചൂടേറിയ ചർച്ചകൾ നടന്നു. നിരവധി പണ്ഡിതർ സംബന്ധിച്ച പ്രസ്തുത സംഗമത്തിൽ മുസ്‌ലിം വിദ്യാഭ്യാസത്തെ സംബന്ധിച്ച് പല അഭിപ്രായങ്ങളും രേഖപ്പെടുത്താൻ എനിക്ക് സാധിച്ചു. വളരെ ഉത്സാഹപൂർവമാണ് അവരൊക്കെ എന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും ശ്രവിച്ചത്. പ്രൈമറി തലം മുതൽ സെക്കന്ററി തലം വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ പ്രസ്തുത സംഗമം ചുമതലപ്പെടുത്തിയത് ഡോ. എസ്.കെ. ഖാദിരിയെയും അഹ്മദ് പാലമ്പൂരിയെയും എന്നെയുമായിരുന്നു. ഭാവി പ്രവർത്തനങ്ങൾ തീരുമാനിക്കാൻ വേണ്ടി തെരഞ്ഞെടുത്ത പതിനാറംഗ സമിതിയിലും ഞാനുണ്ടായിരുന്നു.

ജാമിഅയെ യൂണിവേഴ്സിറ്റിയാക്കി ഉയർത്താനുള്ള എന്റെ ആഗ്രഹത്തിന് അവർ എല്ലാവിധ പിന്തുണയും നൽകി. നിർഭാഗ്യവശാൽ അതൊന്നും പൂർണാർത്ഥത്തിൽ നടപ്പിലാക്കാൻ സാധിച്ചില്ല എന്നത് ഖേദകരമാണ്. അന്നത്തെ ആശയങ്ങളും ആളുകളുമൊക്കെ പുതിയ പരിശ്രമത്തിൽ വിജയിക്കുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. ഒരു മുസ്‌ലിം സർവ്വകലാശാല എന്നത് ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുകയാണല്ലോ?

## സാഹിത്യ പ്രവർത്തനങ്ങൾ

ഒരു ഇസ്‌ലാമിക പണ്ഡിതന്റെ പ്രഥമവും പ്രധാനവുമായ ബാധ്യത ഇസ്‌ലാമിക ദഅ്‌വത്താണ്. ദഅ്‌വാ രംഗത്തെ സാധ്യതകളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ പണ്ഡിതർ പരിശീലിക്കുകതന്നെ വേണം. നിരവധി വിജ്ഞാനശാഖകളിൽ അവഗാഹം നേടിയ പലരും ദഅ്‌വാ രംഗത്ത് പരാജയപ്പെടുന്നത് ഇത്തരം പരിശീലനങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നതു കൊണ്ടാണ്. "നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് സദുപദേശം വഴിയും തന്ത്രപൂർവ്വവും ജനങ്ങളെ ക്ഷണിക്കുക" എന്ന ഖുർആൻ വചനം പ്രസ്താവ്യമാണല്ലോ. നൈസർഗികമായ കഴിവുകളെ പരിപോഷിപ്പിക്കുന്നവർക്ക് മാത്രമേ ഇത്തരം പ്രബോധനം സാധ്യമാവൂ. അത് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വസൂരികൾ. വിദ്യാർത്ഥികളെ കലാസാഹിത്യ രംഗങ്ങളിൽ വളർത്തിക്കൊണ്ടുവരാൻ അവർ പല പദ്ധതികളും ആവിഷ്കരിച്ചിരുന്നു.

സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ശ്ളാഘനീയമായ ചുവടുവെപ്പുകളും ജാമിഅ നടപ്പിൽവരുത്തിയിട്ടുണ്ട്. നൂറുൽ ഉലമ എന്ന വിദ്യാർത്ഥി സംഘടന രൂപീകരിക്കുന്നതുതന്നെ അതിന്നുവേണ്ടിയാണ്. ഞങ്ങൾ ജാമിഅയിൽ പഠിക്കുന്ന കാലത്താണ് നൂറുൽ ഉലമ നിലവിൽവരുന്നത്. സയ്യിദ് അലി ബാഫഖിയായിരുന്നു പ്രഥമ പ്രസിഡന്റ്. നൂറുൽ ഉലമയുടെ കീഴിൽ വിവിധ കീഴ്ഘടകങ്ങളും പിൽക്കാലങ്ങളിൽ നിലവിൽവന്നു. വിജ്ഞാനപ്രദമായ പല ഗ്രന്ഥങ്ങളും കേരളീയ മുസ്‌ലിംകൾക്ക് നൂറുൽ ഉലമ സംഭാവന ചെയ്തിട്ടുണ്ട്.

'അൽ മുനീർ' കൈയ്യെഴുത്ത് മാസിക നൂറുൽ ഉലമയുടെ എടുത്തുപറയേണ്ട വിഭവമാണ്. കേരളത്തിലെ ഇരുത്തംചെന്ന പല എഴുത്തുകാരും എഴുത്തു പരിശീലിച്ചത് അൽമുനീറിലൂടെയാണ്. അബ്ദുൽ ഹമീദ് വെട്ടത്തൂരിന്റെ പത്രാധിപത്യത്തിലാണ് അൽ മുനീർ പ്രഥമലക്കം പ്രകാശിതമായത്. പഠനാർഹമായ പഠന വിഷയങ്ങളെ സംബന്ധിച്ചും അറബിയിലും മലയാളത്തിലും ഒരു ലക്കം പോലും ഇടവിടാതെ ഞാൻ അക്കാലങ്ങളിൽ ലേഖനങ്ങൾ എഴുതിയിരുന്നു. എഴുത്തു ജീവിതത്തിൽ അൽമുനീർ പച്ചയായ ഓർമയായി ഇന്നും നിലനിൽക്കുന്നത് അതുകൊണ്ടാണ്.

## സമ്മേളനങ്ങൾ

കേരള മുസ്‌ലിം മക്കൾക്ക് ജാമിഅയുടെ സമ്മേളന ദിനങ്ങൾ സന്തോഷത്തിന്റെ ആഘോഷദിനങ്ങൾ കൂടിയാണ്. കേവലമൊരു സമ്മേളനം എന്ന രീതിയിലല്ല അവർ അതിനെ കാണുന്നത്. കേരളത്തിലെയും വിദേശങ്ങളിലെയും

**പൂർവ്വകാലങ്ങളെ പോലെ ഈ വർഷത്തെ സമ്മേളനവും വളരെ വ്യത്യസ്തവും വൈവിധ്യമാർന്നതുമാണ്. ജനുവരി 14,15,16 തിയ്യതികളിൽ നടക്കുന്ന സമ്മേളനത്തിൽ പല വിശിഷ്ട വ്യക്തിത്വങ്ങളും സംബന്ധിക്കും. ആത്മീയം, കർമശാസ്ത്രം, ആദർശം, ചരിത്രം തുടങ്ങി വിവിധ വിഷയങ്ങളെ അധികരിച്ച് പ്രമുഖ പണ്ഡിതർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിദേശ രാജ്യങ്ങളിലെ അതിഥികളും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളും സമ്മേളനത്തിൽ സംബന്ധിക്കും.**



പണ്ഡിതരും സാദാത്തുക്കളുമൊക്കെ സമ്മേളിക്കുന്ന സംഗമത്തിൽ സംബന്ധിച്ച് പുണ്യം നേടാനാണ് അവർ ജാമിഅഃയുടെ സമ്മേളനത്തിലെത്തുന്നത്.

കണ്ണിയത്ത് ഉസ്താദിന്റെ പ്രാർത്ഥനക്ക് ആമീൻ പറയാൻ മാത്രം വിദൂരദിക്കുകളിൽ നിന്നും നിരവധിയാളുകൾ ജാമിഅഃ സമ്മേളനത്തിന് എത്താറുണ്ടായിരുന്നു. ശംസുൽ ഉലമയുടെ ഓരോ വർഷത്തെയും സനദ്ദാന പ്രസംഗങ്ങൾ ഇന്നും മറക്കാനാവില്ല. യുക്തിവാദികളെയും മിഷനറി പ്രവർത്തകരെയും ആശയവൈരികളെയും സമസ്തയുടെ എതിരാളികളെയുമൊക്കെ നിഷ്പ്രഭമാക്കുന്ന ശൈഖുനായുടെ പ്രസംഗങ്ങൾ ശ്വാസമടക്കിപ്പിടിച്ചാണ് സമ്മേളനത്തിൽ സംബന്ധിച്ച പരസഹസ്രങ്ങൾ ശ്രവിച്ചിരുന്നത്. കാലികപ്രസക്തമായ വിഷയങ്ങളിൽ ഗഹനമായ പല ചർച്ചകളും സമ്മേളനങ്ങളെ ശ്രദ്ധേയമാക്കി.

പുതിയ പ്രശ്നങ്ങളെ കുറിച്ചുള്ള ഇസ്‌ലാമിക വീക്ഷണങ്ങൾ വിശകലനം ചെയ്യുന്ന വിവിധ പഠനസെഷനുകൾ ജാമിഅഃ സമ്മേളനത്തെ വേറിട്ടുനിർത്തുന്നു. സമ്മേളനങ്ങൾ നടത്തി നഷ്ടം നികത്താനാവാത്ത ദുരവസ്ഥ ജാമിഅയുടെ ചരിത്രത്തിൽ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല.

പൂർവ്വകാലങ്ങളെ പോലെ ഈ വർഷത്തെ സമ്മേളനവും വളരെ വ്യത്യസ്തവും വൈവിധ്യമാർന്നതുമാണ്. ജനുവരി 14,15,16 തിയ്യതികളിൽ നടക്കുന്ന സമ്മേളനത്തിൽ പല വിശിഷ്ട വ്യക്തിത്വങ്ങളും സംബന്ധിക്കും. ആത്മീയം, കർമശാസ്ത്രം, ആദർശം, ചരിത്രം തുടങ്ങി വിവിധ വിഷയങ്ങളെ അധികരിച്ച് പ്രമുഖ പണ്ഡിതർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിദേശ രാജ്യങ്ങളിലെ അതിഥികളും സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളും സമ്മേളനത്തിൽ സംബന്ധിക്കും. ഈ വർഷത്തെ സമ്മേളനം 225 യുവപണ്ഡിതർക്ക് 'ശഹാദ' നൽകി സേവനസജ്ജരാക്കുന്നു.

## ഉള്ളിൽ തട്ടിയ രണ്ട് അഭിനന്ദനങ്ങൾ

പഠനകാലത്തെ അവിസ്മരണീയ ഓർമകളാണ് പലരുടെയും ദിശ നിർണയിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നത്. ജാമിഅ ജീവിതകാലത്ത് ഒരിക്കലും മറക്കാത്ത രണ്ടനുഭവങ്ങളുണ്ട്. ഞങ്ങൾ ജാമിഅയിൽ പഠിക്കുന്ന കാലം. സാത്വികനും സൂഫിവര്യനും സുന്നത്ത് ജമാഅത്തിന്റെ ശക്തനായ വക്താവുമായ കായൽപട്ടണത്തുകാരൻ ശുഐബ് ആലം സാഹിബ് ഹ്രസ്വസന്ദർനാർത്ഥം കോളേജിൽ വരുന്നുണ്ടെന്നും അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് വിദ്യാർത്ഥികളിൽ ഒരാൾ അറബിയിൽ പ്രസംഗിക്കണമെന്നും ശംസുൽ ഉലമ(ന.മ) സയ്യിദ് അലി ബാഫഖിയെ അറിയിച്ചു. അലി ബാഫഖി എന്നെ സമീപിച്ച് ഒരു പ്രസംഗം തയ്യാറാക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ഞാൻ പ്രസംഗം തയ്യാറാക്കി. ഉസ്മാൻ മാണിക്കോത്ത് എന്ന സുഹൃത്ത് വളരെപ്പെട്ടെന്ന് അത് മനഃപാഠമാക്കുകയും ചെയ്തു. ശുഐബ് ആലം സാഹിബിന്റെ സന്ദർശനവേളയിൽ വളരെ മനോഹരമായി ഞാൻ തയ്യാറാക്കിയ പ്രസംഗം അദ്ദേഹം അവതരിപ്പിച്ചു. പ്രസംഗശേഷം ആലംസാഹിബ് ഇങ്ങനെ ശ്ലാഘിച്ചു: "ഈജിപ്ത് വിട്ടശേഷം ഇത്ര മനോഹരവും സാഹിത്യസംപുഷ്ടവുമായ ഒരു അറബി പ്രസംഗം ഞാൻ കേൾക്കുന്നത് ഇപ്പോഴാണ്." ആലംസാഹിബിന്റെ ഈ പ്രശംസാവാക്കുകൾ നൽകിയ പ്രചോദനങ്ങൾ എന്റെ പഠനജീവിതത്തെ ഏറെ പ്രചോദിപ്പിച്ചിട്ടുണ്ട്.

1967-ൽ ഇസ്രയേൽ-അറബ് യുദ്ധം കൊടുമ്പിരികൊള്ളുന്ന സന്ദർഭം. ശംസുൽ ഉലമ അലി ബാഫഖിയെ വിളിച്ച് ഓരോ മണിക്കൂറിലും യുദ്ധവിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടു. അക്കാലത്ത് മുന്തിയതും വളരെ ചെറിയതുമായ ഒരു റേഡിയോ അദ്ദേഹത്തിന്റെ കൈവശം മാത്രമാണുണ്ടായിരുന്നത്. തങ്ങൾ ശംസുൽ ഉലമയുടെ ആവശ്യം എന്നെ അറിയിച്ചു. അതു പ്രകാരം റേഡിയോ അനൗൺസ്മെന്റ് വഴി യുദ്ധറിപ്പോർട്ടുകൾ കുറിച്ചെടുക്കുകയും തൽസമയം വിവരങ്ങൾ ശംസുൽഉലമക്ക് കൈമാറുകയും ചെയ്തു. ശംസുൽ ഉലമ ഏറെ സംതൃപ്തി പ്രകടിപ്പിക്കുകയും താല്പര്യപൂർവ്വം എന്നെ അഭിനന്ദിക്കുകയും ചെയ്തു. ഉള്ളിൽ തട്ടുന്ന ശൈഖുനായുടെ അഭിനന്ദനവാക്കുകൾ ഇന്നും ഓർമകളുടെ അറകളിൽ അവിസ്മരണീയമായിക്കിടക്കുന്നു.


مركز التعاون وخدمات الزواج السعودية. كيرلا

**SAUDI MARRIAGE SERVICE & HELP CENTRE**

Estd. 2002 JEDDAH-K.S.A

**മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനും അനുയോജ്യമായ തൊഴിൽ ശരിയാക്കാനും തൊഴിലാളികളെ കണ്ടെത്താനും സ്വദേശത്തും വിദേശത്തും സേവനം നൽകുന്ന കേരളത്തിലെ ഏറ്റവും വിശ്വസ്ത സ്ഥാപനം**

**പാണ്ടിക്കാട് റോഡ്, മഞ്ചേരി**

പ്രവൃത്തി സമയം: രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ
വെള്ളിയാഴ്ച അവധി

**Contact:**

**K.K. ABDU RAZAK, KAVANUR**
**9995280283, 9747706770**

# ജമിഅയുടെ ജ്ഞാനദൗത്യങ്ങൾ

● ജാമിഅ, കാലം

**അൻവർ സ്വാദിഖ് ഫൈസി താനൂർ**

മുസ്‌ലിം കേരളം ഇന്നു സമ്പന്നമാണ്. പെട്രോഡോളറിന്റെ തിണ്ണബലത്തിൽ കൊഴുത്തുനിൽക്കുന്ന അറേബ്യൻ സൈകതഭൂമിയെക്കാൾ മതവിദ്യ വിളയുന്നത് ഒരുപക്ഷേ ഈ കൊച്ചു മലയാളമണ്ണിലായിരിക്കും. അത്രമാത്രം ആസൂത്രിതവും വ്യവസ്ഥാപിതവുമാണ് ഇവിടുത്തെ മതവൈജ്ഞാനിക രംഗം. പക്ഷേ, അഞ്ചു ദശകങ്ങൾക്കപ്പുറത്തേക്ക് ചിന്തിക്കുമ്പോൾ? ചിത്രം മറ്റൊന്നായിരുന്നു. മഖ്ദൂമീകാലഘട്ടം മുതൽ പൊന്നാനിയിലെ വിളക്കത്തിരുന്നു ആർജിച്ചെടുത്ത ഇൽമിന്റെ കരുത്തുമായിട്ടാണ് പണ്ഡിതൻമാർ സമുദായമധ്യത്തിലേക്ക് ഇറങ്ങിയിരുന്നത്. കാലാന്തരത്തിൽ ആ വിളക്കിന്റെ ശോഭ കുറയുകയും മഖ്ദൂമി പരമ്പരയിലെ മുഹഖിഖീങ്ങൾ അസ്തമിക്കുകയും ചെയ്തു. (മഖ്ദൂം കുഞ്ഞൻ ബാവ മുസ്‌ലിയാർക്കും വെളിയങ്കോട് തട്ടാങ്ങര കുട്ട്യാമു മുസ്‌ലിയാർക്കും ശേഷം കേരളത്തെ മൊത്തം സ്വാധീനിച്ച പൊന്നാനി പണ്ഡിതൻമാർ ഉയർന്നുവന്നിട്ടില്ല.) ഈ ഘട്ടത്തിലാണ് ബ്രിട്ടീഷ് വിദ്യാഭ്യാസരീതി പിന്തുടർന്നുകൊണ്ട് സർട്ടിഫിക്കറ്റും സ്ഥാനവസ്ത്രവുമൊക്കെ വിതരണം ചെയ്യുന്ന മത സ്ഥാപനങ്ങൾ ഉയർന്നുവരുന്നത്. 1867-ൽ ആരംഭിച്ച ദയൂബന്ദ് ദാറുൽ ഉലൂമിലാണ് ഈ ശൈലി ആദ്യമായി പരീക്ഷിക്കപ്പെടുന്നത്. അതു ദക്ഷിണേന്ത്യയിലേക്ക് എത്തുന്നത് 1883-ൽ തമിഴ്നാട്ടിലെ വെല്ലൂരിൽ സ്ഥാപിതമായ ബാഖിയാത്തുസ്വാലിഹാത്തിലൂടെയാണ്.

ഈ സ്ഥാപനങ്ങളെയാണ് കേരളത്തിലെ പല പണ്ഡിതന്മാരും പിന്നീട് ഉപരിപഠനത്തിനു ആശ്രയി



ച്ചിരുന്നത്. സാമ്പത്തിക പരാധീനത മൂലവും ഭൂപ്രദേശത്തിന്റെ പ്രതികൂലാവസ്ഥ കാരണവും മറ്റും ഭൂരിപക്ഷ പണ്ഡിതന്മാർക്കും അന്യസംസ്ഥാനങ്ങളിലേക്ക് ഉപരിപഠനത്തിനു പോകാനായില്ല. സമുദായത്തിന്റെ ഹൃദയസ്പന്ദനം തൊട്ടറിഞ്ഞ 'സമസ്ത'യുടെ ദീർഘവീക്ഷണമുള്ള പണ്ഡിതൻമാർ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് തന്നെ വിഷയം ചർച്ച ചെയ്തു. അതിന്റെ ഫലമായി 1962 ഏപ്രിൽ 3-നു ചേർന്ന സമസ്തഃ മുശാവറ ഒരു ബിരുദദാന കോളേജിനു രൂപം നൽകാൻ തീരുമാനിച്ചു. കേരള മുസ്‌ലിം നവോത്ഥാനവീഥിയിൽ ജ്വലിച്ചുനിന്ന സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ അന്നു തന്നെ ഒരു സബ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. വാഴക്കാട്, എടരിക്കോട്, പാറക്കടവ്, പൊന്നാനി എന്നിവിടങ്ങളിലെല്ലാം പ്രസ്തുത കമ്മിറ്റി കോളേജിനാവശ്യമായ സ്ഥലം അന്വേഷിച്ചെങ്കിലും ജാമിഅഃക്കു ജന്മം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചത് പട്ടിക്കാടിനായിരുന്നു. പണ്ട് രാപകൽഭേദമന്യേ പട്ടികളും കുറുക്കന്മാരുമൊക്കെ ഓരിയിടുകയും സ്വൈരവിഹാരം നടത്തുകയും ചെയ്തിരുന്ന കാടും പൊന്തയും നിറഞ്ഞ ഈ പ്രദേശമാണ് പിന്നീട് വെളിച്ചത്തിന്റെ കലാലയത്തിനു ഇടമനുവദിച്ചത്.

ഇൽമിനെയും അതിന്റെ അഹ്‌ലുകാരെയും സ്നേഹിച്ച ബാപ്പു ഹാജിയെന്ന ധനാഢ്യൻ തന്റെ സമ്പത്ത് കോളേജിനു സ്ഥലം തേടി നടന്ന സമസ്തഃയുടെ സമാദരണീയരായ നേതാക്കളെ ഏൽപ്പിക്കുകയായിരുന്നു. താൻ പണികഴിപ്പിച്ച റഹ്‌മാനിയ്യാ മസ്ജിദും താമസിക്കുന്ന വീടും അതിനു ചുറ്റുമുള്ള വിശാലമായ വയലും ആ മഹാമനീഷി ജാമിഅഃക്കുവേണ്ടി വഖ്ഫ് ചെയ്തു. തന്റെ അധീനതയിലുണ്ടായ വിശാലമായ റബ്ബർ തോട്ടവും തെങ്ങിൻ തോപ്പുമെല്ലാം ജാമിഅഃയുടെ വളർച്ചക്കുവേണ്ടി സംഭാവന ചെയ്തു. അങ്ങനെ ഖാഇദെ മില്ലത്ത് ഇസ്മാഈൽ സാഹിബിന്റെ അധ്യക്ഷതയിൽ 1963 ഫെബ്രുവരി മൂന്നിന് കോയവീട്ടിൽ സയ്യിദ് അഹ്‌മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ ജാമിഅഃ നൂരിയ്യയുടെ ശിലാസ്ഥാപനം നടത്തി. കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാകുന്നതു കാത്തു നിൽക്കാതെ 1963 മാർച്ച് 18 തിങ്കളാഴ്ച ശംസുൽ ഉലമാ ഖുതുബി മുഹമ്മദ് മുസ്‌ലിയാർ 'തുഹ്ഫ' ഓതിക്കൊടുത്തു കൊണ്ട് പ്രഥമ ക്ലാസിന്റെ ഉദ്ഘാടനം നിർവഹിച്ചു. മർഹൂം കോട്ടുമല അബൂബക്ർ മുസ്‌ലിയാർ പ്രധാനാധ്യാപകനും താഴേക്കോട് കുഞ്ഞലവി മുസ്‌ലിയാർ സഹാധ്യാപകനുമായി അന്നു തന്നെ ചുമതലയേറ്റു. ബാഫഖി തങ്ങൾ പ്രസിഡന്റും ബാപ്പു ഹാജി വൈസ് പ്രസിഡന്റുമായ പ്രഥമ കമ്മിറ്റിയിൽ ശംസുൽ ഉലമ ഇ.കെ. അബൂബക്ർ മുസ്‌ലിയാരായിരുന്നു ജനറൽ സെക്രട്ടറി.

## ജാമിഅ അടയാളപ്പെടുത്തിയത്

കേരള മുസ്‌ലിം ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു ജാമിഅഃ നൂരിയ്യഃയുടെ ജനനം. മലയാളക്കരയിലെ ഇസ്‌ലാമിക വൈജ്ഞാനിക വീഥിയിൽ വിപ്ലവാത്മകമായ വികാസത്തിനു തുടക്കംകുറിക്കുകയായിരുന്നു അത്. അറുപതുകൾക്കു ശേഷമുള്ള ചരിത്രം ഇതിനു സാക്ഷിയാണ്.

അഥവാ, 1909-ൽ ചാലിലകത്ത് കുഞ്ഞഹമ്മദാജി വാഴക്കാട് ദാറുൽ ഉലൂമിലും 1924-ൽ പാങ്ങിൽ അഹ്‌മദ് കുട്ടി മുസ്‌ലിയാർ താനൂർ ഇസ്‌ലാഹുൽ ഉലൂമിലും തുടക്കം കുറിച്ച മതവൈജ്ഞാനിക വിപ്ലവം പാതിവഴിയിൽ വെച്ചു കെട്ടുപോയ തീപന്തമായി മാറിയിരുന്നു. പിന്നീട് ദശകങ്ങളോളം സമുദായത്തിന്റെ ചിന്ത ആ വഴിയിൽ കേന്ദ്രീകരിച്ചു നിർത്താൻ പല കാരണങ്ങളാൽ സാധിക്കാതെവന്നു. അങ്ങനെ സതംഭിച്ചുപോയ വൈജ്ഞാനിക മുന്നേറ്റത്തിന്റെ രണ്ടാം ജന്മമാണ് ജാമിഅഃയുടെ വരവോടെ സാധ്യമായത്. ജാമിഅഃയുടെ ചുവടുവെച്ച് ഉയർന്നുവന്ന അറബിക് കോളേജുകളും പള്ളിദർസുകളും മറ്റു മത സ്ഥാപനങ്ങളും നിരവധിയാണ്. കേരളത്തിലെ ഏതൊരു മതസ്ഥാപനമെടുത്തു പരിശോധിച്ചാലും ജാമിഅഃയുടെ ഒരു സന്തതിയെങ്കിലും ബൗദ്ധികവും വൈജ്ഞാനികവുമായ നേതൃത്വം നൽകുന്നത് കാണാം. ചെമ്മാട് ദാറുൽ ഹുദ, കടമേരി റഹ്‌മാനിയ്യ, വളാഞ്ചേരി മർക്കസ്, കാന്തപുരം വിഭാഗത്തിന്റെ കാരന്തൂർ മർക്കസ് തുടങ്ങി കേരളത്തിലെ മതസ്ഥാപനങ്ങളുടെയെല്ലാം ഭരണസാന്നിധ്യവും ബൗദ്ധിക നേതൃത്വവും ഫൈസിമാരുടെ കര

> **ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയുടെ അഭാവമാണ് മതവിദ്യാഭ്യാസ രംഗം നേരിടുന്ന ഏക പ്രതിസന്ധി എന്ന രീതിയിൽ കാര്യങ്ങളെ വീക്ഷിച്ചതാണ് അബദ്ധം. കേവലമൊരു ഡിഗ്രിയോ പി.ജിയോ ഭൗതിക തലങ്ങളിൽ പോലും ഒന്നിനും പരിഹാരമല്ലെന്നത് ആരും ഓർക്കാറില്ല. നമ്മുടെ ബൗദ്ധികവും സർഗാത്മകവുമായ മുന്നേറ്റത്തിനു സമന്വയ സ്ഥാപനങ്ങൾ അനിവാര്യമായതുപോലെ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ അഭിമാനകരമായ നിലനിൽപ്പിനു മതവിജ്ഞാനങ്ങളിൽ കൂടുതൽ അവഗാഹം നേടിയ പണ്ഡിതൻമാരും ആവശ്യമാണ്**

ങ്ങളിലാണ്.

ജാമിഅഃയുടെ സന്തതികളായ ഫൈസിമാരെ സമുദായം ഇരുകൈകളും നീട്ടി സ്വീകരിച്ച ചരിത്രമാണുള്ളത്. ഇസ്‌ലാമിക സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റുകളാണ് മഹല്ലുകൾ. ആ മഹല്ലുകളെയും അതിലെ പള്ളി, മദ്റസ തുടങ്ങിയവയെയും നയിക്കാൻ പ്രാപ്തിയും പക്വതയുമുള്ളത് ഫൈസിമാർക്കാണെന്നു സമൂഹം മനസ്സിലാക്കിയിരുന്നു. ഒരു ഫൈസിയാണ് മഹല്ലിലെ ഖതീബും മുദർരിസുമായി സ്ഥാനമേൽക്കുന്നതെങ്കിൽ മഹല്ലിന്റെ ഐക്യവും കെട്ടുറപ്പും ഭംഗം കൂടാതെ സൂക്ഷിക്കാനാകുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ജാമിഅഃ സമൂഹത്തിൽ സൃഷ്ടിച്ച വിശ്വാസവും സ്വാധീനവുമാണിത് വ്യക്തമാക്കുന്നത്. ജാമിഅഃയുടെ സ്ഥാപകനേതാക്കളുടെ ഉദ്ദേശ്യശുദ്ധിയും നിഷ്കളങ്കതയും ഇതിന്റെ മുഖ്യകാരണങ്ങളിലൊന്നായിരിക്കാം. ഇന്നു പലരും ചെയ്യുന്നതുപോലെ വെറുതെ ഒരു സ്ഥാപനം തുടങ്ങുകയോ ആരോടെങ്കിലുമുള്ള 'ഈഗോ' തീർക്കാമെന്ന മാത്സര്യബുദ്ധിയോടെ ഒരു അറബിക് കോളേജിനു ശിലയിടുകയോ ആയിരുന്നില്ല അവർ. തഖ്‌വയുടെമേൽ അസ്ഥിവാരമിടപ്പെട്ടതിനു എന്നും പവറും പത്രാസുമുണ്ടാകുമെന്നത് ഖുർആനിന്റെ സൂചനകൂടിയാണല്ലോ.

ഓരോ കാലഘട്ടത്തിലെയും അറിവിന്റെ മഹാസാഗരങ്ങളാണ് ഫൈസാബാദിലേക്ക് ഇൽമു നേടാനെത്തിയവർക്ക് ജ്ഞാനം പകർന്നതെന്നത് ജാമിഅഃയുടെ മാത്രം പ്രത്യേകതയാണ്. ശംസുൽ ഉലമയും കോട്ടുമല ഉസ്താദും കെ.കെ. ഹസ്റത്തും നേതൃത്വം നൽകിയിരുന്ന വൈജ്ഞാനിക ചർച്ചകളിൽ പങ്കാളിയാവുകയെന്നത് കാലം കനിഞ്ഞേകിയ മഹാഭാഗ്യമാണ്. ആ സാഗരങ്ങളിൽ നിന്നൊഴുകിയെത്തിയ വിവിധ കൈവഴികളിൽ നിന്നാണ് ഇന്നു മുസ്‌ലിം കൈരളി മുഴുവൻ ദാഹം തീർക്കുന്നത്. അഥവാ വെളിച്ചത്തിന്റെ കലാലയം ഇൽമിനെ ഒന്നുകൂടി ഉജ്ജ്വലമാക്കുകയായിരുന്നു.

മുസ്‌ലിം കേരളത്തിന്റെ സർഗശേഷിയും കർമ്മോത്സുകതയും ക്രിയാത്മകമായ രീതിയിൽ രൂപപ്പെടുന്നതിൽ ജാമിഅഃ വഹിച്ച പങ്ക് ചെറുതൊന്നുമല്ല. ഊഷരമായിക്കിടക്കുന്ന സുന്നീ സാഹിത്യരംഗം പുഷ്കലമാക്കാൻ മുന്നിട്ടിറങ്ങിയത് ജാമിഅഃയുടെ വിദ്യാർത്ഥി സംഘടനയാണ്. നൂറുൽ ഉലമ പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങളാണ് സുന്നീ സാഹിത്യങ്ങളുടെ വളർച്ചക്കു ഊർജ്ജം പകർന്നത്. അതതു കാലഘട്ടത്തിലെ വിവാദ വിഷയങ്ങളിൽ സജീവമായി ഇടപെടാൻ പണ്ഡിതൻമാരെ പ്രാപ്തരാക്കുന്ന നൂറുൽ ഉലമയുടെ സ്പീക്കേഴ്സ് ഫോറവും മറ്റും വഹിച്ച പങ്ക് മറ്റൊരു വിദ്യാർത്ഥി സംഘടനക്കും അവകാശപ്പെടാനാകാത്തതാണ്. 'സമസ്ത'യുടെ ആശയാദർശങ്ങൾ അനുസരിച്ച് ജീവിക്കുന്ന സുന്നീ വിദ്യാർത്ഥികൾക്ക് ഒരു പൊതുസംഘടന എന്ന ആശയം ഉയർന്നുവന്നത് ഫൈസാബാദിലെ ചീനിമരച്ചോട്ടിൽ നിന്നാണ്. പിൽക്കാലത്ത് എസ്.എസ്.എഫ്. എന്നറിയപ്പെട്ട സംഘടനക്ക് ഊടും പാവും നൽകിയത് ജാമിഅഃയുടെ സന്തതികളും നൂറുൽ ഉലമയുടെ സാരഥികളുമായിരുന്നല്ലോ.

പിന്നീടത് ഗുരുനാഥൻമാരുടെ സിൽസില പൊട്ടിച്ചെറിഞ്ഞു പോയെങ്കിലും എഴുപതുകളിലും എൺപതുകളിലും ജാമിഅഃ നടത്തിയ ക്രിയാത്മക ഇടപെടലുകൾ അടയാളപ്പെടുത്തുന്നു. ഇസ്‌ലാമിക പ്രബോധന പ്രവർത്തന മേഖലയിൽ കനപ്പെട്ട സംഭാവനകളർപ്പിക്കുന്ന യുവപണ്ഡിതൻമാർക്ക് ഫൈസിമാരുടെ സംഘടന(ഓസ്ഫോജന) ഏർപ്പെടുത്തിയ അൽമഖ്ദൂം അവാർഡും കോട്ടുമല ഉസ്താദിന്റെ നാമധേയത്തിൽ മലപ്പുറം കാളമ്പാടിയിൽ പടുത്തുയർത്തിയ ഇസ്‌ലാമിക് കോംപ്ലക്സും ഫൈസിപ്പടയുടെ സജീവതയുടെയും ക്രിയാത്മകതയുടെയും അടയാളമുദ്രകളാണ്. തലങ്ങും വിലങ്ങും അവാർഡ് പ്രഖ്യാപിക്കുകയും ആദരിക്കൽ ചടങ്ങ് നടക്കുകയും ചെയ്യുന്ന പുതിയ അന്തരീക്ഷത്തിൽ അതിലൊന്നും വലിയ പുതുമയില്ലെങ്കിലും രണ്ടു പതിറ്റാണ്ടു മുമ്പ് സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു അതെല്ലാം.



## ചില വിചാരപ്പെടലുകൾ

1965 ഡിസംബർ മൂന്നിനു വെല്ലൂർ ബാഖിയാത്തിലെ പ്രിൻസി



പ്പൽ മൗലാനാ അബൂബക്ർ ഹസ്റത്ത് 26 പണ്ഡിതൻമാർക്ക് 'മൗലവി ഫാളിൽ ഫൈസി' ബിരുദം നൽകി അനുഗ്രഹിച്ചു വിടുമ്പോഴുള്ള അന്തരീക്ഷത്തിലല്ല നാം. ഏകദേശം അര നൂറ്റാണ്ടിനിടക്ക് മാറ്റങ്ങൾ പലതും സംഭവിച്ചു. മതകലാലയങ്ങളും ബിരുദദാന കോളേജുകളും കണക്കിലപ്പുറം ഉയർന്നുവന്നു. കേരളത്തിലെത്ര ബിരുദദാന കോളേജുകളുണ്ടെന്ന് ആർക്കുമറിയാത്ത സ്ഥിതിവിശേഷമാണിപ്പോൾ. ഇത്രയധികം സ്ഥാപനങ്ങൾക്കിടയിൽ പ്രഥമ ബിരുദദാന കോളേജ് എന്നതിൽകവിഞ്ഞ് എന്തു പ്രസക്തിയാണ് ജാമിഅക്കുള്ളതെന്ന ആലോചന പ്രസക്തമാണ്.

നമ്മുടെ മതവിദ്യാഭ്യാസ മേഖലയിൽ പുത്തൻ പ്രതീക്ഷകളുയർത്തിയാണ് മതഭൗതിക സമന്വയ വിദ്യാഭ്യാസ രീതി കടന്നുവരുന്നത്. വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കാനും പ്രബോധന വീഥിയിൽ ശക്തമായി ഇടപെടാവുന്ന പ്രതിഭകളെ സൃഷ്ടിക്കാനും പൊതുധാരയോട് കൂടുതൽ സംവദിക്കാനും അതിലൂടെ സാധിച്ചിട്ടുണ്ട്. നമ്മുടെ കലാ-സാഹിത്യ മേഖലകളെയും ബൗദ്ധികവും ധൈഷണികവുമായ ഇടങ്ങളെയും വികസനോന്മുഖമാക്കുന്നതിൽ മത-ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക് ചെറുതൊന്നുമല്ല. അതു കാലഘട്ടത്തിന്റെ ആവശ്യവും അനിവാര്യതയുമാണ്. എന്നാൽ, ഉന്നതമായ യാതൊരു ലക്ഷ്യങ്ങളുമില്ലാതെ സമന്വയമെന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയും മുത്വവ്വൽ ബിരുദവും നൽകി വിദ്യാർത്ഥികളെ പുറത്തിറക്കിയാൽ എല്ലാം തികഞ്ഞു എന്നൊരു ധാരണ അടുത്തിടെയായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക ലക്ഷ്യവും അജണ്ടയുമില്ലാത്ത സ്ഥാപനങ്ങൾ പോലും ഇംഗ്ലീഷ് സാഹിത്യത്തിലെ ബിരുദാനന്തര ബിരുദവും സ്ഥാപനത്തിന്റെ പേരിലൊരു മുത്വവ്വൽ കോഴ്സും പരസ്യപ്പെടുത്തി അതിനെ വലിയ എന്തോ ഒന്നാക്കി ചിത്രീകരിക്കുകയാണ്. ചില സ്ഥാപനങ്ങൾ ഇതിന്റെ ഇരകളായിത്തീർന്നിരിക്കുന്നു.

ഇവിടെ സമന്വയ വിദ്യാഭ്യാസ ശൈലി ശക്തിപ്പെട്ടു എന്നതല്ല നമ്മെ ആശങ്കപ്പെടുത്തുന്നത്. അതു ശക്തമായി നിൽക്കേണ്ട നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഒരു ഭാഗം തന്നെയാണ്. ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയുടെ അഭാവമാണ് മതവിദ്യാഭ്യാസ രംഗം നേരിടുന്ന ഏക പ്രതിസന്ധി എന്ന രീതിയിൽ കാര്യങ്ങളെ വീക്ഷിച്ചതാണ് അബദ്ധം. കേവലമൊരു ഡിഗ്രിയോ പി.ജിയോ ഭൗതിക തലങ്ങളിൽ പോലും ഒന്നിനും പരിഹാരമല്ലെന്നത് ആരും ഓർക്കാറില്ല. നമ്മുടെ ബൗദ്ധികവും സർഗാത്മകവുമായ മുന്നേറ്റത്തിനു സമന്വയ സ്ഥാപനങ്ങൾ അനിവാര്യമായതു പോലെ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ അഭിമാനകരമായ നിലനിൽപ്പിനു മതവിജ്ഞാനങ്ങളിൽ കൂടുതൽ അവഗാഹം നേടിയ പണ്ഡിതൻമാരും ആവശ്യമാണ്. തഹ്ഖീഖുള്ള ആലിമുകൾ ദീനിന്റെ നിലനിൽപ്പിന് അനിവാര്യമാ


## 'അവർ ഇംഗ്ലീഷ് പഠിക്കട്ടെ'
## ക്ലബ്ബുകൾക്കും സംഘടനകൾക്കും സഹായിക്കാം

ഇംഗ്ലീഷ് പഠിക്കാനുള്ള അതിയായ ആഗ്രഹത്താൽ സ്പോക്കൺ ഇംഗ്ലീഷ് കോഴ്സിന് ചേർന്ന് സമയവും പണവും നഷ്ടപ്പെടുത്തി ലക്ഷ്യം നിറവേറാതെ നിരാശരാവുന്നവരേയും ഇംഗ്ലീഷ് പഠിതാക്കളെയും സഹായിക്കാൻ പ്രോഗ്രസ് ഫൗണ്ടേഷന്റെ *'ഇംഗ്ലീഷ് പഠിക്കാൻ പഠിക്കാം'* ഫ്രീ സെമിനാർ.

പ്രാദേശിക തലത്തിൽ ഈ പ്രോഗ്രാം സംഘടിപ്പിക്കാൻ ക്ലബ്ബുകൾ/വിദ്യാർത്ഥി- യുവജന സംഘടനകൾ/വ്യക്തികൾ ബന്ധപ്പെടുക:

**9400431515, 9809650108.**

ണെന്നർത്ഥം. ആശങ്കാജനകമായ രീതിയിൽ കുറഞ്ഞുവരുന്നത് ഈ വിഭാഗമാണ്.

ഒരു ഭൗതിക ഡിഗ്രിയും മതവിജ്ഞാനീയങ്ങളുടെ ഏറ്റവും അനിവാര്യമായ ശാഖകൾ ഉൾകൊള്ളുന്ന മത ബിരുദവും ചേർന്ന സമന്വയ സ്ഥാപനങ്ങൾ ഒരുഭാഗത്തു നടക്കട്ടെ. അവരുടെ മുഖ്യഇടം ബൗദ്ധികവും സർഗാത്മകവുമായ മേഖലകളായിരിക്കണം. മറ്റൊരു ഭാഗത്ത് പ്രബോധിത സമൂഹത്തോട് സംവദിക്കാനാവശ്യമായ ഭൗതിക വിജ്ഞാനങ്ങൾ (അത് കേവലം യൂണിവേഴ്സിറ്റി ഡിഗ്രിയല്ല) നൽകി മതവിജ്ഞാനങ്ങളിൽ അവഗാഹം നേടിയ ആലിമുകളെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളും ഉയർന്നുവരട്ടെ. മസ്ജിദുകളും മഹല്ലുകളുമായിരിക്കണം ഇവരുടെ മുഖ്യ ഇടം. രണ്ടും പരസ്പരം ഏറ്റുമുട്ടേണ്ടവയല്ല. ഇതിൽ ആദ്യം പറഞ്ഞ സമന്വയ സ്ഥാപനങ്ങൾ ഇപ്പോൾ ശക്തമായ രീതിയിൽ പ്രവർത്തിക്കുന്നുവെങ്കിലും രണ്ടാമത്തേത് അങ്ങനെയല്ല. നാൾക്കുനാൾ ശോഷിച്ചുവരികയാണവ. മുമ്പ് ശരീഅത്ത് കോളേജുകളായി അറിയപ്പെട്ടിരുന്ന പലതും പിന്നീട് ദഅ്വാ കോളേജുകളിലേക്ക് ചുവടുമാറ്റിയത് അതിന്റെ അടയാളമാണ്.

തഹ്ഖീഖുള്ള ആലിമുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ ജാമിഅഃ നൂരിയ്യഃ പോലുള്ള സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം വർധിക്കുന്നതിവിടെയാണ്. ഏതാനും ചില ശരീഅത്തു കോളേജുകളിൽ നിന്നും ബാക്കി മുഴുവൻവരുന്ന പള്ളിദർസുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളെ രണ്ടുവർഷം ഒന്നിച്ചൊരു ക്ലാസിൽ അണിനിരത്തി ബിരുദവും നൽകിവിടുന്ന രീതിയെക്കുറിച്ച് ഒരു മുഴം മുന്നിൽ കണ്ട് ചിന്തിക്കേണ്ടിയിരിക്കുന്നു. വേറിട്ടുനിൽക്കുന്ന അറബിക് കോളേജുകളെയും പള്ളിദർസുകളെയും ഏകോപിപ്പിച്ചുനിർത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു യഥാർത്ഥ ജാമിഅഃയായി അതു മാറേണ്ടതുണ്ട്. എല്ലാവർക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിനു പകരം ഒരു പ്രത്യേക വിഷയത്തിൽ അഭിരുചിയുള്ളവർക്ക് പ്രസ്തുത വിഷയം സ്പെഷ്യലൈസ് ചെയ്ത് പഠിക്കാനുള്ള ശുഅ്ബകളും കുല്ലിയ്യകളും ഉയരണം. ഫിഖ്ഹ്, അഖീദ, തസ്വവ്വുഫ്, ഉസ്വൂലുദ്ദീൻ.. തുടങ്ങിയവയുടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ ഉൾകൊള്ളുന്ന ഒരു ജാമിഅ. അഞ്ചോ ആറോ വർഷം ഒരു ജൂനിയർ അറബിക് കോളേജിലോ പള്ളിദർസിലോ പഠിച്ച് ജാമിഅയിലെത്തുന്ന വിദ്യാർത്ഥിക്ക് ഐഛരിക വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. ഫിഖ്ഹിൽ താൽപര്യമുള്ളവർക്ക് ജാമിഅയിലെ കുല്ലിയത്തുൽ ഫിഖ്ഹ്, തസ്വവ്വുഫിൽ താൽപര്യകയാണ്. ഇതിനു യുക്തമായ പരിഹാരം കാണാനും ഗവേഷണ യോഗ്യതയുള്ള പണ്ഡിതൻമാരെ സൃഷ്ടിച്ചെടുക്കാനും നമുക്ക് സാധിക്കണം. ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങളെ കുറിച്ചും ആചാരാനുഷ്ഠാനങ്ങളെ കുറിച്ചുമുള്ള വിവാദങ്ങൾ മതത്തിന്റെ അകത്തു നിന്നും പുറത്തുനിന്നും ഉയരുമ്പോൾ പണ്ഡിതസുഹൃത്തുക്കളിൽ പോലും അതു സംശയങ്ങൾ സൃഷ്ടിക്കുന്നു. ഇതിനു ഒരു പരിധിവരെ പരിഹാരം കാണാൻ ഇത്തരം ബിരുദാനന്തര പഠന കേന്ദ്രങ്ങളിലൂടെയും സ്പഷലൈസേഷനിലൂടെയും സാധിക്കും.

മറ്റിതര ഇസ്‌ലാമിക യൂണിവേഴ്സിറ്റികളിൽ നമ്മുടെ പണ്ഡിത ബിരുദധാരികൾക്ക് തുടർപഠനം

**ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങളെ കുറിച്ചും ആചാരാനുഷ്ഠാനങ്ങളെ കുറിച്ചുമുള്ള വിവാദങ്ങൾ മതത്തിന്റെ അകത്തുനിന്നും പുറത്തുനിന്നും ഉയരുമ്പോൾ പണ്ഡിതസുഹൃത്തുക്കളിൽ പോലും അതു സംശയങ്ങൾ സൃഷ്ടിക്കുന്നു. ഇതിനു ഒരു പരിധിവരെ പരിഹാരം കാണാൻ ഇത്തരം ബിരുദാനന്തര പഠന കേന്ദ്രങ്ങളിലൂടെയും സ്പെഷലൈസേഷനിലൂടെയും സാധിക്കും**

മുള്ളവർക്ക് അത്... അങ്ങനെ ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ പുനഃരുദ്ധാരണത്തിനു ശ്രമിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഒരു ബിരുദം നേടിയതിനു ശേഷവും പഠനം തുടരാൻ ആഗ്രഹിക്കുന്ന നിരവധി പണ്ഡിത വിദ്യാർത്ഥികൾ നമുക്കിടയിലുണ്ട്. പക്ഷേ, ബിരുദാനന്തര ബിരുദത്തിനുള്ള അവസരം വേണ്ട രീതിയിൽ സജ്ജീകരിക്കപ്പെട്ടിട്ടില്ല. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലവും മറ്റും അത്തരം സംരംഭങ്ങൾ തുടങ്ങിയേടത്തുവെച്ചു തന്നെ പലപ്പോഴും പരാജയപ്പെട്ടു പോവുസാധ്യമാകുന്നവിധം, മുസ്‌ലിം ലോകത്തെ ജാമിഅഃകളുമായി മുആദല (ഈക്വാലിറ്റി)യുണ്ടാക്കുന്നതും മറ്റും വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം വർധിക്കാൻ ഇടവരുത്തും. അതോടൊപ്പം നമ്മുടെ മതവൈജ്ഞാനിക മുന്നേറ്റത്തിനു കൂടുതൽ ഊർജ്ജം പകരുക കൂടി ചെയ്യും. ഇതു തിരിച്ചറിഞ്ഞു മുന്നോട്ടു പോകാൻ ശ്രമിക്കുന്നതിനനുസരിച്ചായിരിക്കും നാളെയുടെ ചരിത്രം ജാമിഅഃ നൂരിയ്യ പോലുള്ള ഉന്നത മതകലാലയങ്ങളുടെ പ്രസക്തിയും പ്രാധാന്യവും രേഖപ്പെടുത്തുക.



**1963-ൽ ജാമിഅ പ്രഥമ ബാച്ചിലെ നാല് ഫൈസിമാരിൽ ഇന്നു ജീവിച്ചിരിക്കുന്ന ഏക വ്യക്തിത്വം ശൈഖുനാ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ ജാമിഅ കാലത്തേക്ക് തിരിഞ്ഞുനോക്കുന്നു**

●ഓർമ സംഭാഷണം

**ശൈഖുനാ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ/**

സലാം എം കുട്ടാലുങ്ങൽ, മുജീബ് റഹ്മാൻ മോങ്ങം

# ഇബാറത്തുകളെ കൂട്ടുപിടിച്ച ജാമിഅ കാലം

***ശൈഖുനാ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ***

*കോഴിക്കോട് ജില്ലയിലെ മുയിപ്പോത്തിൽ ജനിച്ചു. 'അരീക്കലിയ്യാത്തി'ന്റെ കർത്താവും ജ്യേഷ്ഠ സഹോദരനുമായ ശൈഖുനാ അബ്ദുറഹ്മാൻ മുസ്‌ലിയാരെ പോലെ മികവുറ്റ അറബി കവി, സമസ്ത കേന്ദ്ര മുശാവറ അംഗം. 27 വർഷമായി കടമേരി റഹ്മാനിയ്യയിൽ മുതിർന്ന അധ്യാപകനായി സേവനം ചെയ്തുവരുന്നു.*

**കേ**രളത്തിലെ മതവിദ്യാഭ്യാസ രംഗത്തെ സക്രിയമായ ചരിത്രങ്ങൾക്കായിരുന്നു ജാമിഅഃ നൂരിയ്യയുടെ രൂപീകരണത്തോടെ തിരികൊളുത്തപ്പെട്ടത്. ദർസ് പഠനശേഷം തഹ്സീലിന് വേണ്ടി പുറംനാടുകൾ മാത്രമായിരുന്നു 1963 വരെ ആശ്രയം. അവിടങ്ങളിലെ പഠനം പ്രയാസവും പ്രതിസന്ധികളും നിറഞ്ഞതായി മുതഅല്ലിമുകൾക്ക് അനുഭവപ്പെട്ടിരുന്നു. ഇതിനൊരു പരിഹാരമായി ഇസ്‌ലാമിക വിജ്ഞാനത്തിന്റെ തെളിനീരൊഴുക്കിന് ഊടും പാവും നൽകിയ, കേരള മണ്ണിൽ ബിരുദം നൽകുന്ന സ്ഥാപനമുണ്ടാവണമെന്ന ആലോചന സമുദായനേതൃ തലങ്ങളിൽ സജീവമായതിന്റെ പരിണതിയായാണ് കോളേജ് പിറവിയെടുക്കുന്നത്. ഒരുകാലത്ത് മുസ്‌ലിം കേരളത്തിന്റെ രണ്ടു കണ്ണുകളായിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും പാണക്കാട് പൂക്കോയ തങ്ങളും മനസ്സാവാചാകർമ്മണാ രംഗത്തിറങ്ങിയപ്പോൾ സമുദായം പിന്തുണയുമായി ഒപ്പം കൂടി. മർഹൂം ബാപ്പു ഹാജിയുടെ ദൈവിക വഴിയിലെ കൈനീട്ടവും ചേർന്നപ്പോൾ 1963 ഫെബ്രുവരി മൂന്നോടെ കേരളത്തിന്റെ മണ്ണിൽ ബിരുദം നൽകുന്ന കോളേജെന്ന സ്വപ്നം യാഥാർത്ഥ്യമാവുകയായിരുന്നു. ഇവിടന്നങ്ങോട്ടാണ് കേരളമണ്ണിൽ ഫൈസിമാരുടെ നേതൃത്വത്തിൽ പരമ്പരാഗത മൂല്ല്യാദർശങ്ങളുടെ സംരക്ഷണവും അർത്ഥം നഷ്ടപ്പെട്ട പരിഷ്കരണങ്ങൾക്കെതിരെയുള്ള പ്രതിരോധവും ശക്തിപ്പെടുന്നത്.

എന്റെ കുടുംബ പശ്ചാത്തലം

പാണ്ഡിത്യത്തിലൂടെ നെയ്തെടുത്ത തായതിനാൽ മതവിദ്യാഭ്യാസമെന്ന തിനപ്പുറം മറ്റൊരു വഴിയെ പറ്റി ആലോചിച്ചിരുന്നില്ല. വീട്ടിൽ വെച്ച് പിതാവ് അരീക്കൽ അഹ്മദ് മുസ്‌ലിയാരിൽ നിന്ന് തന്നെ കിതാബോത്ത് തുടങ്ങിയിരുന്നു. 'മീസാന'ടക്കമുള്ള കിതാബുകൾ പിതാവിൽ നിന്നാണ് ഓതിയത്. ശേഷം കാരണോർ(അമ്മാവൻ) ഒതിയോത്ത് ഇബ്രാഹീം മുസ്‌ലിയാരുടെ അടുക്കൽ ചെറുവണ്ണൂരിലെ ദർസിൽ ചേരുകയും അൽഫിയ്യ വരെയുള്ള കിതാബുകൾ ഓതിത്തീർക്കുകയും ചെയ്തു. ജ്യേഷ്ഠൻ അബ്ദുറഹിമാൻ മുസ്‌ലിയാരും (പിൽക്കാലത്ത് അറബികവിക്ക് മലയാളച്ചാർത്ത് നൽകിയ അരീക്കൻ അബ്ദുറഹിമാൻ മുസ്‌ലിയാർ) ചെറുവണ്ണൂരിൽ കൂടെ ഓതാനുണ്ടായിരുന്നു. തുടർന്ന് നാദാപുരം, പാറക്കടവ്, തളിപ്പറമ്പ്, ചേരാപുരം, വള്ള്യാട്, കല്ലുങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ പഠനം നടത്തി. വിജ്ഞാനവഴിയിലെ വിളക്കുമാടങ്ങളായിരുന്ന കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാർ, പാനൂർ തങ്ങൾ, കോളോത്ത്കണ്ടി മുസ്‌ലിയാർ, ചെറിയ മുഹമ്മദ് മുസ്‌ലിയാർ, കിഴക്കയിൽ അഹ്മദ് മുസ്‌ലിയാർ (കടമേരി റഹ്മാനിയ്യയുടെ സാരഥി ചീക്കിലോട്ട് കുഞ്ഞബ്ദുല്ല മുസ്‌ലിയാരുടെ അമ്മോശൻ) എന്നിവരിൽ നിന്നും ഇക്കാലയളവിൽ ജ്ഞാനസമ്പാദനം നടത്തുകയുണ്ടായി. കല്ലുങ്ങലിൽ വെച്ച് കിഴക്കയിൽ അമ്മദ് മുസ്‌ലിയാരുടെ അടുത്ത് നിന്നാണ് പട്ടിക്കാട് ജാമിഅയിലെത്തുന്നത്. ഈ സമയത്ത് വിവിധ ഫന്നുകളിലെ ഏകദേശ കിതാബുകളെല്ലാം ഓതിക്കഴിഞ്ഞിരുന്നു.

അറബിക് കോളേജിൽ ഉപരിപഠനം നടത്തുകയെന്നത് ഉൽക്കടമായ ആഗ്രഹമായിരുന്നു. കാലങ്ങളായി തുടർന്നുവന്നിരുന്ന ദർസീജീവിതം മാറി പുതിയ സാഹചര്യങ്ങളെ അറിയണമെന്ന ചിന്തയായിരുന്നു അക്കാലത്തെ ഓരോ മുതഅല്ലിമിനുമുണ്ടായിരുന്നത്. അതുവരെ പുറംലോകത്തെ ബിരുദം മാത്രം സ്വപ്നം കണ്ടിരുന്ന വിദ്യാർത്ഥികളുടെ മനസാന്തരങ്ങളിൽ സന്തോഷത്തിന്റെ തെന്നലായിരുന്നു പട്ടിക്കാട്ടെ ജാമിഅഃയുടെ രൂപീകരണം. പിന്നീടങ്ങോട്ട് മതവിദ്യകളുടെ ആധികാരിക പ്രവാഹം ജാമിഅഃ നൂരിയ്യയെന്ന വിളക്കുമാടത്തിലൂടെയായിരുന്നു.



*ശൈഖുനാ അരീക്കൽ ഇബ്റാഹീം മുസ്‌ലിയാർ*

"അറബിക് കോളേജിൽ ഉപരിപഠനം നടത്തുകയെന്നത് ഉൽക്കടമായ ആഗ്രഹമായിരുന്നു. കാലങ്ങളായി തുടർന്നുവന്നിരുന്ന ദർസീജീവിതം മാറി പുതിയ സാഹചര്യങ്ങളെ അറിയണമെന്ന ചിന്തയായിരുന്നു അക്കാലത്തെ ഓരോ മുതഅല്ലിമിനുമുണ്ടായിരുന്നത്. അതുവരെ പുറംലോകത്തെ ബിരുദം മാത്രം സ്വപ്നം കണ്ടിരുന്ന വിദ്യാർത്ഥികളുടെ മനസാന്തരങ്ങളിൽ സന്തോഷത്തിന്റെ തെന്നലായിരുന്നു പട്ടിക്കാട്ടെ ജാമിഅഃയുടെ രൂപീകരണം"

ഏകദേശം കിതാബുകളോതിത്തീർന്ന മുതഅല്ലിമുകളെല്ലാം ഉപരിപഠനത്തിന് പട്ടിക്കാട് കോളേജിനെ കുറിച്ച് ചിന്തിക്കാൻ തുടങ്ങിയ പ്രത്യേക സാമൂഹിക പശ്ചാത്തലമായിരുന്നു അന്നുണ്ടായിരുന്നത്. കിതാബുകളോടൊപ്പം ഭാഷാപഠനവും മറ്റു സാഹിതീയ മേഖലകളിലെ ഇടപെടലിനുള്ള താൽപര്യവുമെല്ലാം കോളേജിനെ കുറിച്ച് സ്വപ്നം കാണാൻ പ്രേരിപ്പിച്ച ഘടകമായിരുന്നു.

ഉന്നത പണ്ഡിതർക്ക് കീഴിൽ തഹ്സീൽ നേടുകയെന്നതോടൊപ്പം ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ കഴിവ് നേടണമെന്ന അതിയായ താൽപര്യവും മനസ്സിൽ നാമ്പിട്ടിരുന്നു. ദയൂബന്ദ് ദാറുൽ ഉലൂമിലേക്ക് പോവണമെന്ന് ജ്യേഷ്ഠൻ മർഹൂം അബ്ദുറഹ്മാൻ മുസ്‌ലിയാർ നിർദേശിച്ചിരുന്നെങ്കിലും കേരളത്തിൽ തുടക്കംകുറിച്ച ബിരുദ കോളേജിലേക്ക് പോവാനാണ് താൽപര്യം തോന്നിയത്.

മനസ്സിലൊരുപാട് പ്രതീക്ഷകളുണ്ടായിരുന്നു. ദർസീജീവിതത്തിൽ നിന്നും മാറി കോളേജ് ജീവിതം അനുഭവിക്കാൻ പ്രത്യേകിച്ച് വലിയ തയ്യാറെടുപ്പുകളൊന്നും അന്നു നടത്തിയിരുന്നില്ല.

ആദ്യബാച്ചിൽ മുതവ്വലിലേക്കും മുഖ്തസറിലേക്കുമായിരുന്നു അപേക്ഷ ക്ഷണിച്ചിരുന്നത്. കോളേജ് പ്രവേശനത്തിനുള്ള ഇന്റർവ്യൂ നടത്തിയത് അയനിക്കാട് അബ്ദുൽ അസീസ് മുസ്‌ലിയാർ (ഖുതുബിയുടെ മരുമകൻ) ആയിരുന്നു. ഞാൻ മുതവ്വലിലേക്കാണ് അപേക്ഷ നൽകിയത്. എന്നോട് 'മുതവ്വൽ' വായിക്കാൻ പറഞ്ഞു.

വായിക്കുന്നതിനിടയിൽ 'സിയാഖ്' എന്നതിന്റെ അർത്ഥം ചോദിച്ചു. മുഖ്തസറോതിയിരുന്ന സമയത്ത് ഇത് മനസ്സിലാക്കിവെച്ചിരു

ന്നതിനാൽ ഉടൻതന്നെ 'ആഖിറുൽ കലാമി ഔ ലാഹിഖുഹു' എന്നാണ് സിയാഖ് കൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്നു മറുപടി നൽകി. അതോടൊപ്പം തന്നെ 'സിബാഖ്' എന്നാൽ 'സാബിഖുൽ കലാം' എന്നാണ് അർത്ഥമാക്കുന്നതെന്നും ചോദിക്കാതെ തന്നെ മറുപടി നൽകി. ഇതു കേട്ട ഉടനെ തൊട്ടരികിലുണ്ടായിരുന്ന മർഹൂം കോട്ടുമല അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു: "ആ കുട്ടിയെ വിട്ടോളൂ, ആ കുട്ടിക്കെല്ലാമറിയാം." പട്ടിക്കാട്ടെ ഓർമകൾ ഓടിയെത്തുമ്പോൾ ഇന്നും കോട്ടുമല ഉസ്താദിന്റെ ആ വാക്കുകൾ ആവേശം പകരാറുണ്ട്.

നാലു പേരായിരുന്നു പട്ടിക്കാട്ടെ ആദ്യമുതവ്വൽ ബാച്ചിലുണ്ടായിരുന്നത്. കാസർക്കോട്ട് യൂസുഫ് മുസ്‌ലിയാർ, വാളക്കുളം അലവിക്കുട്ടി, മുഹമ്മദ്കുട്ടി എന്നിവരായിരുന്നു മറ്റുള്ളവർ. ഇതിൽ യൂസുഫ് ഹാജി എന്നറിയപ്പെട്ടിരുന്ന യൂസുഫ് മുസ്‌ലിയാർ പിന്നീട് കുറച്ചുകാലം പട്ടിക്കാട് മുദർരിസായി അധ്യാപനം നടത്തിയിരുന്നു. ഇതേസമയം മുഖ്തസർ ബാച്ചിൽ എ.പി.മുഹമ്മദ് മുസ്‌ലിയാർ കുമരംപുത്തൂർ, സൈതലവി ബാഫഖി തങ്ങൾ, മുക്കം മുഹമ്മദ് തുടങ്ങിയവരുണ്ടായിരുന്നു.

താഴെക്കോട്ടെ കുഞ്ഞലവി മുസ്‌ലിയാർ, ശൈഖുനാ കോട്ടുമല അബൂബ്കർ മുസ്‌ലിയാർ എന്നിവരായിരുന്നു പട്ടിക്കാട്ടെ ആദ്യത്തെ മുദർരിസുമാർ. കോളേജ് തുടങ്ങി ആറുമാസത്തോളം കഴിഞ്ഞാണ് ശൈഖുന ശംസുൽ ഉലമ ഇ.കെ.അബൂബക്ർ മുസ്‌ലിയാർ ചാർജ്ജെടുക്കുന്നത്.

ഉസ്താദുമാരുടെ ഓരോ ക്ലാസുകളും അറിവിന്റെ പുതിയ വാതായനങ്ങൾ മലർക്കെ തുറക്കുന്നതായിരുന്നു. ഓർമയിലെ സുഗന്ധസൂനമായി ഇന്നും ആ ക്ലാസുകൾ മനസ്സുകളിൽ വിടർന്നു നിൽക്കുന്നു.

തുടക്കം പട്ടിക്കാട്ടെ പള്ളിയിൽ വെച്ചായിരുന്നു. ഇന്നത്തെ പോലെ സൗകര്യങ്ങളുടെ ആധിക്യമുണ്ടായിരുന്നില്ല. ഉള്ള സൗകര്യങ്ങളിൽ ആനന്ദം കണ്ടെത്തി അറിവുകളെ അന്വേഷിക്കുകയെന്ന റോൾ മാത്രമേ ജീവിതത്തിലുണ്ടായിരുന്നുള്ളൂ. ഇന്ന് അതിനൊക്കെ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കുളിക്കാനും മറ്റു പ്രാഥമിക കർമ്മങ്ങൾക്കുമെല്ലാം ഉള്ളത് ഉപയോഗപ്പെടുത്തി ക്ഷമിച്ചും സഹിച്ചുമാണ് ആദ്യകാലങ്ങൾ കഴിച്ചുകൂട്ടിയത്. പ്രയാസങ്ങളും പ്രതിസന്ധികളുമെല്ലാം കിതാബുകളുടെ ഇബാറത്തുകൾക്കിടയിൽ ഇല്ലാതായിരുന്നു. അവിടെ സൗകര്യങ്ങൾ പോരാ എന്ന ചെറുചിന്തപോലും ആർക്കും ഉണ്ടായിരുന്നില്ല. ഈ രീതിയിലുള്ള പഠനം ഭാവിജീവിതത്തിൽ വെളിച്ചമായി മാറിയിട്ടുണ്ടെന്നത് അനുഭവയാഥാർത്ഥ്യമാണ്. അല്ലെങ്കിലും പ്രയാസങ്ങളും പ്രതിസന്ധികളും സഹിക്കാതെ എന്തെങ്കിലും നേടാനാവുമോ?

സമൂഹത്തിൽ ഇത്രമേൽ പരക്കാനിടയാക്കിയത്.

ഭക്ഷണവും ഇന്നത്തെ പോലെ സമൃദ്ധമായിരുന്നില്ല. കാന്റീനിലെ 'നീട്ടി' വെക്കുന്ന കറിയും ചോറും ഇന്നും നല്ല അനുഭവമാണ് നൽകുന്നത്. ഉണക്കമാന്തളും കുമ്പളങ്ങയുമായിരുന്നു പ്രധാന വിഭവങ്ങൾ. രാവിലത്തെ ചായ പള്ളിക്കടുത്ത ചായപ്പീടികയിൽ നിന്നായിരുന്നു. അതിന് 15 പൈസ കോളേജ് തരുമായിരുന്നു. ഭക്ഷണ കാര്യങ്ങളിൽ യാതൊരുവിധ താൽപര്യവും കാണിക്കാതെ ജീവിതം ഇൽമിനു വേണ്ടി മാറ്റിവെക്കുകയെന്ന മഹത്തായ ചിന്ത മാത്രമായിരുന്നു മുന്നിലുണ്ടായിരുന്നത്. ഭക്ഷണം അത്രയൊക്കെ മതിയെന്ന രീതിയിലായിരുന്നു കുട്ടി

> "കുളിക്കാനും മറ്റു പ്രാഥമിക കർമ്മങ്ങൾക്കുമെല്ലാം ഉള്ളത് ഉപയോഗപ്പെടുത്തി ക്ഷമിച്ചും സഹിച്ചുമാണ് ആദ്യകാലങ്ങൾ കഴിച്ചുകൂട്ടിയത്. പ്രയാസങ്ങളും പ്രതിസന്ധികളുമെല്ലാം കിതാബുകളുടെ ഇബാറത്തുകൾക്കിടയിൽ ഇല്ലാതായിരുന്നു. അവിടെ സൗകര്യങ്ങൾ പോരാ എന്ന ചെറുചിന്തപോലും ആർക്കും ഉണ്ടായിരുന്നില്ല. ഈ രീതിയിലുള്ള പഠനം ഭാവിജീവിതത്തിൽ വെളിച്ചമായി മാറിയിട്ടുണ്ടെന്നത് അനുഭവയാഥാർത്ഥ്യമാണ്"

ഉറക്കം പള്ളിയുടെ രണ്ടാം നിലയിലായിരുന്നു. പലകവിരിച്ച നിലമായിരുന്നു അന്നത്തെ രണ്ടാം നില. എല്ലാവരും ഉള്ള സൗകര്യത്തിൽ അവിടെ കിടന്നുറങ്ങും. തലയിണപോലുമുപയോഗിക്കാതെയാണ് അന്നവിടെ രണ്ടു വർഷം ഞാൻ കഴിച്ചുകൂട്ടിയത്. കിടക്കാൻ എല്ലാ സൗകര്യങ്ങളും വേണമെന്ന ബോധമൊന്നും അന്നുണ്ടായിരുന്നില്ല. അന്നത്തെ മുതഅല്ലിംകളുടെ ഇത്തരം ത്യാഗമനോഭാവങ്ങളാണ് ഇൽമിന്റെ മഹത്വവും ശ്രേഷ്ഠതയും കളുടെ ഇടപെടൽ.

ഉസ്താദുമാർക്ക് ബാപ്പു ഹാജിയുടെ വീട്ടിൽ നിന്നായിരുന്നു ഭക്ഷണം. സുഖസൗകര്യങ്ങൾ പരിഗണിക്കാതെ ദീനിന്റെ വഴിയിൽ സേവനം ചെയ്യുന്ന ആ ഗുരുവര്യരുടെ ത്യാഗമനസ്ഥിതി പട്ടിക്കാട് കോളേജിന്റെ ആദ്യകാലത്തെ കുറിച്ചാലോചിക്കുമ്പോൾ ഇന്നും തികട്ടിവരാറുണ്ട്.

ഒരിക്കൽ സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പള്ളിയിലെത്തിയത് കയ്യിലൊരു പുതപ്പുമായാണ്. ശംസുൽ ഉലമ ഇ.കെ. അബൂബക്ർ

മുസ്‌ലിയാർക്ക് നൽകാനായി കൊണ്ടുവന്നതായിരുന്നു അത്. ഇതിനെപ്പറ്റി ശംസുൽ ഉലമ പിന്നീട് പറഞ്ഞത്, ഇവിടത്തെ സൗകര്യക്കുറവുകളിൽ മടുപ്പ് തോന്നാതെ ഞാൻ എന്നും ഇവിടെത്തന്നെ നിൽക്കാൻ ബാഫഖി തങ്ങൾ ചെയ്ത പണിയായിരുന്നു അതെന്നാണ്.

ഖുതുബി മുഹമ്മദ് മുസ്‌ലിയാർ തുഹ്ഫ ഓതിക്കൊടുത്തു കൊണ്ടായിരുന്നു ക്ലാസുകൾക്ക് പ്രാരംഭം കുറിച്ചത്. പക്ഷേ, എന്തോ കാരണത്താൽ ഉദ്ഘാടന സദസ്സിൽ പങ്കെടുക്കാൻ സാധിച്ചില്ല. പിന്നെയാണ് കോളേജിലെത്താൻ കഴിഞ്ഞത്.

കോട്ടുമല ഉസ്താദ് അകത്തെ പള്ളിയിൽ നിന്നും കുഞ്ഞലവി ഉസ്താദും ഇ.കെ. ഉസ്താദും അവരുടെ റൂമുകളിൽ നിന്നുമായിരുന്നു സബ്ഖ് നടത്തിയിരുന്നത്. മുതവ്വൽ ക്ലാസിൽ കുഞ്ഞലവി മുസ്‌ലിയാർ തുഹ്ഫയായിരുന്നു ഓതിത്തന്നത്. മുസ്‌ലിമും തുർമുദിയും കോട്ടുമല ഉസ്താദും മുവത്വ, ഹംദുല്ല, നസാഇ തുടങ്ങിയവ ശംസുൽ ഉലമയുമാണ് പഠിപ്പിച്ചിരുന്നത്. മുഖ്തസർ ക്ലാസുകളിലും ഇവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നു.

വിവിധ ശൈലികളിലുള്ള അവരുടെ ഓർമ്മകൾ ഇന്നും ഹൃദ്യമായ അനുഭവമാണ്. കോട്ടുമല ഉസ്താദിന്റേത് സാവധാനത്തിൽ പറഞ്ഞു മനസ്സിലാക്കി തരുന്നതായിരുന്നു. ശംസുൽ ഉലമയുടെ ക്ലാസുകൾ ജീവിതത്തിലെ സൗഭാഗ്യമായി കരുതുന്നു. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലേക്ക് വഴി നടത്തിയിരുന്നു ഓരോ നിമിഷങ്ങളും.

ഓരോ വിഷയത്തിലും ശാഫിഈ മദ്ഹബിനെ റാജിഹാക്കി കൊണ്ടുള്ള ഹദീസ് ക്ലാസുകൾ പ്രത്യേകതകൾ നിറഞ്ഞതാണ്. ക്ലാസുകൾക്കിടയിൽ ശാഫിഈ മദ്ഹബിനെ സ്ഥിരപ്പെടുത്തിയ ശേഷം ശംസുൽ ഉലമ പറയും: "ലം തലിദ് ഉമ്മുൻ മിസ്‌ലശ്ശാഫിഇയ്യി" (ഒരു ഉമ്മയും ശാഫിഈ(റ)യെ പോലെ ഒരാളെയും പ്രസവിച്ചിട്ടില്ല.) ശാഫിഈ മദ്ഹബിലുള്ള ഗഹനമായ അറിവിന്റെ പ്രതിഫലനമായിരുന്നു ഈ വാക്കുകൾ.

ഞങ്ങളുടെ കൂട്ടത്തിലുള്ള അലവി നല്ലവണ്ണം സംശയങ്ങൾ ചോദിക്കുമായിരുന്നു. സംശയങ്ങൾക്ക് അസ്‌ല് മസ്അല തന്നെ വീണ്ടും മടക്കിപ്പറഞ്ഞ് എല്ലാവരെയും തിരിയിക്കുന്ന രീതിയായിരുന്നു ശംസുൽ ഉലമയുടേത്.

ഇങ്ങനെ സംശയങ്ങൾ ഉണ്ടാക്കിയും ചോദ്യങ്ങൾ ചോദിപ്പിച്ചും അറിവിന്റെ വിശാലതയിലേക്ക് മുതഅല്ലിംകളെ കൂടെ കൊണ്ടുപോകുന്ന അധ്യാപന ശൈലി ഓർത്തെടുക്കുമ്പോൾ സായൂജ്യമനുഭവപ്പെടാറുണ്ട്. പണ്ഡിതലോകത്തെ സൂര്യൻ തന്നെയാണ് ശംസുൽ ഉലമയെന്ന് ബോധ്യപ്പെടുന്ന നിമിഷങ്ങളായിരുന്നു അത്.

ഒരിക്കൽ ക്ലാസെടുക്കുന്നതിനിടയിൽ ഹനഫീ മദ്ഹബിന് അനുകൂലമായി ഹദീസ് വന്നു. അവസാനം തമാശയായി ശംസുൽ ഉലമ പറഞ്ഞു: "ഹനഫീ(റ)യും ഒരു മദ്ഹബിന്റെ ഇമാമല്ലേ.. അവർക്കും വേണ്ടേ ഒരു തെളിവ്!" അറിവിന്റെ ശക്തികൊണ്ട് എല്ലാം തുറന്നുപറയുന്ന ശൈലി ഇ.കെ. ഉസ്താദിന്

"അന്ന് നൂരിഷ ഇടക്കിടെ കോളേജിൽ വരാറുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ത്വരീഖത്തിന്റെ രീതിശാസ്ത്രം ശരിയല്ലെന്ന് ശംസുൽ ഉലമക്ക് അന്നേ ബോധ്യപ്പെട്ടിരുന്നു. പട്ടിക്കാട് കോളേജിന്റെ ബോർഡിൽ 'നൂറുൻ വ ഹുദൻ' എന്ന ആയത്ത് എല്ലാവരും കാണുന്ന രീതിയിൽ എഴുതിവെക്കാൻ ശംസുൽ ഉലമ നിർദേശിച്ചിരുന്നു. ഇത് കാലാന്തരത്തിൽ 'ജാമിഅ നൂരിയ്യ' എന്നത് നൂരിഷയിലേക്ക് ചേർക്കപ്പെട്ടതാണെന്നു ആരും തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടിയായിരുന്നു. ഇ.കെ. ഉസ്താദിന്റെ ദീർഘവീക്ഷണമാണ് ഇതിലൂടെ അനുഭവവേദ്യമായത്"



ബാഖിയാത്തിൽ വെച്ച് തന്നെയുണ്ടായിരുന്നു. ആ ശീലം ജീവിതാവസാനം വരെ കൂടെ കൂട്ടിയിരുന്നു.

ഉസ്താദുമാരും ശിഷ്യൻമാരും തമ്മിൽ നല്ല ആത്മബന്ധം നിലനിന്നിരുന്നു. ശംസുൽ ഉലമ പുറമേക്ക് ഗൗരവ പ്രകൃതിയായിരുന്നുവെങ്കിലും അടുത്തുകഴിഞ്ഞാൽ സൗഹൃദമനോഭാവത്തോടെ പെരുമാറിയിരുന്നു.

പത്ര പ്രസിദ്ധീകരണങ്ങളടക്കമുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ വലിയ താൽപര്യം കാട്ടിയിരുന്നില്ല. ആഴ്ചയിലൊരിക്കൽ സാഹിത്യസമാജങ്ങൾ നടക്കാറുണ്ടായിരുന്നു. മലയാള പ്രസംഗങ്ങൾ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്.

കിതാബിന്റെ ഇബാറത്തുകളിൽ തന്നെയായിരുന്നു അധിക സമയവും. പരീക്ഷാക്കാലങ്ങളിലൊക്കെ രാത്രിയെ പകലാക്കി പഠിക്കാനിരിക്കാറുണ്ട്.

ഒരു പരീക്ഷാ കാലത്തെ ഓർമ ഇപ്പോഴും മനസ്സിലുണ്ട്.

സ്വഹീഹു മുസ്‌ലിമിന്റെ പരീക്ഷ നടക്കുകയാണ്. ഒരു ചോദ്യം ഇപ്രകാരമായിരുന്നു: സഹ്‌വിന്റെ സുജൂദ് സലാമിന്റെ മുമ്പോ സലാമിന് ശേഷമോ എന്ന വിഷയത്തിൽ മദ്ഹബുകൾക്കിടയിൽ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ മദ്ഹബിൽ സലാമിന് തൊട്ടുമുമ്പാണ് സുജൂദിന്റെ സ്ഥലം. ഇത് സംബന്ധിയായിരുന്നു ചോദ്യം. മുതാലഅയുടെ സമയത്ത് ഈ വിഷയങ്ങളൊക്കെ നോക്കി തഹ്ഖീഖാക്കിയിരുന്നു. ഈ വിഷയത്തിൽ ശറഹുമുസ്‌ലിമിൽ ഇമാം നവവി(റ) ഷാഫിഈ മദ്ഹബ് സ്ഥിരപ്പെടുത്തുന്ന ഭാഗം മുഴുവൻ ശ്രദ്ധയോടെ പഠിച്ചിരുന്നതിനാൽ കിതാബിലെ ഇബാറത്ത് ഉദ്ധരിച്ച് തന്നെ ചോദ്യത്തിന് മറുപടിയെഴുതി. പക്ഷേ, ഉത്തരപേപ്പർ നോക്കിയ ഉസ്താദ് പരീക്ഷക്കിടയിൽ കിതാബ് നോക്കിയെഴുതിയതാണോ എന്ന് സംശയം പ്രകടിപ്പിക്കുകയുണ്ടായി. എങ്കിലും അവസാനം, പഠിച്ചെഴുതിയതാണെന്ന് അംഗീകരിക്കപ്പെടുകയായിരുന്നു. ആ ഓർമ ഇന്നും ഒരു കുളിർമഴ പോലെ മനസ്സിലുണ്ട്.

ആദ്യവർഷം കിതാബെടുത്ത് വായിപ്പിക്കുന്ന രീതിയിലായിരുന്നു പരീക്ഷ (തഖ്‌രീർ). രണ്ടാം വർഷം എഴുത്ത് പരീക്ഷയിലേക്ക് മാറി. കണ്ണിയത്ത് ഉസ്താദ്, കാടേരി, സദഖത്തുല്ല മുസ്‌ലിയാർ, അയനിക്കാട് ഉസ്താദ് തുടങ്ങിയവർ വിവിധ സമയങ്ങളിൽ പരീക്ഷക്ക് വേണ്ടി വന്നിരുന്നു.

അറബിക് കോളേജിലേക്ക് സ്വപ്നങ്ങൾ നെയ്തുതുടങ്ങിയത് തന്നെ ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ പ്രാവീണ്യം നേടാം എന്നതുകൊണ്ടായിരുന്നു. നിർഭാഗ്യവശാൽ ആദ്യവർഷങ്ങളിൽ ഭാഷാപഠനങ്ങൾ നടന്നിരുന്നില്ല. പിന്നീട് കാലങ്ങൾക്ക് ശേഷം കെ.പി. ഉസ്മാൻ സാഹിബിന്റെയൊക്കെ വരവോടെയാണ് കോളേജിൽ ഇതര ഭാഷകൾ പഠിപ്പിക്കപ്പെടാൻ തുടങ്ങിയത്.

അന്ന് നൂരിഷ ഇടക്കിടെ കോളേജിൽ വരാറുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ത്വരീഖത്തിന്റെ രീതിശാസ്ത്രം ശരിയല്ലെന്ന് ശംസുൽ ഉലമക്ക് അന്നേ ബോധ്യപ്പെട്ടിരുന്നു. പട്ടിക്കാട് കോളേജിന്റെ ബോർഡിൽ 'നൂറുൻ വ ഹുദൻ' എന്ന ആയത്ത് എല്ലാവരും കാണുന്ന രീതിയിൽ എഴുതിവെക്കാൻ ശംസുൽ ഉലമ നിർദേശിച്ചിരുന്നു. ഇത് കാലാന്തരത്തിൽ 'ജാമിഅ നൂരിയ്യ' എന്നത് നൂരിഷയിലേക്ക് ചേർക്കപ്പെട്ടതാണെന്നു ആരും തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടിയായിരുന്നു. ഇ.കെ.ഉസ്താദിന്റെ ദീർഘവീക്ഷണമാണ് ഇതിലൂടെ അനുഭവവേദ്യമായത്.

അക്കാലത്ത് ഇടക്കിടെ കോളേജിലേക്ക് പൂക്കോയ തങ്ങളും ബാഫഖി തങ്ങളും വന്നിരുന്നു. യോഗത്തിനോ പിരിവാവശ്യത്തിനോ വേണ്ടിയായിരിക്കും മിക്കപ്പോഴും ആ സന്ദർശനങ്ങൾ. പിരിക്കാനിറങ്ങുമ്പോൾ സമുദായം ആവേശകരമായ രീതിയിൽ സ്വീകരിക്കാറുണ്ടെന്ന കാര്യം അവർ പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നു. ബാപ്പു ഹാജി ഓരോ സ്ഥലങ്ങൾ സ്ഥാപനത്തിന് വേണ്ടി വഖ്ഫ് ചെയ്യുമ്പോഴൊക്കെ ശംസുൽ ഉലമ ഉച്ചത്തിൽ തക്ബീർ ചൊല്ലി സന്തോഷം പ്രകടിപ്പിച്ചിരുന്നു.

പള്ളിയിൽ ആദ്യവർഷം ജമാഅത്തിന് നേതൃത്വം നൽകിയിരുന്നത് മുതഅല്ലിമുകൾ തന്നെയായിരുന്നു. രണ്ടാം വർഷം മുതൽ മുത്തുതങ്ങളെ ഇമാമത്തിന് ചുമതലയേൽപ്പിക്കുകയുണ്ടായി.




**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**

**കോഡൂർ, ചോളൂർ**

**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു.

എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**

**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**

ബാങ്കിന്റെ മുമ്പ് സമയമറിയിക്കാനായി ചെണ്ടമുട്ടുന്ന ആചാരം പട്ടിക്കാട് പള്ളിയിലുണ്ടായിരുന്നു. നാട്ടുകാരുമായി കുട്ടികൾക്ക് വലിയ ബന്ധമുണ്ടായിരുന്നില്ല. വെള്ളിയാഴ്ച ജുമുഅ നടന്നിരുന്നത് തൊട്ടപ്പുറത്തുള്ള ഒരു പള്ളിയിലായിരുന്നു. കോളേജിന് പുറത്ത് അന്ന് ഇന്നത്തെ പോലെ അങ്ങാടികളോ തിരക്കുകളോ സജീവമായിരുന്നില്ല. രണ്ടു വർഷത്തിനിടയിൽ പുറമേക്ക് ആകെ രണ്ട് കല്ല്യാണത്തിന് മാത്രമേ പോയിട്ടുള്ളൂ. ഒന്ന് മണ്ണാർക്കാട്ടേക്കായിരുന്നു.

ബാപ്പു ഹാജി എന്ന സാത്വികനായ സമ്പന്നൻ തന്റെ കാലശേഷം സമ്പത്ത് അന്യാധീനപ്പെട്ട് പോവരുതെന്ന ചിന്ത കാരണം സമ്പത്തിന്റെ ഭൂരിഭാഗവും കോളേജിനു വേണ്ടി നീക്കിവെച്ചു. കുടുംബത്തിൽ നിന്നും പല എതിർപ്പുകളും നേരിട്ടിട്ടുണ്ടെങ്കിലും മഹാൻ പിൻമാറിയിരുന്നില്ല. “ഇതെല്ലാം കൊടുത്താൽ അവസാനം കോളേജിന്റെ അടുത്ത് ഒരു ഖബറിനുള്ള സ്ഥലമല്ലേ പകരം കിട്ടൂ” എന്ന് പറഞ്ഞ് ബന്ധുക്കളിൽ പലരും നിരുത്സാഹപ്പെടുത്താറുണ്ടായിരുന്നു.

കോളേജിൽ നിന്ന് പോന്നശേഷം നാടിനടുത്തുള്ള തിരുവള്ളൂരിൽ മുദർരിസായി ജോലിനോക്കുമ്പോഴാണ് ആദ്യ സനദ്ദാന സമ്മേളനം നടക്കുന്നത്. മഹല്ലിലെയും കുടുംബത്തിലെയും ഒട്ടനവധിയാളുകൾ സമ്മേളനത്തിനെത്തിയിരുന്നു. കേവല വർഷങ്ങൾ കൊണ്ട് സമുദായമനസ്സിൽ ഇടം നേടിയതിന്റെ തെളിവായിരുന്നു അവിടെയെത്തിയ ജനക്കൂട്ടം. വെല്ലൂരിലെ അബൂബക്ർ ഹസ്റത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു പ്രഥമ സമ്മേളനത്തിൽ. പൂക്കോയ തങ്ങളാണ് സനദ് തന്നത്.

പട്ടിക്കാട് കോളേജിൽ നിന്നും ഫൈസിയായി പൂക്കോയ തങ്ങളുടെ തൃക്കരങ്ങളിൽ നിന്നും ലഭിച്ച ആ സനദ് ഇന്നു കയ്യിലില്ലെന്നത് എക്കാലത്തെയും എന്റെ സ്വകാര്യ വിഷമമാണ്. അത് ആർ.എസ്.എസുകാർ കത്തിച്ചുകളഞ്ഞു. തലശ്ശേരി മമ്മാകുന്നിൽ മുദർരിസായി ജോലിനോക്കിയ ശേഷം തലശ്ശേരി കേന്ദ്രീകരിച്ച് ആർ.എസ്.എസുകാർ മുസ്‌ലിംകൾക്കെതിരെ തിരിഞ്ഞ കാലമായിരുന്നു അത്. ഭക്ഷണത്തിന് പോയിരുന്ന മുതഅല്ലിംകൾക്ക് ഭീഷണിനേരിട്ടിരുന്നു. റമളാൻ അവധിക്ക് ശേഷം തിരിച്ചുവരാമെന്ന ഉദ്ദേശ്യത്തിൽ കയ്യിലുണ്ടായിരുന്ന ഇരുമ്പ് പെട്ടിയിൽ കിതാബിന്റെ കൂടെ സനദ് സർട്ടിഫിക്കറ്റും ഭദ്രമായി അടുക്കിവെക്കുകയും അകത്തെ പള്ളിയിലെ അലമാരക്ക് മുകളിൽ വെക്കുകയും ചെയ്തു. ദൗർഭാഗ്യകരമെന്നു പറയട്ടെ വൈരം മൂത്ത ആർ.എസ്.എസുകാർ പള്ളി ആക്രമിക്കുകയും സകലതിനും തീവെക്കുകയും ചെയ്തു. പഴയമരത്തിന്റേതായിരുന്നതു കൊണ്ട് തന്നെ പള്ളി നിലംപൊത്തി വീണു. ഇതിൽ പെട്ടിയും സകലതും നശിക്കുകയുണ്ടായി. വളരെയധികം വേദന തോന്നിയ നിമിഷങ്ങളായിരുന്നു അത്. വടകര മുഹമ്മദ് ഹാജി(ന:മ) ബർക്കത്തിനു വേണ്ടി ഒരിക്കൽ നൽകിയ കാലണ ഒരു ശീലയിൽ ചുറ്റി ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചിരുന്നു. അതും നഷ്ടപ്പെടുകയുണ്ടായി. നഷ്ടങ്ങൾ സംഭവിച്ചവർക്ക് അന്ന് തലശ്ശേരി കേയി സാഹിബിന്റെ നേതൃത്വത്തിൽ സഹായങ്ങൾ നൽകിയിരുന്നു. കൃത്യമായ സമയത്ത് അപേക്ഷിക്കാതിരുന്നതിനാൽ നഷ്ടപരിഹാരം ലഭിച്ചില്ല.

അറബി കവിതാ രചനയിൽ മുമ്പേ താൽപര്യമുണ്ടായിരുന്നു. ജ്യേഷ്ഠൻ അബ്ദുറഹിമാൻ മുസ്‌ലിയാരും പിതാവും ഈരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരായിരുന്നു. അതുകൊണ്ട് തന്നെ ആ കഴിവ് എനിക്കും പകർന്നുകിട്ടി. വിവിധ മഹാൻമാരുടെ മർസിയ്യത്തുകൾ എഴുതിയിട്ടുണ്ട്. അൽബൽജ (റഹ്മാനിയ്യ കോളേജ് വിദ്യാർത്ഥി സംഘടന ബഹ്ജത്ത് പുറത്തിറക്കുന്ന അറബി പ്രസിദ്ധീകരണം), അന്നൂർ (പട്ടിക്കാട് ജാമിഅ നൂരിയ്യ) തുടങ്ങിവകളിൽ മർസിയ്യത്തുകൾ എഴുതിയിട്ടുണ്ട്.

ജ്യേഷ്ഠൻ അബ്ദുറഹിമാൻ മുസ്‌ലിയാർ സമസ്തയെയും അതിന്റെ സാത്വികരായ നേതൃത്വത്തെയും അംഗീകരിച്ച വ്യക്തി തന്നെയായിരുന്നു. സമസ്ത നേതാക്കളുടെ പേരിൽ മർസിയ്യത്തെഴുതിയത് ഇതിന് വ്യക്തമായ തെളിവാണ്.

ബിരുദം നേടിയ ശേഷം വിവിധ സ്ഥലങ്ങളിൽ മുദർരിസായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തിരുവള്ളൂർ, കായണ്ണ, തെരുവംപറമ്പ്, കൈപ്രം, എടച്ചേരി, പാനൂർ തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു അത്. 1983 മുതൽ തെന്നിന്ത്യയിലെ അത്യുന്നത മതകലാലയമായ കടമേരി റഹ്മാനിയ്യ അറബിക് കോളേജിൽ സേവനമനുഷ്ഠിച്ചുവരുന്നു. അതോടൊപ്പം താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ ഖാളി സ്ഥാനവും വഹിക്കുന്നു.

“പട്ടിക്കാട് കോളേജിൽ നിന്നും ഫൈസിയായി പൂക്കോയ തങ്ങളുടെ തൃക്കരങ്ങളിൽ നിന്നും ലഭിച്ച ആ സനദ് ഇന്നു കയ്യിലില്ലെന്നത് എക്കാലത്തെയും എന്റെ സ്വകാര്യ വിഷമമാണ്. അത് ആർ.എസ്.എസുകാർ കത്തിച്ചുകളഞ്ഞു. തലശ്ശേരി മമ്മാകുന്നിൽ മുദർരിസായി ജോലിനോക്കിയ ശേഷം തലശ്ശേരി കേന്ദ്രീകരിച്ച് ആർ.എസ്.എസുകാർ മുസ്‌ലിംകൾക്കെതിരെ തിരിഞ്ഞ കാലമായിരുന്നു അത്”



**എസ്കെഎസ്എസ്എഫ്
സംസ്ഥാന ജനറൽ സെക്രട്ടറി
ഓണമ്പിള്ളി മുഹമ്മദ് ഫൈസി
പുതിയ ആലോചനകളും
അജണ്ടകളും തുറന്നുവെക്കുന്നു**

●നിയോഗം, നിലപാട്

**ഓണമ്പിള്ളി മുഹമ്മദ് ഫൈസി** / ശുഐബ് നഫീസ് വാരാമ്പറ്റ

# നിരത്തിലെ നിറങ്ങൾക്കപ്പുറം നെഞ്ചിലെ നേരുകളിലേക്ക്

●***തുടക്കം മുതൽ തന്നെ പറഞ്ഞുവരാം, കുടുംബവും വീടും കുട്ടിക്കാലവുമൊക്കെ എങ്ങനെയാണ്?***

എറണാകുളം ജില്ലയിലെ കാലടിക്കടുത്താണ് ജന്മദേശമായ ഓണമ്പിള്ളി. ബാപ്പ അബ്ദുൽ ഖാദിർ നാട്ടിലെ പൊതുപ്രവർത്തകനും സമുദായസ്നേഹിയുമായിരുന്നു. നാട്ടിൽ അരിക്കച്ചവടം നടത്തിയിരുന്ന ബാപ്പ വീട്ടിൽ കർശനമായ ഇസ്ലാമിക അച്ചടക്കം പാലിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ പ്രചോദനം അദ്ദേഹമായിരുന്നു. ഭക്ഷണവും ശിക്ഷണവും ബാപ്പ തന്നു. ഔദ്യോഗികമായി അത്രയൊന്നും ഉയർന്നു പഠിച്ചിട്ടില്ലെങ്കിലും ബാപ്പ ഒരു തികഞ്ഞ ജ്ഞാനി കൂടിയായിരുന്നു. ലക്ഷണമൊത്ത സർഗസ്പർശം ബാപ്പയെ വ്യത്യസ്തനാക്കി. ഇംഗ്ലീഷിൽ പോലും ബാപ്പ ആശയസമ്പന്നമായ കവിതകൾ എഴുതുമായിരുന്നു. ബാപ്പ എഴുതിയ ഒട്ടനേകം മലയാള-ഇംഗ്ലീഷ് കവിതാശകലങ്ങൾ ഇപ്പോഴും എന്റെ പക്കലുണ്ട്. പ്രസിദ്ധീകരിച്ച് പ്രശസ്തനാവാൻ ബാപ്പാക്ക് തെല്ലും താൽപര്യമില്ലായിരുന്നു. ആത്മസായൂജ്യത്തിന് വേണ്ടി ബാപ്പ പലതും കുറിച്ചിട്ടുവെന്ന് മാത്രം. ഹൈന്ദവ ദർശനങ്ങളടക്കം ഇസ്ലാമേതര തത്വശാസ്ത്രങ്ങളിലും ബാപ്പാക്ക് പിടിപാടുണ്ടായിരുന്നു. എന്നെ ഞാനാക്കിമാറ്റുന്നതിൽ ബാപ്പയുടെ ഇത്തരം അന്തഃചോദനകൾ തീർച്ചയായും സ്വാധീനംചെലുത്തിയിട്ടുണ്ട്. അക്കാലത്തെ മാതൃഭൂമി ആഴ്ച്ചപ്പതി

പ്പിലെ ഹൈന്ദവദർശന പരമ്പരയുടെ നിത്യവായനക്കാരനായിരുന്നു ബാപ്പ. അവകളെ ഇസ്‌ലാമുമായി താരതമ്യം ചെയ്യാനും ബാപ്പാക്ക് വലിയ താൽപര്യമായിരുന്നു. എന്നെ വേദാന്തങ്ങളിലും സംസ്കൃ തത്തിലും അവഗാഹമുള്ള ഒരു മുസ്‌ലിം പണ്ഡിതനാക്കുകയെന്ന് ബാപ്പ ആഗ്രഹിച്ചതിന്റെ പിന്നിൽ ഒരു സംഭവമുണ്ട്. ബാപ്പ നാട്ടിലെ പള്ളിക്കമ്മിറ്റിയിലൊക്കെയുള്ള ആളാണ്. ഒരിക്കൽ നാട്ടിൽ നടന്ന ഒരു സാംസ്കാരിക സംഗമത്തിൽ ക്രിസ്ത്യൻ പുരോഹിതൻ, സ്വാമി, പള്ളി യിലെ ഉസ്താദ് എന്നിവരോടൊപ്പം ബാപ്പയും വേദിയിലുണ്ടായിരുന്നു. ഫാദറും സ്വാമിയും വേദിയിൽ വെച്ച് താത്വികമായ പല ദാർശനിക വിഷയങ്ങളും പങ്കുവെച്ച് സംസാരിക്കുമ്പോൾ തദ്വിഷയകമായ അജ്ഞത കാരണം ഉസ്താദ് മൗനം പാലിച്ച് മിണ്ടാതിരുന്നത് ബാപ്പയെ വല്ലാതെ വേദനിപ്പിച്ചു. അന്നത് വീട്ടിൽ വന്ന് ബാപ്പ സങ്കടത്തോടെ പറ യുകയും ചെയ്തു. ഇത്തരം ധൈഷണിക കാര്യങ്ങളിൽ ഇടപെടു മ്പോഴും ബാപ്പ നല്ല സമുദായസ്നേഹി കൂടിയായിരുന്നു. മുസ്‌ലിംലീഗ് ബാപ്പയുടെ നെഞ്ചുരുക്കത്തിന്റെ ഭാഗമായിരുന്നു. സിഎച്ചിന്റെ പ്രസംഗ ങ്ങൾ ബാപ്പക്ക് വല്ലാത്ത ആവേശമായിരുന്നു. ഞാനന്ന് നന്നെ ചെറുപ്പ മാണെങ്കിലും ബാപ്പയിലൂടെ എനിക്ക് സമുദായത്തെ മനസ്സിലാക്കാൻ കഴി ഞ്ഞിരുന്നു. 1984-ൽ സിഎച്ച് നിര്യാതനായ ദിവസമായിരുന്നു എന്റെ വീട്ടിലെ ഏറ്റവും മൂകമായ നാൾ. അന്ന് വീട്ടിലെ ഒരംഗം മരിച്ച പ്രതീതി യായിരുന്നു. സിഎച്ചിന്റെ ബൗദ്ധികത എന്നെ നന്നായി മൂശപ്പെടുത്തിയിട്ടു ണ്ട്. എംസി വടകരയുടെ 'സിഎച്ചിന്റെ ജീവചരിത്രം' എന്ന പുസ്തകം ചെറുപ്പത്തിൽതന്നെ ഞാൻ മനഃപാഠമാകുവോളം വായിച്ചിരുന്നു.

ഞങ്ങളുടെ നാട്ടിൽ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമക്കായിരുന്നു സ്വാധീനം. അഞ്ചാം ക്ലാസ് വരെ ഞാൻ അവരുടെ മദ്റസയിലാണ് പഠിച്ചിരുന്നത്. പക്ഷേ, 'ദക്ഷിണ കേരള' സമസ്തയെ എതിർക്കാത്ത ഒരു വിഭാഗമായിരുന്നു. തബ്‌ലീഗ് ജമാഅത്തിന്റെ സ്വാധീനം അവരെ നന്നായി ബാധിക്കുന്നത് വരെ 'സമസ്ത' അവരോട് അനുനയ രൂപ ത്തിലാണ് വർത്തിച്ചതും. ഈ സാഹചര്യത്തിലും ബാപ്പ 'സമസ്ത'യെ നെഞ്ചിലേറ്റിയിരുന്നു. നാട്ടിലോ സമീപ പ്രദേശങ്ങളിലോ സമസ്ത യുടെ ആരെങ്കിലും വന്നാൽ അവരെ വീട്ടിൽ കൊണ്ടുവന്ന് ഭക്ഷണം നൽകി ദുആ ചെയ്യിപ്പിക്കാൻ ബാപ്പ ശ്രദ്ധിച്ചിരുന്നു. ശംസുൽ ഉലമ ബാപ്പാക്ക് ഒരു ഇതിഹാസപുരുഷനായിരുന്നു. ഞാൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ വാഴക്കുളത്ത് ശംസുൽ ഉലമ പ്രസംഗിക്കാൻ വന്നിരുന്നു. അന്ന് ബാപ്പയോടൊപ്പം ഞാനും ആ യുഗപുരുഷനെ ഒരു നോക്ക് കാണാൻ പോയി.

പെരുമ്പാവൂരിനടുത്ത തണ്ടേക്കാടിലാണ് എന്റെ ആദ്യപഠനം. അഞ്ചാം ക്ലാസിൽ വെച്ച് തന്നെ ഞാൻ സാംസ്കൃതത്തിന് ചേർന്നു; അല്ലെങ്കിൽ എന്നെ ചേർത്തു. എസ് എസ് എൽ സിയിൽ അന്ന് ഡിസ്റ്റിംഗ്ഷൻ നേടാൻ കഴിഞ്ഞു. സംസ്കൃതക്കമ്പം കയറിയതിനാൽ 20 കിലോമീറ്ററിനടുത്ത് സഞ്ചരിച്ച് കാലടി ശ്രീ ശങ്കരാചാര്യ കോളേജിലെ ത്തിയാണ് ഞാൻ പ്രീഡിഗ്രി ചെയ്തത്. ഡിഗ്രിക്ക് സയൻസ് എടുക്കാൻ നാട്ടുകാരും അധ്യാപകരും പറഞ്ഞെങ്കിലും ഞാൻ ബാപ്പയെ അനുസ രിച്ച് സംസ്കൃതം തന്നെ ചെയ്തു. ഒമ്പതരെ വരേ ദർസുണ്ടാകും. പിന്നെ ബസിലാണ് കോളേജിൽ പോവുക. സംസ്കൃത ബിരുദ പഠന ത്തിലും തുടർന്ന് പോസ്റ്റ് ഗ്രാജേഷനിലും ഉയർന്ന മാർക്ക് നേടാൻ സാധിച്ചു. എനിക്ക് വേണമെങ്കിൽ യുജിസി സ്കെയ്‌ലിൽ വലിയ ശമ്പള ത്തിന് ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുമായിരുന്നു. കാരണം, വേദാന്തങ്ങളിലും സംസ്കൃതത്തിലും സ്പെഷ്യലൈസ് ചെയ്തു പഠിച്ചവർ തുലോം തുഛമാണ് അന്നും ഇന്നും. പക്ഷേ, ആ രംഗത്ത് പ്രൊഫഷണലാകാൻ എനിക്ക് താൽപര്യമില്ലായിരുന്നു.

ഇപ്പോഴത്തെ ആലപ്പുഴ ജില്ലാ 'സമസ്ത' പ്രസിഡന്റ് ഐപി



*ഓണമ്പിള്ളി മുഹമ്മദ് ഫൈസി*

**കാളമ്പാടി ഉസ്താദിന്റെ പാത പിന്തുടർന്നാൽ പിഴക്കില്ല എന്നുറപ്പാണ്. കിതാബിനോടും സബ്ഖിനോടും അദ്ദേഹത്തിനുള്ള പ്രതിപത്തി എടുത്തുപറയേണ്ടതു തന്നെയാണ്. ഉള്ളത് വെട്ടിത്തുറന്ന് പറയാൻ അദ്ദേഹത്തിന് ഒരാളെയും ഭയമില്ല. അല്ലാഹുവിനെ ഒരാൾ ഭയപ്പെട്ടാൽ എല്ലാവരും അയാളെ ഭയപ്പെടുമെന്നതിന്റെ ദൃഷ്ടാന്തമാണ് ആ ജീവിതം. ദർസ് സമയത്ത് ആരെങ്കിലും കാണാൻ ചെന്നാൽ അതെത്രവലിയ നേതാവായാലും 'ഓനോട് പോകാൻ പറ' എന്ന് പറയാനുള്ള അചഞ്ചലത അദ്ദേ ഹത്തിനുണ്ടായിരുന്നു**



നിലമ്പൂർ ഭാഗത്ത് ക്രൈസ്തവ ധ്വംസനം അത്യാവശ്യമായപ്പോൾ ശംസുൽ ഉലമ ഇറങ്ങി; അവർ പത്തിമടക്കിയപ്പോൾ ശംസുൽ ഉലമ കയറി. അല്ലാതെ, ക്രൈസ്തവതയുടെ അന്തഃശൂന്യതയെ പറ്റി നന്നായറിയുമെന്ന് വെച്ച് ശംസുൽ ഉലമ ആ രംഗത്ത് ഒരു പ്രത്യേക പ്രചരണ കോലാഹലം സൃഷ്ടിച്ചിട്ടില്ല. അത് ചെയ്തിരുന്നുവെങ്കിൽ പ്രതിരോധിക്കാൻ വേണ്ടി അവരും ആവത് ചെയ്യുമായിരുന്നു. പണം കൊണ്ടെങ്കിലും ഒടുവിൽ അവർ പ്രതി പ്രവർത്തനങ്ങൾ ചെയ്യും. ഇവിടുത്തെ ഹിന്ദുക്കളെ വിശ്വാസപരമായി നാണംകെടുത്തിയാലും അതു തന്നെയാകും സ്ഥിതി

ഉസ്മാൻ ഫൈസിയുടെ മുണ്ടമ്പ്ര ദർസിലാണ് ഞാൻ ആദ്യം ചേർന്നത്. പിന്നെ ഉപരിപഠനം ജാമിഅഃയിലും.

**● *മതപണ്ഡിതൻമാർ അധികം ഇടപെടാത്ത നിയമപഠനത്തിൽ ബിരുദത്തിന് പഠിക്കാൻ പ്രത്യേക കാരണമെന്തെങ്കിലും?***

എഎൽബി ഫൈനൽ പരീക്ഷ എഴുതാനിരിക്കുകയാണ് ഞാൻ. നിയമജ്ഞാനം ഇന്ന് അപൂർവ്വ സിദ്ധിയാണ് മിക്ക അഭ്യസ്ഥവിദ്യർക്കും. സാധാരണക്കാരുടേത് പറയാത്തതാവും നന്ന്. അതുകൊണ്ട് തന്നെ ഏറ്റവുമധികം ചൂഷണം നടക്കുന്ന മേഖലകളിലൊന്നും ഇതാണ്. അതിനാൽ അത് പഠിക്കണമെന്ന് തോന്നി. ഒരു പൗരബോധമുള്ള വ്യക്തിക്ക് രാഷ്ട്രത്തിന്റെ നിയമജ്ഞാനം കൂടിയേ തീരൂ. ഈ രംഗം പ്രഫഷനലാക്കാൻ തീരെ ഉദ്ദേശ്യമില്ല. നമ്മുടെ സമുദായം ഇനിയും ഗൗരവത്തോടെ ഈ രംഗത്തെ കാണുന്നില്ല. ഇപ്പോൾ തന്നെ പലരും കോടതി നടപടികളുമായി ബന്ധപ്പെട്ട പല സംശയങ്ങളും ദൂരീകരിക്കാൻ എന്നെ കോൾ ചെയ്യാറുണ്ട്.

**● *ജീവിതത്തിൽ വല്ലാതെ ആകർഷിച്ച വ്യക്തിത്വങ്ങൾ, റോൾമോഡലുകൾ, അങ്ങനെയെന്തെങ്കിലും?***

ശംസുൽ ഉലമ തന്നെ; എന്താ സംശയം. ആദർശധീരതയും അറിവിന്റെ ആഴങ്ങളും അദ്ദേഹത്തെ എല്ലാറ്റിലും ഒന്നാമനാക്കി. അതോടൊപ്പം തന്നെ അസൂയാർഹമായ ഭൗതികപരിജ്ഞാനവും സർവ്വഭാഷാജ്ഞാനവും വാഗ്വിലാസവും സംഘടനാബോധവും അതികായത്വവും സൗന്ദര്യവും എല്ലാം ഒന്നിനൊന്ന് മെച്ചം തന്നെ. പേരിനൊരു പണ്ഡിതനല്ല ആ മഹാൻ, അതോടൊപ്പം തന്നെ കറകളഞ്ഞ ആത്മീയത കൊണ്ടും അദ്ദേഹം അദ്വിതീയനായി. ശംസുൽ ഉലമക്ക് വഴങ്ങാത്തതായൊന്നും കേരളത്തിലെ മത-സാംസ്കാരിക മേഖലകളിൽ ഉണ്ടായിരുന്നില്ല. വേദങ്ങളിലും ശംസുൽ ഉലമക്ക് നല്ല അവഗാഹമുണ്ടായിരുന്നു. പക്ഷേ, സ്ഥാനത്ത് മാത്രമേ അദ്ദേഹമത് വിളമ്പിയുള്ളൂ. പ്രദർശനപരത ഉഖ്റവിയ്യായ ആലിമിന്റെ നിഘണ്ടുവിന് നിഷിദ്ധമാണല്ലോ.

എന്നെ വല്ലാതെ ഹഠാദാകർഷിച്ച മറ്റൊരു വ്യക്തിത്വം ശൈഖുനാ കാളമ്പാടി ഉസ്താദിന്റേതാണ്. ജാമിഅയിൽ പഠിക്കുമ്പോൾ ഞാനത് നേരെ ചൊവ്വെ അനുഭവിച്ചു കണ്ടെത്തുകയായിരുന്നു. (സംസാര റിഥം അൽപം വൈകാരികമാകുന്നു.) ഭൗതികത ഒട്ടും കലരാത്ത മനസ്സാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അദ്ദേഹത്തിന്റെ പാത പിന്തുടർന്നാൽ പിഴക്കില്ല എന്നുറപ്പാണ്. കിതാബിനോടും സബ്ഖിനോടും അദ്ദേഹത്തിനുള്ള പ്രതിപത്തി എടുത്തുപറയേണ്ടതു തന്നെയാണ്. ഉള്ളത് വെട്ടിത്തുറന്ന് പറയാൻ അദ്ദേഹത്തിന് ഒരാളെയും ഭയമില്ല. അല്ലാഹുവിനെ ഒരാൾ ഭയപ്പെട്ടാൽ എല്ലാവരും അയാളെ ഭയപ്പെടുമെന്നതിന്റെ ദൃഷ്ടാന്തമാണ് ആ ജീവിതം. ദർസ് സമയത്ത് ആരെങ്കിലും കാണാൻ ചെന്നാൽ അതെത്രവലിയ നേതാവായാലും 'ഓനോട് പോകാൻ പറ' എന്ന് പറയാനുള്ള അചഞ്ചലത അദ്ദേഹത്തിനുണ്ടായിരുന്നു. തെറ്റ് കണ്ടാലും പോകാൻ പറയും. പല സംഭവങ്ങളും ഓർത്തെടുക്കാൻ കഴിയും.

**● *രണ്ടു മക്കൾ അപകടത്തിൽ മരിച്ചിട്ടും കാളമ്പാടി ഉസ്താദ് സബ്ഖ് മുടക്കിയില്ല എന്ന് പലരും പറയുന്നത് കേൾക്കാറുണ്ട്?***

ഞാൻ പറഞ്ഞില്ലേ, അദ്ദേഹത്തിന്റെ ഹിമ്മത്തും തവക്കുലും അപാരമാണെന്ന്.




രണ്ട് പെൺമക്കൾ മരിച്ച ഘട്ടത്തിൽ കാളമ്പാടി ഉസ്താദ് വല്ലാതെ പൊറുതികേട് കാണിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ, ആ ഹൃദയം കാറ്റിനിളകാത്ത സ്ഥൈര്യത്തിന്മേൽ അടിസ്ഥാനമായതാണെന്ന് അപ്പോൾ ഞങ്ങളറിഞ്ഞു. സംഭവത്തിന് മുമ്പുള്ളത് പോലെ തന്നെയായിരുന്നു ശേഷവും. ആ അപകടം നടന്ന അന്ന് രാത്രി ഞങ്ങളെല്ലാം കൂടി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. പൊതുനിരത്തിൽ നിന്ന് അൽപം അകലെയാണ് വീട്. ഞങ്ങൾ രാത്രി അവിടെ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞയുടനെ ഒരു വിളക്കുമെടുത്ത് ഞങ്ങളുടെ അടുത്ത് വന്ന് ഞങ്ങൾക്ക് നടക്കാൻ വെളിച്ചം കാണിച്ചുതരുന്ന ആ മനുഷ്യന്റെ ഹൃദയനന്മയെ കുറിച്ച് എന്തിനാണധികം പറയുന്നത്. 'ഇൽമ്' ഒരാളെ സ്വാധീനിച്ചാൽ എന്താകും എന്ന് അന്ന് ഞങ്ങളറിഞ്ഞു. ലക്ഷക്കണക്കിന് വിശ്വാസികളെ നയിക്കുന്ന നേതാവാണ് ഞാനെന്ന് ഒരിട നിലപാടിൽ പോലും അദ്ദേഹം കാണിക്കാറില്ല. ബസിൽ കയറി നിന്ന് യാത്ര ചെയ്യുകയും എത്ര സമുന്നതരുടെ ഇടയിലേക്കും അഹംഭാവത്തിന്റെ ഒരു നൂലിഴപോലും കാണിക്കാതെ നീണ്ട കാലൻകുടയുമേന്തി ശിരസ് കുനിച്ച് കടന്ന് വരുകയും ചെയ്യുന്ന മഹാത്ഭുതം. എന്നാലും ആ മുഖത്ത് നോക്കാൻ മറ്റുള്ളവർ ഭയക്കുന്നു. ജാമിഅയിലെ ഓരോ കുട്ടിയും കാത് കൂർപ്പിച്ച് കേൾക്കുന്നതും കേൾക്കാൻ കഴിയാതിരുന്നാൽ നെഞ്ചുതുറന്ന് വേദനിക്കുന്നതും കാളമ്പാടി ഉസ്താദിന്റെ ക്ലാസ് തന്നെയാണ്.

● ***നിലവിലുള്ള സോഷ്യൽ ഇംപ്രഷന് പുറമെ കേരളത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ മുഖ്യകാര്യദർശി എന്ന ഡെസിഗ്നേഷൻ കൂടി ഇനി നിങ്ങൾക്കുണ്ട്. ഈ അവസരം ഉപയോഗപ്പെടുത്തി, ഒരു 'മതതാരതമ്യ സംവാദ'ത്തിനു താങ്കൾക്ക് മുഖ്യസാരഥ്യം വഹിച്ചുകൂടെ?***

ചെയ്യുന്നുണ്ടല്ലോ. ആ വിഷയത്തിൽ പല വേദികളും എനിക്ക് ലഭിക്കാറുണ്ട്.

● ***ഖുർആൻ സ്റ്റഡി സെന്ററിന്റെ കീഴിലോ, മറ്റു വല്ല ഉപവിഭാഗങ്ങളുടെ കീഴിലോ അവ ഏകീകരിച്ച് ഡോ. സാക്കിർ നായിക്കടക്കമുള്ളവർ ചെയ്യുന്നതു പോലെ ദേശീയ മാധ്യമശ്രദ്ധയാകർഷിക്കുന്ന വിധത്തിൽ ഒരു സംവിധാനം?***

ഈ വിഷയത്തിൽ നാം പലതും മാനിക്കേണ്ടതും മനസ്സിലാക്കേണ്ടതുമുണ്ട്. സൗഹാർദ്ധപരമായ ഒരു സംവാദമേ ഇവിടെ നടത്താൻ പാടുള്ളൂ. ഹൈന്ദവ ദർശനങ്ങൾ തെറ്റാണെന്നു സ്ഥാപിക്കാൻ വേണ്ടി സംഘടനയുടെ കീഴിൽ താർക്കികമായ നിലംതര പണിത് ഒരു ആക്ഷേപ പ്രസംഗകനാകുന്നത് വഴി വലിയ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് ഉറപ്പാണ്. (ഇടക്കു കയറി എം.എം അക്ബറിന്റെ സംവാദം വെച്ചുകൊടുത്തു.) അതുകൊണ്ട് എന്ത് കാര്യം. അവർ ഉദ്ദേശിക്കുന്ന തരത്തിൽ വലിയൊരു നേട്ടമൊന്നും ഇസ്‌ലാം മതത്തിന് ലഭിക്കുന്നില്ലെന്നതാണ് നേര്. കാരണം, സ്നേഹസംവാദം എന്ന് കേൾക്കുമ്പോൾ തന്നെ മറുഭാഗത്തുള്ളവർ ഒരു സാംസ്കാരിക സമന്വയമാണ് വിഭാവന ചെയ്യുന്നത്. ഇനി അങ്ങനെ അല്ലെങ്കിൽതന്നെ ചോദ്യകർത്താക്കളും സംശയാലുക്കളും വേണ്ടത്ര പ്രിപ്പയേർഡ് അല്ല. വെറും തൊലിപ്പുറം ചർച്ചകൾ മാത്രമാണവിടെ നടക്കുന്നത്. ആയത്തുകളുടെയും ശ്ലോകങ്ങളുടെയും ഘോഷയാത്രക്കപ്പുറം മറ്റൊന്നും അവിടെ ഇല്ലല്ലോ? യഥാർത്ഥത്തിൽ വേദജ്ഞാനം തൗഹീദ് സംസ്ഥാപനത്തെയാണ് സഹായിക്കുക. പക്ഷേ, എന്നുവെച്ച് കിട്ടുന്ന അവസരങ്ങളിലെല്ലാം അത് പറഞ്ഞുനടക്കുന്നതും അതൊരു നിത്യവൃത്തിയാക്കി തർക്കമുഖം തുറക്കുന്നതും ശാസ്ത്രീയമല്ല. ശംസുൽ ഉലമയെ നോക്കൂ. ശംസുൽ ഉലമ മഞ്ചേരി എടക്കരയിൽ വെച്ച് ക്രിസ്ത്യൻ മിഷനറിമാർക്കെതിരെ ആദർശപ്രഭാഷണം നടത്തി ആഞ്ഞടിച്ചു. അദ്ദേഹത്തിന്റെ സലക്ഷ്യ സമർത്ഥനത്തിന്റെ മുമ്പിൽ പാതിരിപ്രധാനികൾ മുട്ടുമുടക്കിയില്ലേ? വത്തിക്കാനിൽനിന്ന് 'മതി' എന്നുത്തരവ് പോലുമുണ്ടായി. ശംസുൽ ഉലമ സുരിയാനിയും ഇംഗ്ലീഷും കലർത്തി റോമിലേക്കയച്ചുകൊടുത്ത ചോദ്യങ്ങൾക്ക് ഇതുവരെ ഉത്തരം കിട്ടിയിട്ടില്ല. പക്ഷേ, പോയന്റ് അതല്ല. നിലമ്പൂർ ഭാഗത്ത് ക്രൈസ്തവ ധ്വംസനം




സംഘടനക്ക് നിർണിതമായ 'വിഷൻ' രൂപപ്പെടുത്തലാണ് ആദ്യയജ്ഞം. ചലനാത്മകമാവണം നമ്മുടെ സംഘടനാ വ്യവസ്ഥ. താൽക്കാലികമായ പ്രസ്ഹാർവെസ്റ്റിനു വേണ്ടി എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടുന്നതിനപ്പുറം ദീർഘവീക്ഷണത്തോടെയുള്ള ധൈഷണിക സംഘാടനമാണ് ലക്ഷ്യമാക്കുന്നത്. ബഹളങ്ങൾ അവിടെ നിൽക്കട്ടെ. ജനത അനുഭവിക്കുന്ന എല്ലാ പൊതുപ്രശ്നത്തിലും ഇനിയും ഊർജ്ജസ്വലതയോടെ എസ്കെഎസ്എസ്എഫ് വളരെ വ്യത്യസ്തവും സക്രിയവുമായ നിലയിൽ ഇടപെടും



അത്യാവശ്യമായപ്പോൾ ശംസുൽ ഉലമ ഇറങ്ങി. അവർ പത്തിമടക്കിയപ്പോൾ ശംസുൽ ഉലമ കയറി. അല്ലാതെ, ക്രൈസ്തവതയുടെ അന്തഃശൂന്യതയെ പറ്റി നന്നായറിയുമെന്ന് വെച്ച് ശംസുൽ ഉലമ ആ രംഗത്ത് ഒരു പ്രത്യേക പ്രചരണ കോലാഹലം സൃഷ്ടിച്ചിട്ടില്ല. അത് ചെയ്തിരുന്നുവെങ്കിൽ പ്രതിരോധിക്കാൻ വേണ്ടി അവരും ആവത് ചെയ്യുമായിരുന്നു. പണം കൊണ്ടെങ്കിലും ഒടുവിൽ അവർ പ്രതി പ്രവർത്തനങ്ങൾ ചെയ്യും. ഇവിടുത്തെ ഹിന്ദുക്കളെ വിശ്വാസപരമായി നാണംകെടുത്തിയാലും അതുതന്നെയാകും സ്ഥിതി. മേൽവിലാസമില്ലാത്തവർ ചെയ്യുന്ന ധാരാളം അവിവേകങ്ങൾക്കൊപ്പം മറ്റൊന്നുകൂടി ഇന്നത്തെ സാഹചര്യത്തിൽ ഏതായാലും നല്ലതല്ല. സാഹചര്യം മാറിയാൽ അപ്പോഴാവാം. ആരോഗ്യകരമായ സംവാദങ്ങൾ ഇപ്പോൾ നാം നടത്തുന്നുമുണ്ട്.

● ***സാമുദായിക മത സൗഹാർദ്ധ വേദികളിലും തെക്കൻ കേരളത്തിലെ ഹൈന്ദവ സംഗമങ്ങളിലും മറ്റും വേദാന്ത-ഇസ്‌ലാം താരതമ്യപ്രഭാഷണം നടത്തുന്ന ഒരാളെന്നനിലയിൽ എന്താണ് അനുഭവപാഠം?***

നമ്മുടെ സഹോദരമതസ്ഥരിൽ പലരും സത്യാന്വേഷികളാണ്. അത്തരം വേദികളിൽ ഞാൻ വേദങ്ങൾ, ശ്രുതി, സ്മൃതിപുരാണങ്ങൾ തുടങ്ങിയവയുടെ വെളിച്ചത്തിൽ വളരെ സൗഹാർദ്ദപരമായി ഇസ്‌ലാമിനെ സ്ഥാപിക്കാൻ സത്യസന്ധമായി ശ്രമിക്കാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല ഫലവും ലഭിക്കുന്നുണ്ട്. ഉദാഹരണത്തിന് കുറച്ചു മുമ്പ് ശിവഗിരി ബിഎഡ് സെന്ററിൽ സംഘടിപ്പിക്കപ്പെട്ട ഒരു സൗഹാർദ്ധ സമ്മേളനത്തിൽ ഞാൻ ക്ഷണിതാവായിരുന്നു. എംഐസി പള്ളിയിലെ എന്റെ വെള്ളിയാഴ്ച പ്രസംഗം കേൾക്കാറുള്ള ചിലരാണ് കോളേജ് അധികൃതർക്ക് എന്നെ റഫർ ചെയ്തുകൊടുത്തത്. ആ കോളേജിൽ വിരലിലെണ്ണാൻ മാത്രമേ മുസ്‌ലിം വിദ്യാർത്ഥികളുള്ളൂ. മാത്രമല്ല, മിക്കപേരും ഇസ്‌ലാം വിരോധികളുമാണ്. ഇസ്‌ലാമിനെ കുറിച്ച് തികഞ്ഞ തെറ്റിദ്ധാരണയുടെ അടിമകൾ. ഞാനവിടെ എത്തുമ്പോൾ ഒരു സ്വാമി പ്രസംഗിച്ചു സദസ്സിനെ മുഴുവൻ സ്പെൽബോൺ ചെയ്ത ഘട്ടമായിരുന്നു. ഞാൻ ആമുഖങ്ങളില്ലാതെ സംസാരിച്ചു. വേദവും ഖുർആനും ഇഴ ചേർത്തിപ്പറഞ്ഞ പരാമർശങ്ങൾ പലരുടെ ഹൃദയത്തിലും പ്രകാശമായി ഭവിച്ചുവെന്ന് പ്രഭാഷണശേഷം ഞാനറിഞ്ഞു. ഞാൻ വേദിയിൽ കയറുമ്പോൾ കറുമ്പിച്ച മുഖങ്ങൾ എന്നെ വല്ലാത്ത പരിഗണനയോടെയാണ് യാത്രയയച്ചത്. പ്രഭാഷണ ശേഷം, രണ്ട് ഹിന്ദു അധ്യാപികമാർ വന്ന് എന്നോട് ക്ഷമാപണം നടത്തി. ആ പ്രസംഗം കൊണ്ട് അവരുടെ പല മിഥ്യാധാരണകളും ഇല്ലാതായെന്നും സത്യാന്വേഷണം തുടരുമെന്നും പറഞ്ഞത് വല്ലാത്ത അനുഭൂതിയായിരുന്നു.

ഈ റമളാനിൽ ഇവിടത്തെ കുറച്ച് ഹൈന്ദവ സുഹൃത്തുക്കൾ സംഘടിപ്പിച്ച ഒരു പരിപാടിയുണ്ടായിരുന്നു. ഹൈക്കോടതി ജഡ്ജി സി.കെ അബ്ദുൽ റഹ്മാൻ, ഐജി മുഹമ്മദ് യാസീൻ, ബിജെപി നേതാവ് ശ്രീധരൻപിള്ള, ടിഎം പ്രതാപൻ എംഎൽഎ തുടങ്ങിയവരൊക്കെ ചടങ്ങിനുണ്ടായിരുന്നു. ഞാനായിരുന്നു പ്രഭാഷകൻ. എനിക്ക് അനുവദിച്ച അരമണിക്കൂർ ഞാൻ മനുഷ്യസൗഹാർദ്ദത്തിലും ഖുർആൻ-ഹൈന്ദവ വേദ താരതമ്യത്തിലുമൂന്നിയ ഒരു പ്രഭാഷണം നിർവഹിച്ചു. നിർത്താനായപ്പോൾ നിർത്തരുതെന്നെഴുതിയ കുറിപ്പ് തന്നു. ഞാൻ വീണ്ടും സംസാരിച്ചു. ചടങ്ങിനു ശേഷം ജഡ്ജി സികെ അബ്ദുറഹിമാൻ കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ ചേർന്ന് സംഘടിപ്പിക്കാൻ ഉദ്ദേശിച്ച പരിപാടിയിലേക്ക് എന്നെ ക്ഷണിച്ചു. പ്രസ്തുത ആശയത്തിന്മേൽ ആധാരമായ പ്രഭാഷണമാണ് അവരുടെ ആവശ്യം. ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടക്കമുള്ള ഉന്നതനിര അവിടെ ശ്രോതാക്കളായത് ഒരു വേറിട്ട അനുഭവമായിരുന്നു. അവിടെയൊക്കെ ഞാൻ തൗഹീദ് സ്ഥാപിക്കാനാണ് ആത്യന്തികമായി ശ്രമിച്ചത്. അതിന് അവരുടെ വിശ്വാസ പ്രമാണങ്ങൾ തന്നെ തെളിവാക്കി എന്നു മാത്രം. മറിച്ച്, നേരത്തെ പറഞ്ഞതുപോലെ ഹൈന്ദവവിരുദ്ധ പ്രഭാഷണങ്ങൾ നടത്തി ശീലിച്ചാൽ ഇത്തരം പ്രധാന അവസരങ്ങൾ നമുക്ക് ലഭിക്കുമായിരുന്നോ? തിരുനബി(സ) ഹിർഖലിനയച്ച കത്തിലുള്ള ഖുർആൻ വചനത്തിന്റെ സന്ദേശമതാണല്ലോ?

വിശ്വാസപരമായി ചില കാര്യങ്ങളിൽ പ്രാമാണിക സാദൃശ്യമുണ്ടെങ്കിൽ അതുയർത്തി ആദ്യം സമരസപ്പെടാനാണ് ശ്രദ്ധിക്കേണ്ടത്. പിന്നീട് പല ഘട്ടമായി ഇസ്‌ലാമിന്റെ സത്യസാധുത സ്ഥാപിച്ചെടുക്കണം. എന്നാൽ, നമ്മുടെ പല പ്രമുഖരും ഇതര സമുദായത്തിന്റെ വേദികളിലെത്തുമ്പോൾ ആദർശം മറക്കുന്നത് വേദനാജനകമാണ്. പലരും പബ്ലി

ക്കിന്റെ കയ്യടി നേടാനായി മറുകണ്ടം ചാടി പലതും പറയുന്നത് തികഞ്ഞ സർവ്വമത സത്യവാദമായി മാറുന്നുണ്ട്. 'എല്ലാ മതങ്ങളും സത്യമാണ്; ശുദ്ധമാണ്' എന്നർത്ഥമുള്ള പരാമർശങ്ങളും അഭിപ്രായങ്ങളും ഇസ്തിരിച്ച ഭംഗിവാക്കുകളും പറയാൻ പാടുണ്ടോ എന്ന് ചിന്തിക്കാതെയാണ് അവർ എടുത്തുവെക്കുന്നത്.

**● *ശ്രീകൃഷ്ണൻ നബിയായിരുന്നുവെന്ന അഭിപ്രായത്തെ കുറിച്ച്? അദ്വൈതവാദത്തിലെ വിവാദങ്ങൾ, ഉപനിഷത്തുകളിലെ തൗഹീദ്?***

ഇത്തരം വിഷയങ്ങൾ ഏറെ പറയാനുള്ളതാണ്. തൽക്കാലം കുറച്ച് സൂചനകൾ നോക്കാം. ശ്രീകൃഷ്ണൻ നബിയാകാൻ മികച്ച സാധ്യതയുണ്ട്. എന്റെ അഭിപ്രായത്തിൽ ഹിന്ദുക്കൾ വിശ്വസിക്കുന്ന ശ്രീ കൃഷ്ണൻ നമ്മുടെ മൂസ(അ) ആകാൻ നല്ല നിമിത്തപ്പൊരുത്തമുണ്ട്. പുരാണങ്ങളും ഉപനിഷത്തുക്കളും തന്നെയാണ് ഈ അനുമാനത്തിന്റെ തെളിവ്. മൂസാ നബി(അ) യഹൂദ കുടുംബത്തിലാണ് ജനിച്ചത്. ശ്രീകൃഷ്ണൻ പരിചയപ്പെടുത്തപ്പെടുന്നത് യാദവകുലജാതനായാണ്. 'യഹൂദ' എന്നത് 'യാദവ' എന്നായതാവാം. കാലാനുസാരിയും കുലാനുസാരിയുമായ സാധ്യതയാണിത്. തന്റെ അധികാരഭ്രൃഷ്ടിന് തന്റെ തന്നെ നാട്ടിലെ ഒരാൺകുട്ടി കാരണമാകുമെന്ന ജ്യോത്സ്യ പ്രവചനമാണ് ഫറോവയെന്ന റംസീസ് രണ്ടാമന്റെ ഉറക്കം കെടുത്തുന്നതും രാജ്യത്ത് ആൺപിറ നിഷിദ്ധമാക്കുന്നതും. മറുഭാഗത്ത് ക്രൂരനായ കംസന്റെ സ്ഥാനഭ്രൃഷ്ടിന് ഒരാൺകുട്ടി കാരണമാകുമെന്ന പ്രവചനം കംസന്റെ സ്വസ്ഥത തകർത്തതായും കാണാം. ശ്രീകൃഷ്ണന്റെ ജനനി യശോദര കംസന്റെ സഹോദരിയാണ്. മൂസ(അ)യുടെ വളർത്തുമ്മ ഫറോവയുടെ ഭാര്യയും. ഈ പദവിമാറ്റം ചരിത്രത്തിലെ ഒരട്ടിമറിയാണെന്ന് വെക്കാവുന്നതാണ്. രണ്ട് ചരിത്രത്തിലും ചക്രവർത്തിമാരുടെ സ്വന്തപ്പെട്ടവരാണ് ആൺകുട്ടികളെ പോറ്റുന്നതെന്ന തുല്ല്യത ചിന്താർഹമാണ്. മൂസയെ ഉമ്മ പേടകത്തിലാക്കി നദിയിലൊഴുക്കി എന്നാണ് ചരിത്രം. ഇതൽപം മാറി, യശോദര ശ്രീകൃഷ്ണനെ അനന്തൻ എന്ന നാഗവാഹനത്തിൽ കയറ്റി സമുദ്രത്തിലൊഴുക്കി മഹാവിഷ്ണുവിന്റെ സന്നിധിയിലേക്ക് അയച്ചുവെന്ന് മറുഭാഗത്ത് കാണാം. മാത്രമല്ല, ഫറോവയെ എതിർക്കാൻ മൂസ നബി(അ) സഹായിയായി സഹോദരൻ ഹാറൂണി(അ)നെ ഒപ്പം കൂട്ടുന്നുണ്ട്. കംസനെ ചെറുക്കാൻ ശ്രീകൃഷ്ണന്റെ കൂടെ സഹോദരൻ ബലരാമനുമുണ്ടായിരുന്നുവെന്നാണ് പുരാണം. തീർന്നില്ല, ശ്രീകൃഷ്ണന്റെ ചരിത്രത്തിൽ ഗോകുലത്തിനും പശുസംസ്കൃതിക്കും വലിയ സ്ഥാനമുണ്ട്. ലോകത്ത് ആദ്യമായി പശുവിനെ ആരാധിച്ച വിഭാഗം മൂസാ നബിയുടെ കാലത്തെ ജനതയായിരുന്നുവെന്ന് സാമിരിയുടെ കഥയിലൂടെ നമുക്ക് കാണാം. രണ്ട് ചരിത്രത്തിലും 'ഗോകുല' സാന്നിധ്യമുണ്ട്. മാത്രമല്ല, ശ്രീകൃഷ്ണന്റെ കയ്യിൽ സ്ഥിരമായിരുന്നു 'വേണു'വെന്ന വീണ. അതൊരു വടിയാണല്ലോ. മൂസ(അ)ന്റെ അമാനുഷിക സംഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അവിടത്തെ കയ്യിലെ വടിയായിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ടല്ലോ. ഇങ്ങനെ നോക്കുമ്പോൾ അവരുടെ കണ്ണനെന്ന വേണുഗോപാലൻ മൂസ(അ) ആകാനാണ് സാധ്യത. ഈ വിഷയത്തിൽ ഇനിയും ധാരാളം പഠനം വേണം. ശ്രീകൃഷ്ണൻ നബിയാണെന്നർത്ഥം വരുന്ന-പ്രബലമല്ലെങ്കിലും-പ്രമാണങ്ങൾ തന്നെ ഇസ്ലാമിക ഗ്രന്ഥങ്ങളിലുണ്ട്.

അതുപോലെ ശങ്കരാചാര്യരുടെ അദ്വൈതം- രണ്ടല്ല, രണ്ടില്ല എന്ന വാദം നാം അംഗീകരിക്കുന്നില്ല. അതല്ല ഇസ്ലാമികമായ വഹ്ദത്തുൽ വുജൂദ്. പരമശക്തിക്കേ ഉണ്മയുള്ളൂ എന്ന വാദപ്രകാരം നമ്മുടെ ആത്മാവുകൾ പോലും 'ഖദീമാ'കേണ്ടിവരും. അവർ പറയുന്നത് ആത്മാവ് ബ്രഹ്മത്തിന്റെ പ്രതിബിംബമാണെന്നാണ്. ആ വിശ്വാസം മതഭ്രഷ്ടിന് കാരണമാകും. കാരണം, ആത്മാവും അല്ലാഹുവിന്റെ സൃഷ്ടിയാണ്.

**● *സംഘടനയുടെ നയ നിലപാടുകളിലും ഇടപെടൽ രീതികളിലും ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് പ്രതീക്ഷിക്കാനാവുക?***

സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളെ നോക്കൂ. ഒരു സൂഫിയെ പോലെയാണ് അദ്ദേഹത്തിന്റെ നിൽപ്പും ഇരിപ്പും നടപടികളുമെല്ലാം. അധികമാരോടും തങ്ങൾ സംസാരിക്കാറില്ല. തമാശ പറച്ചിലും വളരെ കുറവാണ്. 'ശരിയല്ലത്' എന്ന ഒറ്റവാക്കിന്റെ ശാസന കൊണ്ട് അദ്ദേഹം ഒരുപാട് ബഹളങ്ങളെ മറികടന്നു. മിത ഭാഷണം മാത്രമല്ല, സ്മിത ഭാഷണവും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.



സംഘടനക്ക് നിർണിതമായ വിഷൻ രൂപപ്പെടുത്തലാണ് ആദ്യ യജ്ഞം. ചലനാത്മകമാവണം നമ്മുടെ സംഘടനാ വ്യവസ്ഥ. താൽക്കാലികമായ പ്രസ്ഹാർവെസ്റ്റിനു വേണ്ടി എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടുന്നതിനപ്പുറം ദീർഘവീക്ഷണത്തോടെയുള്ള ധൈഷണിക സംഘാടനമാണ് ലക്ഷ്യമാക്കുന്നത്. ബഹളങ്ങൾ അവിടെ നിൽക്കട്ടെ. ജനത അനുഭവിക്കുന്ന എല്ലാ പൊതുപ്രശ്നത്തിലും ഇനിയും ഊർജ്ജസ്വലതയോടെ എസ്കെഎസ്എസ്എഫ് വളരെ വ്യത്യസ്തവും സക്രിയവുമായ നിലയിൽ ഇടപെടും. അതിനാണ് ഞാൻ ആദ്യം പറഞ്ഞത് ഒരു വിഷൻ രൂപപ്പെടുത്തണമെന്ന്. സംഘടനയുടെ ബേസിക് വിഷൻ എങ്ങനെയാകണമെന്ന് കണ്ടെത്താൻ കൊള്ളാവുന്ന പലരെയും ഏൽപ്പിച്ചിട്ടുണ്ട്. പഴയ ശൈലി പോരെന്നല്ല, എന്നാലും മാറ്റങ്ങൾ വേണം. ഒരു ചെയ്ഞ്ച് ആരാണ് ഇഷ്ടപ്പെടാത്തത്. ദേശീയ തലത്തിലും കൂടി നാം ശക്തിപ്പെടണം. അതുകൂടി പരിഗണിക്കുന്ന നിലപാടാണ് സംഘടന കൈക്കൊള്ളുക. കേരളത്തിൽ ഏറ്റവുമധികം ബൗദ്ധികവിഭവമുള്ള വിദ്യാർത്ഥികൾ എസ്കെഎസ്എസ്എഫിനാണുള്ളത്. ബിരുദാനന്തരബിരുദക്കാരും സ്കോളേഴ്സും ജേർണലിസ്റ്റുകളുമെല്ലാം നമുക്ക് ധാരാളമുണ്ട്. പക്ഷേ, ഇതുവരെ നാം അവരെ ഏകീകരിച്ചിട്ടില്ല. ഇവരെയൊക്കെ ഒന്നിപ്പിച്ചുകൊണ്ടുള്ള രീതിശാസ്ത്രമാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ പല സമന്വയ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന പ്രാപ്തരായ ആളുകളെ വളർത്തി സംഘടനക്ക് വേണ്ടി ഉപയോഗപ്പെടുത്തും. റഗുലർ ക്യാമ്പസുകളിലും സംഘടന ശക്തിപ്പെടുത്തും.

**● *നമ്മുടെ സംഘടനയുടെ അജണ്ടകൾ മറ്റുള്ളവരാൽ തീരുമാനിക്കപ്പെടുന്നുണ്ടോ? പ്രതിപക്ഷധ്വംസനം മാത്രമാകുന്നുണ്ടോ നമ്മുടെ ശൈലികൾ? മനുഷ്യജാലികക്ക് എന്തെങ്കിലും പരിഷ്കാരങ്ങൾ?***

സമുദായത്തിന്റെ മൊത്തത്തിലുള്ള അജണ്ടകൾ തന്നെ ഇപ്പോൾ തീരുമാനിക്കുന്നത് പുറത്തുള്ളവരാണ്; ആഗോളതലം മുതൽ നാട്ടിൻപുറം വരെ. ഈ ഒരവസ്ഥ എല്ലായിടത്തുമുണ്ട്. ഇത് മാറ്റണം എന്നാണ് ഞാൻ നേരത്തെ പുതിയ വിഷൻ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. നമുക്ക് നമ്മുടേതായ ഒരു ശൈലി വേണം. അത് പ്രതിപക്ഷ ധ്വംസനമോ മറുപടിയോ തിരുത്തോ ഒക്കെയായി ഭവിച്ചോട്ടെ. അല്ലാതെ കണ്ടവർക്കൊക്കെ മറുപടി പറയലല്ല നമ്മുടെ ദൗത്യം. മനുഷ്യജാലികയുടെ സന്ദേശം ആവർത്തനമാകുന്നുണ്ടെന്നു പലരും പറയുന്നുണ്ട്. എല്ലാക്കാലത്തും പ്രസക്തിയുള്ള സന്ദേശമാണ് മനുഷ്യജാലിക ഉയർത്തിപ്പിടിക്കുന്നത്. തീവ്രവാദത്തിനും ഭീകരവാദത്തിനുമെതിരെ മാത്രമല്ല മനുഷ്യജാലിക, പൗരബോധമുള്ള തലമുറയെ സൃഷ്ടിക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ജാലികാസന്ദേശമാവും. ഈ വർഷം വലിയ ഭീകരത അഴിമതിയും ജൈവനാശിനികളൊക്കെയാണ്. എന്നാൽ അത്തരം വിഷയങ്ങൾ നിരന്തരം പറഞ്ഞ് ജനപക്ഷത്താണെന്ന ജൽപ്പനം പരത്തി രാഷ്ട്രീയ ലാഭം നോക്കുന്ന സോളിഡാരിറ്റി ശൈലി നമുക്ക് പറ്റില്ല. എസ്കെഎസ്എസ്എഫിനു പാരമ്പര്യം പ്രധാനപ്പെട്ടതാണ്. ഈ മനുഷ്യജാലികക്കും സന്ദേശപ്രചരണ സംഗമങ്ങൾക്കും പറയേണ്ട വിഷയങ്ങൾ സംസ്ഥാന കമ്മിറ്റി പ്രത്യേകം പുറത്തിറക്കുന്നുണ്ട്. അടുത്ത വർഷം മുതൽ ഒന്നുകൂടി ശാസ്ത്രീയമാകും. ദേശീയ ശ്രദ്ധ പിടിച്ചുപറ്റുന്ന നിലവാരത്തിലേക്ക് നമുക്ക് ഉയരണം; ഇൻശാ അല്ലാഹ്.

**● *അപ്പോൾ മനുഷ്യജാലികയുടെ മതം എന്തായിരിക്കും?***

അതെന്ത് ചോദിക്കാനാണ്. രാഷ്ട്രം എന്നാൽ ചില അലിഖിതവും ലിഖിതവുമായ സന്ധികളും ഉടമ്പടികളുമാണ്. ആരൊക്കെയോ പലതും ചെയ്യുന്നുണ്ടെന്നു പറഞ്ഞ് രാഷ്ട്രത്തിനെതിരെ, അതിന്റെ നിയമങ്ങൾക്കെതിരെ നാം തിരിയരുത്. ഇന്ത്യൻ ഭരണഘടന വലിയ വലിയ പണ്ഡിതരും സൂഫികളും ഖാഇദെമില്ലത്തിനെ പോലുള്ള ക്രാന്തദർശകരും അംഗീകരിച്ചിട്ടുണ്ട്. രാഷ്ട്രത്തിനെതിരെയുള്ള യുദ്ധവും പ്രതിലോമ പ്രവർത്തനങ്ങളും നമ്മുടെ പ്രപിതാക്കൾക്കെതിരെയുള്ള സമരം തന്നെയാണ്. ചരിത്രത്തെ അവഗണിച്ചുകൊണ്ട് ഒരു ജനതക്കും മുന്നേറാൻ സാധിക്കില്ല. ചരിത്രമാണ് ഊർജ്ജം. വിശദീകരിക്കേണ്ടതില്ലല്ലോ.

പിന്നെ ഇന്ത്യയിൽ, കേരളത്തിൽ മുസ്ലിംകൾക്ക് സ്വസ്ഥമായ മതപ്രബോധനം നടത്തണമെങ്കിൽ ഇതര സമുദായങ്ങളുമായി സൗഹാർദ്ദമാവൽ അത്യന്താപേക്ഷിതമാണ്. ദോഷൈകദൃക്കുകളെ വളർത്തുന്ന രീതി സമുദായത്തിലെ ചിലർ അവലംബിക്കുന്നത് ശരിയല്ല. അത് യുക്തിഭദ്രവുമല്ല. ഇന്ത്യയെ ഇസ്ലാമിക രാജ്യമായി മാറ്റാൻ ഇറങ്ങിത്തിരിച്ചവരുടെ അവിവേകങ്ങൾ


**ഫലപ്രദമായ ചികിത്സ**



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യരോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ", സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.

**അൽ – അമീൻ** ( കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.**
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239

കാരണം അവർ ഇടപെട്ട മേഖലകളിലുള്ള മതസ്വാതന്ത്ര്യം അന്യമായ ചിത്രമേ നമുക്ക് കാണാൻ കഴിയൂ. ഇസ്‌ലാം സ്പിരിറ്റ് തലയിൽ കയറി വാളെടുത്ത ഭാഗത്ത് മാസങ്ങളോളം ജമാഅത്ത് നിസ്കാരങ്ങൾ നിലക്കുന്ന, വാങ്ക്‌വിളി ഇല്ലാതാവുന്ന കാഴ്ച നമ്മുടെ നാട്ടിൽ തന്നെ കണ്ടതാണ്. ഈ സൗഹാർദ്ദ പരമായ അന്തരീക്ഷം നിലനിർത്തേണ്ടത് മത പരമായ ആവശ്യമാണ്. അതിനാൽ അത് നമ്മുടെ സംഘടനാപരമായ ആവശ്യമായിത്തീരുന്നു. ഈ സ്വാതന്ത്ര്യം ഇല്ലാതാവുമ്പോഴറിയാം എസ്കെഎസ്എസ്എഫ് എന്തിനാണ് പല ആക്ഷേപങ്ങളും സഹിച്ച് മനുഷ്യജാലിക നടത്തിയതെന്ന്.

ചില ഘട്ടങ്ങളിൽ മറ്റു സമുദായത്തിന്റെ ആരാധനാലയങ്ങൾക്ക് നാം സുരക്ഷ നൽകേണ്ടിയും വരും. ജനങ്ങൾക്ക് പരസ്പരം അല്ലാഹുവിന്റെ സുരക്ഷയില്ലായിരുന്നുവെങ്കിൽ എല്ലാ മതങ്ങളുടെയും ആരാധനാലയങ്ങൾ തകർക്കപ്പെടുമായിരുന്നുവെന്ന് ഖുർആൻ ഉണർത്തുന്നുണ്ടല്ലോ? ഇതൊക്കെ ആത്യന്തികമായി ഇസ്‌ലാമിന്റെ നന്മക്ക് തന്നെയാണ്. അല്ലെങ്കിൽ പിന്നെ എന്തിനാണ് ക്രിസ്ത്യൻ ദേവാലയങ്ങളും സെനഗോഗുകളും മഠസ്ഥാപനങ്ങളുമൊക്കെ തകർക്കപ്പെടുന്നതിൽ ഖുർആൻ ഉത്കണ്ഠപ്പെടുന്നത്? മറ്റു സമുദായങ്ങൾ ആരാധിക്കുന്നവയെ നിങ്ങൾ വിളിച്ചു ആക്ഷേപിക്കരുതെന്ന് പരാമർശിക്കുന്ന ഭാഗത്തും ഖുർആൻ ഇതേ ആശയം മുന്നോട്ടു വെച്ചിട്ടുണ്ട്. അല്ലാതെ പലരും പറയുന്നത് പോലെ നാം ആർക്കൊക്കെയോ വേണ്ടി ലിബറൽ മുസ്‌ലിംകളാവുകയല്ല, സാഹചര്യം ആവശ്യപ്പെടുന്ന യഥാർത്ഥ ഇസ്‌ലാമാണത്.

**● *'ദർശന' ഏറെ പ്രതീക്ഷ നൽകിയാണ് കടന്നുവരുന്നത്. നമ്മുടെ 'കേറോഫിലും ഒരു ചാനൽ' എന്ന 'മുട്ടി'നപ്പുറം ദർശനക്ക് പിടിച്ചുനിൽക്കാനാവില്ല എന്നൊരു സ്വകാര്യ ശ്രുതി ചിലർ പരത്തുന്നുണ്ടല്ലോ?***

'ദർശന' ചാനൽ ഒരു 'മുട്ട്' മാത്രമൊന്നുമല്ല. വളരെ ആസൂത്രിതമായി തന്നെയാണ് അതിന്റെ പിന്നണി പ്രവർത്തനങ്ങൾ നടക്കുന്നത്. സ്റ്റുഡിയോ ഇതിനകം വെളിച്ചം കണ്ടിട്ടുണ്ട്. ഒരു ഇസ്‌ലാമിക ചാനലിന്റെ അഭാവം മലയാള മുസ്‌ലിംകൾ നന്നായി അനുഭവിക്കുന്നുണ്ട്. ചാനൽ ആർക്കും മറുപടിയോ ബദലോ അല്ല. ഗൾഫ് നാടുകളിലെ സമുദായ സ്നേഹികളുടെ നിരന്തരമായ അഭ്യർത്ഥനയാണ് 'ദർശന'യായി മൊട്ടിട്ടത്. പ്രസ്ഥാന ബന്ധുക്കളേക്കാൾ കൂടുതൽ ഇത്തരം ഒരു ചാനൽ തുടങ്ങാൻ ഹൃദയപൂർവ്വം ആവശ്യപ്പെടുന്നത്




നെറികെട്ട ചാനൽ സംസ്കാരത്തിന്റെ ഇരകളാകേണ്ടിവരുന്ന മതേതര വിശ്വാസികൾ കൂടിയാണ്. തീർച്ചയായും ദർശനക്ക് നിഷേധിക്കാനാവാത്ത ഒരിടം ഇന്നിവിടെയുണ്ട്. 'വാർത്തകളില്ലല്ലോ' എന്ന പരാതിയാണ് പലരും വലിയ ഇഷ്യൂവാക്കി പറയുന്നത്. പ്രാസ്ഥാനിക സംബന്ധമായ ന്യൂസുകൾ തീർച്ചയായും ഉണ്ടാകും.

'ദർശന' പൗരശ്രദ്ധ പിടിച്ചുപറ്റും. കാരണം, മറ്റു ചാനലുകളെല്ലാം ഫോക്കസ് ചെയ്യുന്നത് ഒരേ മേഖലയാണ്. വർത്തകപ്രവർത്തകന്റെയും അവതാരകന്റെയും കഴിവും മികവുമനുസരിച്ച് ചിലത് പ്രത്യക്ഷത്തിൽ ഭിന്നമാകുന്നു എന്നു മാത്രം. എല്ലാറ്റിന്റെയും ആംഗിൾ ഒന്നു തന്നെയാണ്. പക്ഷേ, 'ദർശന' പ്രകാശനം ചെയ്യുന്നത് വേറിട്ട മൗലികമായ മേഖലകളായിരിക്കും. 'Imitations of the stories' നമുക്ക് വേണ്ട. ഈ തരത്തിൽ ചാനൽ പച്ചപിടിച്ചാൽ പിന്നെ പരസ്യക്കാർ ഓടിവരില്ലേ. കാരണം, ഇന്ന് വിപണിയിലിറങ്ങുന്ന ഏത് ഉരുപ്പടിയുടെയും ഒന്നാംകിട മാർക്കറ്റ് നമ്മുടെ വീടും മുറ്റവും അടുക്കളയും ഒക്കെ തന്നെയാണ്. അപ്പോൾ നമ്മുടേതായ ചില സാംസ്കാരിക നിലപാടുകളും നിബന്ധനകളും നാം പരസ്യക്കാരോട് പറയും, അത്ര തന്നെ.

**● *പ്രസ്ഥാനവും പാണക്കാട് കുടുംബവും തമ്മിലുള്ള ബന്ധത്തെ എങ്ങനെ വിലയിരുത്തുന്നു?***

പാണക്കാട് കുടുംബം മുസ്‌ലിം സമുദായ നേതൃത്വത്തിലെ ഐക്കൺ താരങ്ങളാണ്. എല്ലാവരും യോഗ്യരും പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ മുതൽക്കൂട്ടും തന്നെ. അവർ പ്രത്യക്ഷത്തിൽ കാണുന്നത് പോലെയല്ല. എല്ലാവരുടെ അകത്തും സദാ കത്തിത്തിളങ്ങുന്ന വിശുദ്ധിയുണ്ട്. അവർ എല്ലാവരും മാനസികമായി സൂഫികൾ തന്നെയാണ്. ഭംഗിവാക്കല്ല, പലപ്പോഴായി ബോധ്യപ്പെട്ട കാര്യമാണത്. ഹൈദരലി ശിഹാബ് തങ്ങളും സാദിഖലി ശിഹാബ് തങ്ങളും വലിയ തങ്ങളുടെയും ഉമറലി തങ്ങളുടെയുമൊക്കെ മക്കളും നമ്മുടെ കരുത്താണ്. കഴിഞ്ഞ ദിവസം ലിബിയയിൽ നടന്ന അന്താരാഷ്ട്ര സൂഫീ സമ്മേളനത്തിൽ മുനവ്വറലി മോൻ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പല കാഴ്ചപ്പാടുകളും ആഗോളാടിസ്ഥാനത്തിലുള്ളതാണ്. അദ്ദേഹമൊക്കെ പ്രസ്ഥാനത്തിന് വലിയ മുതൽക്കൂട്ടാണ്.

സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങളെ നോക്കൂ. ഒരു സൂഫിയെ പോലെയാണ് അദ്ദേഹത്തിന്റെ നിൽപ്പും ഇരിപ്പും നടപടികളുമെല്ലാം. അധികമാരോടും തങ്ങൾ സംസാരിക്കാറില്ല. തമാശ പറച്ചിലും വളരെ കുറവാണ്. 'ശരിയല്ലത്' എന്ന ഒറ്റവാക്കിന്റെ ശാസന കൊണ്ട് അദ്ദേഹം ഒരുപാട് ബഹളങ്ങളെ മറികടന്നു. മിതഭാഷണം മാത്രമല്ല, സ്മിത ഭാഷണവും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

**വാർത്ത**

# സമസ്തഃ തെക്കൻ മേഖലാ ഉലമാ സമ്മേളനം

*സിദ്ദീഖ് ഫൈസി അമ്മിനിക്കാട്/തിരുവനന്തപുരം*

**തിരുവനന്തപുരം:** തെക്കൻ മേഖലാ ഉലമാ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. തിരുവനന്തപുരം പാളയത്തെ സമ്മേളന നഗരിയിൽ 22ന് രാവിലെ ഒമ്പത് മുതൽ വൈകുന്നേരം അഞ്ചു മണിവരെ നടക്കുന്ന ഉലമാ സമ്മേളനത്തിൽ രണ്ടായിരത്തോളം പേർ പങ്കെടുക്കുമെന്ന് സ്വാഗതസംഘം ചെയർമാൻ ശിഹാബുദ്ദീൻ ഫൈസി കൊല്ലം, കൺവീനർ നസീർ ഖാൻ ഫൈസി, ട്രഷറർ കണ്ടവിളാകം അബ്ദുൽ ഖാദർ ഹാജി എന്നിവർ അറിയിച്ചു.

കൊല്ലൂർവിള ബി.ടി മദ്റസയിൽ നടന്ന ദക്ഷിണ മേഖലാ സ്വാഗതസംഘം യോഗം നസീർഖാൻ ഫൈസി ഉദ്ഘാടനം ചെയ്തു. സയ്യിദ് മുഹ്സിൻ കോയ തങ്ങൾ അധ്യക്ഷത വഹിച്ചു. എസ്.അഹമ്മദ് ഉഖൈൽ സ്വാഗതം പറഞ്ഞു. അഹ്മദ് തേർളായി മുഖ്യപ്രഭാഷണം നടത്തി.

സ്വാഗതസംഘം: സയ്യിദ് ഉബൈദുല്ലാ തങ്ങൾ അൽ ഐദറൂസി, പാനായിക്കുളം അബ്ദുൽ റഹ്മാൻ മുസ്ലിയാർ, ടി.കെ ഇബ്റാഹീം കുട്ടി മുസ്ലിയാർ, കുളപ്പാടം ഇ. ശിഹാബുദ്ദീൻ ഫൈസി, മുഹ്സിൻ കോയ തങ്ങൾ, ഹംസ റഹ്മാനി, ഹക്കീം ഫൈസി, എ. അബ്ദുറഹ്മാൻ മണിയംകുളം, ബദറുദ്ദീൻ (രക്ഷാധികാരികൾ) പി.കെ ശറഫുദ്ദീൻ ബാഖവി (ചെയർമാൻ).

എസ്.അഹമ്മദ് ഉഖൈൽ, സയ്യിദ് അബ്ദുല്ല തങ്ങൾ, മനാഫ് ഫൈസി, ഹദിയത്തുല്ല തങ്ങൾ, സൈഫുദ്ദീൻ ദാരിമി, അയ്യൂബ്ഖാൻ ഫൈസി, അഞ്ചൽ അബ്ദുൽ ഖാദർ, അബ്ദുൽ കരീം, മുത്തലിബ് മുസ്ലിയാർ, ശിഹാബുദ്ദീൻ കാശ്ഫി, അബ്ദുൽ സമദ്, മജീദ് ദാരിമി, ഉമയനല്ലൂർ നിസാർ ഫൈസി (വൈസ് ചെയർമാൻമാർ), തടിക്കാട് ശരീഫ് കാശ്മി (ജനറൽ കൺവീനർ).

ഫസലുദ്ദീൻ ദാരിമി, ഷഹീദ് ഫൈസി, ശംസുദ്ദീൻ മുസ്ലിയാർ, സലീം മന്നാനി, ഇ.എം. ഇബ്റഹീം കുട്ടി മുസ്ലിയാർ, കെ.എസ്.അബ്ദുൽ സലീം മുസ്ലിയാർ, യൂനുസ് മുസ്ലിയാർ, നഹാസ് മുസ്ലിയാർ, എസ്.എം. നിലാമുദ്ദീൻ, മുഹമ്മദ് ഇഖ്ബാൽ, ഇമാമുദ്ദീൻ, മുഹമ്മദ് ഷാ, ജവാദ്, അക്ബർഷാ (കൺവീനർ), കുളപ്പാടം അബ്ദുൽ ജവാദ് ബാഖവി (ട്രഷറർ) .



*സമസ്ത തെക്കൻ മേഖല ഉലമാ സമ്മേളനം കന്യാകുമാരി ജില്ലാ സ്വാഗതസംഘം രൂപീകരണത്തിൽ ജില്ലാ ഖാസി അബൂസ്വാലിഹ് ബാഖവി മുഖ്യപ്രഭാഷണം നടത്തുന്നു*

## സമ്മേളനം വിജയിപ്പിക്കും: എസ്.വൈ.എസ്

**കൊല്ലം:** ജനുവരി 22ന് തിരുവനന്തപുരത്ത് നടക്കുന്ന സമസ്ത കേരള തെക്കൻമേഖല ഉലാ സമ്മേളനം വിജയിപ്പിക്കാൻ എസ്.വൈ.എസ്. കൊല്ലൂർവിള മേഖലാ യോഗം തീരുമാനിച്ചു. പ്രസിഡന്റ് ഉമയനല്ലൂർ നിസാർ ഫൈസി അധ്യക്ഷത വഹിച്ചു. എസ്.വൈ.എസ്. ജില്ലാ ജനറൽ സെക്രട്ടറി എസ്. അഹമ്മദ് ഉഖൈൽ മുഖ്യപ്രഭാഷണം നടത്തി. സയ്യിദ് മുഹ്സിൻ കോയ തങ്ങൾ പ്രാർത്ഥന നടത്തി. നഹാസ് മുസ്ലിയാർ, എസ്.എം.നിലാമുദ്ദീൻ, മുഹമ്മദ് ഇഖ്ബാൽ, മുഹമ്മദ് ഷാ, മുഹമ്മദ് ഉവൈസ് തുടങ്ങിയവർ സംസാരിച്ചു. മെമ്പർഷിപ്പ് ക്യാമ്പയിൻ വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു. കരുണാകരന്റെ നിര്യാണത്തിൽ യോഗം അനുശോച്ചു.


**ഫലപ്രദമായ ചികിത്സ**

**ശക്തിക്കുറവ്, ശ്രീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, മറ്റു ലൈംഗിക രോഗങ്ങൾ, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ, മൂലക്കുരു എന്നിവക്ക് ഫലപ്രദമായ ചികിത്സ.**



ഫിസിഷ്യൻ: **എം.ആർ. കൃഷ്ണൻ**

**R.K. ക്ലിനിക്ക്**

**റൂം നമ്പർ –3, മനഴി ബസ്സ്റ്റന്റ്, ഹോസ്പിറ്റൽ റോഡ്,**

**പെരിന്തൽമണ്ണ. Mob: 9447769061**

(വൈദ്യരത്ന പ്രഭ ഏജൻസി) സമയം 9.30 മുതൽ 6.30 വരെ

വാർത്ത

# രണ്ടായിരത്തോളം ഉലമാക്കൾ പങ്കെടുക്കും

## സമ്മേളന കാര്യപരിപാടി

**പതാകയ ഉയർത്തൽ**
*പാറന്നൂർ ഇബ്രാഹീം മുസ്‌ലിയാർ*

**സെഷൻ -1**

**പ്രാർത്ഥന:** സി. കോയക്കുട്ടി മുസ്‌ലിയാർ
**സ്വാഗതം:** കോട്ടുമല ബാപ്പു മുസ്‌ലിയാർ
**ഉദ്ഘാടനം:**
***സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ***
**അധ്യക്ഷൻ:**
***കാളമ്പാടി എ. മുഹമ്മദ് മുസ്‌ലിയാർ***
**വിഷയാവതരണം:**
***ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ***
**പ്രസംഗം:**
പ്രൊഫ.കെ.ആലിക്കുട്ടി മുസ്‌ലിയാർ
പി.കെ.പി. അബ്ദുസ്സലാം മുസ്‌ലിയാർ
സി.കെ.എം സ്വാദിഖ് മുസ്‌ലിയാർ
**നന്ദി:** ശിഹാബുദ്ദീൻ ഫൈസി കൊല്ലം

**സെഷൻ -2**

**സ്വാഗതം:** പി.പി. മുഹമ്മദ് ഫൈസി
**ഉദ്ഘാടനം:** ടി.കെ.എം. ബാവ മുസ്‌ലിയാർ
**അധ്യക്ഷൻ:** എം.ടി.അബ്ദുല്ല മുസ്‌ലിയാർ
**വിഷയാവതരണം:**
**സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ**
**പ്രസംഗം:**
എം.കെ.എ.കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ
എം.എം.മുഹ്‌യുദ്ദീൻ മുസ്‌ലിയാർ
പി.പി ഉമർ മുസ്‌ലിയാർ
**നന്ദി:** നസീർഖാൻ ഫൈസി

## പ്രചാരണത്തിന് ഉജ്വല തുടക്കം

**തിരുവനന്തപുരം:** തെക്കൻമേഖല ഉലമാ സമ്മേളനത്തിന്റെ പ്രചരണോദ്ഘാടനം ഇല്ലിക്കൽ മുസ്‌ലിം ജമാഅത്ത് ഹാളിൽ സമസ്ത തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറി നസീർ ഖാൻ ഫൈസി നിർവഹിച്ചു.

വ്യവസ്ഥാപിതമായി ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിൽ നിറസാന്നിധ്യമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് കേരളത്തിലും മറ്റു സ്ഥലങ്ങളിലും ഇസ്‌ലാമിക തനിമ നിലനിർത്താൻ സാധിച്ചുവെന്നും യഥാർത്ഥ ഇസ്‌ലാമിക സരണി സമൂഹത്തിന് ലഭ്യമാക്കലാണ് സമസ്തയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

എം.ഒ.ശരീഫ് ദാരിമി അധ്യക്ഷത വഹിച്ചു. അഹ്മദ് തേർളായി,സിദ്ദീഖ് ഫൈസി അമ്മിനിക്കാട്, എം.കെ.മുഹമ്മദ് ഫൈസി, അബ്ദുൽ അസീസ് സഖാഫി, ഹാജി പി. മരക്കാർ മൗലവി, ശാഹുൽ ഹമീദ്, കെ.എ.അബ്ദുൽ ഖാദർ, എസ്. അഹമ്മദ് റാവുത്തർ, കെ.കെ.കൊച്ചുണ്ണി ഹാജി, കെ.എസ്. കുഞ്ഞു മൊയ്തീൻ മുസ്‌ലിയാർ, കെ.എ.ഫരീദ് ഹാജി, പി.എ. ഇബ്രാഹീം മുസ്‌ലിയാർ, മുഹമ്മദ് നിയാസ് മള്ഹരി പ്രസംഗിച്ചു.



*സമസ്ത തെക്കൻ മേഖല ഉലമാ സമ്മേളന പ്രചരണാർത്ഥം കോട്ടയത്ത് നടന്ന കൺവൻഷനിൽ ഒ.എം. ശരീഫ് ദാരിമി അധ്യക്ഷപ്രസംഗം നടത്തുന്നു*

## കന്യാകുമാരി ജില്ലാ സ്വാഗതസംഘം പ്രവർത്തനം ഊർജ്ജിതമാക്കി

**കന്യാകുമാരി:** ജനുവരി 22ന് തിരുവനന്തപുരത്ത് നടക്കുന്ന തെക്കൻമേഖലാ ഉലമാ സമ്മേളനത്തിന്റെ പ്രചരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ജില്ലാ സ്വാഗതസംഘം വിവിധ പദ്ധതികളാവിഷ്കരിച്ചു.

സ്വാഗതസംഘം ഭാരവാഹികളായി അബൂസ്വാലിഹ് ഫൈസി വിഴിഞ്ഞം (ചെയർമാൻ), യഹ്‌യ നിസാമി തക്കല (ജനറൽ കൺവീനർ), ഷാഹുൽ ഹമീദ് മുസ്‌ലിയാർ കളിയാക്കാവിള( ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

കന്യകുമാരി ജില്ലാ ഗവൺമെന്റ് ഖാസി ആർ.എൻ.കെ. അബൂസ്വാലിഹ് ബാഖവി മുഖ്യപ്രഭാഷണം നടത്തി.

സാധാരണ ജനങ്ങൾ അഹ്‌ലുസുന്നത്തിവൽജമാഅ മനസ്സിലാക്കിയതു സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിലൂടെയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

യഹ്‌യ നിസാമി തക്കല അധ്യക്ഷത വഹിച്ചു. സഊദ് മുസ്‌ലിയാർ വിഴിഞ്ഞം ഉദ്ഘാടനം ചെയ്തു.

ശാഹുൽ ഹമീദ് ആലിം അൻവരി, അഹ്മദ് തേർളായി, സിദ്ദീഖ് ഫൈസി അമ്മിനിക്കാട്, നസീർഖാൻ ഫൈസി വളക്കാട്, എസ്. അഹ്മദ് റശാദി ചുള്ളിമാനൂർ, അബ്ദുൽ കബീർ ദാരിമി വിഴിഞ്ഞം, സൈനുൽ ആബിദീൻ മളാഹിരി മാർത്താണ്ഡം, അബ്ദുൽ സലാം ജലാലി കുളച്ചാൽ, ശാജഹാൻ ജലാലി പേർക്കിളമ്പി എന്നിവർ പ്രസംഗിച്ചു.

വിചാരപഥം
▸▸ പിണങ്ങോട്

# ...നിലവാരം പുലർത്തി

**2011** ജനുവരി 3 തിങ്കൾ സിറാജ് പത്രം ഒരു കത്ത് പ്രസിദ്ധീകരിച്ചുകണ്ടു. ഏതാനും കോപ്പികളും ചുരുങ്ങിയ വായനക്കാരും, പൊതുവെ ദുർബല പിന്നെ ഗർഭിണിയുമെന്നപോലെ ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ഇത്തരം കത്തുകളുമായാൽ ആ പത്രം ഗുണം പിടിക്കാനവരും ഇഷ്ടപ്പെടുന്നില്ലെന്നു വേണം മനസ്സിലാക്കാൻ.

എന്നെ കണക്കറ്റ് ശകാരിച്ചിട്ടുണ്ട്. ഭാഷകൾ ...നിലവാരം നിലനിർത്തിയിട്ടുണ്ട്. എന്തിനുവേണ്ടി ആ ഗ്രൂപ്പുണ്ടായോ അത് തുടരുന്നുണ്ടെന്ന് സാരം. ജന്മവൈകല്യം വേട്ടയാടുകയാണവരെ; കണ്ണിയത്ത് ഉസ്താദിന്റെ പ്രാർത്ഥനയും.

എന്താണിത്ര ഗുരുതരമായ പ്രകോപനത്തിന് കാരണമെന്ന് മനസ്സിലായില്ല. ശംസുൽ ഉലമയുടെ മഖ്ബറ സിയാറത്ത് ചെയ്യാതെ മഹാനവർകളുടെ ശിഷ്യരടങ്ങിയ എട്ടംഗസംഘം പുറത്ത് നിന്ന് കൊടി കൊടുത്തു പടമെടുത്ത നടപടി അദബുകേടായി എന്നേ ഞാനെഴുതിയിട്ടുള്ളൂ.

നാദാപുരത്ത് ഒരു അറവുമാട് പ്ലാസ്റ്റിക് മാലിന്യം തിന്നത് വാർത്തയായിരുന്നു. മാലിന്യം കുന്നുകൂടി വരുന്ന ഇക്കാലത്ത് വിശുദ്ധി സൂക്ഷിക്കാൻ എല്ലാവരും കടപ്പെട്ടവരാണെന്നും ഇക്കാര്യത്തിൽ പൊതുജനം ഏറെ സംശയിക്കപ്പെട്ട വിഭാഗമെന്ന നിലക്ക് കുറിപ്പുകാരന്റെ ഗ്രൂപ്പ് ശ്രദ്ധിക്കുന്നത് നല്ലതാണെന്നും ഞാനെഴുതിയിരുന്നു.

ഒരു തിന്മ കണ്ടാൽ കൈ കൊണ്ട് തടയണമെന്നാണ് തിരുവചനം. സാധ്യമെങ്കിൽ നാവുകൊണ്ടെങ്കിലും തടയണമെന്നും ഹദീസിലുണ്ട്. ഇക്കാര്യം അങ്ങേതലക്കലുള്ളവർക്കറിയാതെ വരാനിടയില്ല. നന്നാവട്ടെ എന്നു കരുതിയതിനാണ് എനിക്ക് നന്നായി പഴികിട്ടിയത്. അതാണെങ്കിലോ വധഭീഷണിയുടെ സ്വരത്തിലും. കീടനാശിനി ഒഴിച്ച് ശരിയാക്കികളയണമെന്നാണ് മാന്യസ്നേഹിതൻ ഉപദേശിച്ചത്.

ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിൽ 78 മുതൽ ചിലർ നടത്തിയ 'തുരപ്പൻ' ഏർപ്പാട് സാത്വികരായ ഉലമാക്കൾ സഹിച്ചു പോന്നു. മസ്‌ലഹത്തിലെത്തിക്കാൻ അങ്ങേയറ്റം ശ്രമിച്ചു. നന്നാവില്ലെന്ന വാശിയിൽ കമ്യൂണിസ്റ്റുകാരന്റെ ഊരയിൽ കയറി ചിലർ പിരിഞ്ഞുപോയി. മുഗൾ ലോഡ്ജിൽ ശംസുൽ ഉലമാ കാത്തുനിന്ന കഥയും നടക്കാതെപോയ മസ്‌ലഹത്തും ചരിത്രം.

തുടർന്ന് 22 വർഷങ്ങളായി മസ്‌ലഹത്ത് ചർച്ചകൾ നടക്കുന്നു. അങ്ങേയറ്റം സ്വാഗതാർഹം തന്നെ. സ്ഥാപന സമ്മേളനവും തെരഞ്ഞെടുപ്പും വരുമ്പോൾ ഈ ചർച്ചയുടെ 'മൺസൂൺ' കാലമാവും. അതൊക്കെ നാട്ടുനടപ്പ്!

ഇതൊന്ന് ഒന്നിച്ചുകിട്ടി ശക്തിപ്പെട്ടു ശരിയാവണമെന്ന് കരുതിയാണ് സുമനസുകൾ 'ഐക്യാഹ്വാനവുമായി' രംഗത്ത് വരാറുള്ളത്. ആ നല്ല ചിന്തകൾ, നീക്കങ്ങൾ, സുകൃത വിചാരങ്ങൾ, അധ്വാനങ്ങൾ, ആഗ്രഹങ്ങൾ ബഹുമാനപ്പെട്ട സമസ്ത പലയാവർത്തി സ്വാഗതം ചെയ്തിട്ടുണ്ട്; അനുമോദിച്ചിട്ടുണ്ട്; അംഗീകരിച്ചിട്ടുണ്ട്; ആദരിച്ചിട്ടുണ്ട്. പിന്നെ എന്താണൊരു തടസമെന്നാവും ചിന്ത. ആദ്യം വേണ്ടത് 'ഇഖ്‌ലാസാണ്' -നല്ല വിചാരം വേണം. ചെയ്തുപോയ അബദ്ധങ്ങൾ തിരിച്ചറിയണം. ശരി അംഗീകരിക്കാൻ മനസ്സു കാണിക്കണം. പൂർവ്വോപരി മത മാനം ബഹുമാനിക്കപ്പെടണം.

വംശനാശ ഭീഷണി ഉയരുമ്പോൾ പിടിച്ചു നിൽക്കാനുള്ള കുറുക്ക്‌വിദ്യയാവരുത്. കുറിപ്പുകാരൻ സുഹൃത്ത് എഴുതിയത് ഇരുപക്ഷത്തും തെറ്റ് പറ്റിയെന്നാണ്. അത് ശരിയല്ല. വരക്കൽ മുല്ലക്കോയ തങ്ങളാൽ രൂപീകൃതമായ തികച്ചും മുബാറക്കായ പ്രസ്ഥാനമാണ് സമസ്ത. അതിന്റെ എട്ടരപ്പതിറ്റാണ്ടിന്റെ ചരിത്രത്തിൽ ശരികളല്ലാതെ തെറ്റ് പിണഞ്ഞിട്ടില്ല. പ്രത്യേകിച്ചും കണ്ണിയത്ത് ഉസ്താദ്, ശംസുൽ ഉലമ എന്നീ രണ്ട് മഹാപുരുഷൻമാർ നേതൃത്വത്തിലുള്ളപ്പോഴാണല്ലോ മേൽപ്രശ്നം ഉണ്ടായത്. അന്ന് തെറ്റു പറ്റിയത് സമസ്തക്കല്ല, ഇറങ്ങിപ്പുറപ്പെട്ടവർക്കാണ്. അപ്പോൾ ശരി അംഗീകരിക്കാനുള്ള മടി തുടരുകയാണിപ്പോഴുമെന്ന് ചുരുക്കം.

ബഹുമാനപ്പെട്ട സമസ്ത കേരള ജംഇയ്യത്തുൽ ഉലമ തലയെടുപ്പുള്ള സൂക്ഷ്മശാലികളായ ഉലമാക്കളുടെ സംഘടനയാണ്. അതിന്റെ എല്ലാ നീക്കങ്ങളും അല്ലാഹുവിന്റെ പൊരുത്തം ലക്ഷ്യമാക്കി മാത്രമാണ്. ഇനിയും അത് തുടരും. എന്തുകൊണ്ടെന്നാൽ അതൊരു 'മുബാറക്കായ' കൂട്ടായ്മയാണ്. അതിന്റെ വൻസ്വീകാര്യത തന്നെ ഇതിലേക്ക് തെളിവാണല്ലോ.

സദുദ്ദേശ്യത്തോടെയാണ് ഒന്നിക്കണമെന്നു പറയുന്നതെങ്കിൽ എന്തിന് നൂറുകൂട്ടം സങ്കീർണതകൾ? എന്തിന് കാലതാസമം? എന്തിന് മർമ്മങ്ങൾ നോക്കണം? ദീനാണല്ലോ മുഖ്യം. ദീനീ ദഅ്‌വത്തിന് അഹ്‌ലുസ്സുന്നയുടെ വഴിയിലൊന്നിക്കാൻ എന്താണൊരു കടമ്പ? ഇരുകരവും നീട്ടി മാറോടണച്ചു സ്വീകരിച്ചുകൊള്ളാമെന്ന് എത്രതവണയായി ഉലമാക്കൾ പറയുന്നു.

ഐക്യമല്ല ഐക്യചർച്ച മതിയെന്നാണെങ്കിൽ നിവർത്തിയില്ല. പിന്നെ കുറിപ്പുകാരൻ പറഞ്ഞ 'ഖിലാഫ് ഖദ്റ്' ശരിയാണ്. ഇതൊക്കെ ഖിലാഫ് തന്നെ. എന്നാൽ, ഖിലാഉകൾ ആവർത്തിക്കാനാവരുത് പ്രവൃത്തികൾ. ഒന്നിക്കാനാണ് ഖിലാഫ് എങ്കിൽ അന്നും പറയാനുള്ളത് മുകളിൽ സൂചിപ്പിച്ചതു തന്നെയാണ്. വ്യാജം പറയരുത്, പ്രവർത്തിക്കരുത്, വിശുദ്ധിവേണം, മാതൃകാ പുരുഷൻമാരാവണം, രാഷ്ട്രീയക്കാരെ പോലെ കാര്യം കാണാൻ എന്തുമാവാമെന്നാവരുത്, ദീനിന്റെ ആദാബുകൾ പാലിക്കണം, ഉഖ്റവിയ്യായ ഉലമാഇന്റെ ശീലം ഉണ്ടാവണം. ഇതൊക്കെ ഉണ്ടായാലേ സഹോദരാ ജനം അംഗീകരിക്കൂ, സ്വീകരിക്കൂ, അല്ലാഹുവിന്റെ തൗഫീഖ് ലഭിക്കൂ. അല്ലെങ്കിൽ മാതൃഭൂമി പത്രവും കൈരളി ചാനലും നൽകുന്ന പരസ്യത്തിലൊതുങ്ങും. 22 കൊല്ലം കൊണ്ട് ഇതൊന്നും മനസ്സിലാവാതെ വന്നില്ലെന്നാണെങ്കിൽ ഒന്നും പറയാനില്ല. എന്നെ അറപ്പുതോന്നുന്ന ഭാഷയിൽ തെറിവിളിച്ചു ആത്മസുഖം കിട്ടുമെങ്കിൽ അതായിക്കോട്ടെ. പക്ഷേ, ദീനിന്റെ മസ്‌ലഹത്താണാഗ്രഹമെങ്കിൽ ഇഖ്‌ലാസോടെ എഴുതാനും പ്രസംഗിക്കാനും പ്രവർത്തിക്കാനും പഠിക്കുക; പരിശ്രമിക്കുക. അല്ലാഹു ഖൈറിലാക്കട്ടെ, ആമീൻ.